# എടപ്പാളിലും അങ്ങാടിപ്പുറത്തും ഗ്രാമന്യായാലയങ്ങൾ

**മഞ്ചേരി:** സാധാരണക്കാർക്ക് നീതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഗ്രാമന്യായാലയങ്ങൾ ജില്ലയിൽ രണ്ടിടത്ത് വരുന്നു. എടപ്പാൾ, അങ്ങാടിപ്പുറം എന്നിവിടങ്ങളിലാണ് ഗ്രാമീണകോടതികൾ വരുന്നത്. കേസുകളിൽപ്പെട്ട് വർഷങ്ങളോളം കോടതികൾ കയറിയിറങ്ങേണ്ടിവരുന്ന ആയിരങ്ങൾക്ക് ഇവ സഹായമാകും. സിവിൽ, ക്രിമിനൽ കേസുകൾ ഇവിടെ പരിഗണിക്കും. ജില്ല, സെഷൻസ് കോടതിയിലാണ് അപ്പീൽ നൽകേണ്ടത്. ഗ്രാമക്കോടതിയിലെ ന്യായാധിപൻെറ നിയമനം ഹൈക്കോടതിയുടെ ചുമതലയാണ്.

സെക്രട്ടറി, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്, ആമീൻ, ഡ്രൈവർ, മൂന്ന് പ്യൂൺ എന്നിങ്ങനെ എട്ട് തസ്തികകളാണ് ഓരോ ഗ്രാമക്കോടതിയിലുമുള്ളത്. കെട്ടിടംപണിയാൻ 10 ലക്ഷവും വാഹനത്തിന് അഞ്ചുലക്ഷവും ഓഫിസ് ഉപകരണങ്ങൾക്ക് മൂന്നുലക്ഷവും ഉൾപ്പെടെ 18 ലക്ഷം രൂപയാണ് ഒരു ഗ്രാമന്യായാലയം സ്ഥാപിക്കാൻ കേന്ദ്രസർക്കാർ നൽകുന്നത്. ജീവനക്കാരുടെ ശമ്പളത്തിൻെറ പകുതി ആദ്യ മൂന്നുവർഷത്തേക്ക് കേന്ദ്രം വഹിക്കും.

ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കാൻ 2012ൽ കേന്ദ്രസർക്കാർ അനുമതി നൽകിയിരുന്നെങ്കിലും നടപ്പായില്ല.

സംസ്ഥാനത്ത് 30 ഗ്രാമ ന്യായാലയം തുടങ്ങാനായിരുന്നു അനുമതിനൽകിയത്. ഗ്രാമ ന്യായാലയങ്ങൾക്ക് കേന്ദ്രസർക്കാർ ഇതിനകം അനുവദിച്ച 20 കോടി രൂപ വിനിയോഗിക്കാനായില്ല. 2012-13 ബജറ്റിൽ അഞ്ചുകോടിയോളം രൂപ വകയിരുത്തിയിരുന്നു. എന്നാൽ തുക പാഴായി.

# വേണ്ടത്ര മജിസ്ട്രേറ്റ് കോടതികളില്ല; 33,523 കേസ് കെട്ടിക്കിടക്കുന്നു

**ാലക്കാട്:** മജിസ്ട്രേറ്റ് കോട ികളുടെ കുറവുകാരണം ജില്ല ിൽ തീർപ്പാകാതെ കിടക്കുന്ന ് 33,523 കേസ്. ഇതിൽ ഒരു ർഷത്തിലേറെയായി കെട്ടി ിടക്കുന്നത് 26,654 കേസാ ണ്. 2015 നവംബർവരെയുള്ള ണക്കാണിത്.

ജില്ലയിൽ എട്ട് മജിസ്ട്രേറ്റ് കോടതികളാണുള്ളത്. കേസു ം പരിഹരിക്കാൻ ഇവ മതി ാകാത്ത സാഹചര്യമാണുള്ള ്. പാലക്കാട്ട് മൂന്ന് ഫസ്റ്റ്ക്ലാസ് ജിസ്ട്രേറ്റ് കോടതികൾകൂടാതെ മണ്ണാർക്കാട്, ചിറ്റൂർ, പട്ടാമ്പി, ആലത്തൂർ, ഒറ്റപ്പാലം എന്നിവിടങ്ങളിലാണ് മജിസ്ട്രേറ്റ് കോടതികളുള്ളത്.

ഒരുമാസത്തിൽ ശരാശരി 2,500 കേസാണ് ഓരോ കോടതിയിലുമെത്തുന്നത്. ഇതിൽ സ്വകാര്യ അന്യായങ്ങളും പോലീസ് കേസുകളും ഉൾപ്പെടും. 2,103 എണ്ണമാണ് ഇതിൽ തീർപ്പാക്കിയിട്ടുള്ളത്. കഴിഞ്ഞ നവംബറിലെ കണക്കാണ്. എല്ലാ മാസത്തെയും കണക്കെടുത്താൽ ഈ കേസുകളെല്ലാം പരിഗണിക്കണമെങ്കിൽ വർഷങ്ങൾ വേണ്ടിവരും.

ആലത്തൂർ-5,588, ഒറ്റപ്പാലം-4,924, ചിറ്റൂർ-4,683, മണ്ണാർക്കാട്-4,291, പാലക്കാട് നമ്പർ 3 മജിസ്ട്രേറ്റ് കോടതി-4,151 എന്നിങ്ങനെയാണ് തീർപ്പാകാത്ത കേസുകളുടെ എണ്ണം. ഇതിൽ ചിറ്റൂർ കോടതിയിൽ ഇപ്പോൾ പരിഗണിക്കുന്നത് 2010 വരെയുള്ള കേസാണ്. അതിനുശേഷമുള്ളവ വിചാരണയ്ക്കെടുക്കണമെങ്കിൽ വർഷങ്ങൾ കഴിയും. ഒരു കേസിൽ ശരാശരി പത്ത് സാക്ഷികൾവീതമുണ്ടെങ്കിൽ തീർപ്പാകാത്ത 33,523 കേസുകളിലെ സാക്ഷികളുടെ എണ്ണം 3,35,230 വരും. കേസ് തീർപ്പാക്കാൻ വർഷങ്ങൾ വേണ്ടിവരുമ്പോൾ ഈ സാക്ഷികൾ മരണപ്പെടാനോ അസുഖം ബാധിക്കാനോ ഉള്ള സാധ്യതയും തള്ളിക്കളയാനാവില്ല.

അടിപിടിക്കേസുകളിലും സാക്ഷിവിസ്താരത്തിനും മറ്റുമായി അധികസമയം വേണ്ടിവരാറില്ല. എങ്കിലും സാമ്പത്തികക്രമക്കേടുകൾ പോലെയുള്ള കേസുകളിൽ നിരവധി സാക്ഷികളെ വിസ്തരിക്കേണ്ടിവരികയും ധാരാളം രേഖകൾ പരിശോധിക്കേണ്ടിവരികയും ചെയ്യും. ഇതിന് കാലതാമസമെടുക്കും. കോടതികളുടെ കുറവ് ഇത്തരത്തിലുള്ള കേസുകളെ കാര്യമായി ബാധിക്കും. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി കൂടുതൽ മജിസ്ട്രേറ്റ് കോടതികൾ ജില്ലയിൽ കൊണ്ടുവരണമെന്ന് വിശ്വാസ് സംഘടന ചീഫ് ജസ്റ്റിസിനോടാവശ്യപ്പെട്ടിട്ടുണ്ട്.

◆ വാർത്തകൾ ◆

# സ്ത്രീകളുടെയും കുട്ടികളുടെയും വിൽപ്പന ശിക്ഷാർഹമാക്കണം -ഹൈക്കോടതി

**കൊച്ചി:** സ്ത്രീകളെയും കുട്ടികളെയും വിൽക്കുന്നത് ശിക്ഷാർഹമാക്കാൻ ഇന്ത്യൻ ശിക്ഷാ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന ദേശീയ നിയമ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കാൻ ഹൈക്കോടതി ഉത്തരവിട്ടു.

കേന്ദ്ര സാമൂഹിക നീതി -സ്ത്രീശാക്തീകരണ മന്ത്രാലയത്തിന് വിധിയുടെ ഒരു കോപ്പി ഹൈക്കോടതി അയച്ചുകൊടുക്കുന്നുണ്ട്.

ദേശീയ നിയമ കമ്മീഷൻ 1993ൽ കേന്ദ്ര സർക്കാരിന് നൽകിയ 146-ാം റിപ്പോർട്ടിലാണ് ശുപാർശകളുള്ളത്. മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് കെ. എൻ. സിങ് ആയിരുന്നു കമ്മീഷൻ അധ്യക്ഷൻ. നീണ്ട ഇരുപത് വർഷംകഴിഞ്ഞിട്ടും റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിയിട്ടില്ല.

ഇന്ത്യയിൽ നിരവധി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ദരിദ്രർക്കും ദുർബല വിഭാഗങ്ങൾക്കുമിടയിലാണ് സ്ത്രീകളെയും കുട്ടികളെയും പണത്തിന് വേണ്ടി വിൽക്കുന്ന സ്ഥിതി നിലവിലുള്ളത്. നിയമ കമ്മീഷൻ ഈ സാമൂഹിക തിന്മയെ ഉന്മൂലനം ചെയ്യാൻ സ്വമേധയ ആണ് പ്രശ്നം പരിശോധിച്ച് അന്നത്തെ പ്രധാനമന്ത്രി പി.വി. നരസിംഹറാവുവിനും നിയമ മന്ത്രി എച്ച്.ആർ. ഭരദ്വാജിനും റിപ്പോർട്ട് നൽകിയത്. ഈ തിന്മ തടയാൻ ഇന്ത്യൻ ശിക്ഷാ നിയമത്തിന് പ്രത്യേകമായി വകുപ്പുകൾ ഇല്ലെന്ന് കമ്മീഷൻ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

കാസർകോട്ടുള്ള പ്രേമ എന്ന സ്ത്രീയും ഭർത്താവും ചേർന്ന് തങ്ങളുടെ രണ്ട് കുട്ടികളെ മംഗലാപുരത്തുള്ള ഒരു ഇടനിലക്കാരൻ വഴി വിറ്റുവെന്നാണ് പോലീസ് കേസ്.

കസ്റ്റഡിയിൽ കഴിയുന്ന പ്രേമ ജാമ്യത്തിനായി ഹൈക്കോടതിയെ സമീപിച്ചു. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 317, 370 എ എന്നീ വകുപ്പുകൾ അനുസരിച്ചാണ് ഹർജിക്കാരിയായ പ്രേമക്കെതിരെ പോലീസ് കേസ് എടുത്തിട്ടുള്ളത്. പ്രായപൂർത്തിയാകാത്ത കുട്ടിയെ ഉപേക്ഷിക്കാനുള്ള ഉദ്ദേശ്യത്തോടെ അച്ഛനോ അമ്മയോ ചെയ്യുന്ന പ്രവൃത്തിയെ കുറിച്ചാണ് 317-ാം വകുപ്പ് വിവരിക്കുന്നത്. 370-ാം വകുപ്പ് അനുസരിച്ച് ലൈംഗികമായി ചൂഷണം ചെയ്യപ്പെടുന്നതിനുള്ള വഴി ഒരുക്കുന്നതാണ് ശിക്ഷാർഹമായ നടപടി. എന്നാൽ കുട്ടികളെ വിൽക്കുന്ന പ്രവൃത്തി ഹർജിക്കാരി ചെയ്തിട്ടുള്ളത് പ്രസ്തുത വകുപ്പുകളുടെ പരിധിയിൽ വരില്ലെന്നാണ് ഹൈക്കോടതിയെ സർക്കാർ അറിയിച്ചത്. ഏതാനും വ്യവസ്ഥകൾക്ക് വിധേയമായി ഹർജിക്കാരിക്ക് ഹൈക്കോടതി ജാമ്യം നൽകുകയും ചെയ്തു.

ഈ കേസ് പരിശോധിക്കവെയാണ് ദേശീയ നിയമ കമ്മീഷന്റെ 1993ലെ സുപ്രധാനമായ ശുപാർശകൾ നടപ്പിലാക്കിയിട്ടില്ലെന്ന് ഹൈക്കോടതി കണ്ടെത്തിയത്. നിലവിലുള്ള ഇന്ത്യൻ ശിക്ഷാ നിയമം കൊണ്ട് സ്ത്രീകളെയും കുട്ടികളെയും വിൽപ്പന നടത്തുന്ന സാമൂഹിക തിന്മയെ നേരിടാൻ കഴിയില്ലെന്ന് ഹൈക്കോടതി പറഞ്ഞു.

# VISWAS Urges Govt to Bifurcate Existing Magistrate Courts

**Express News Service**

**Palakkad:** The Victims Information, sensitization, welfare and Assistance society (VISWAS) has called on the Government and the Kerala High Court to set up new Magistrate courts by bifurcating the existing Magistrate courts so that cases are disposed off speedily.

In a district where there is a large backlog of cases against women and scheduled castes and tribes, the last Magistrate court was set up at Mannarkad in the year 1970.

Inspite of the fact that the number of criminal cases have increased manifold, new magistrate courts have not been set up for the last 45 years.

The society said that in Chittur where there were a large number of economic offences, the cases which were now being taken up was related to those filed in 2010. The society suggested that in order to deliver speedy justice there was the need to bifurcate the Chittur magistrate court to set up one in Kollengode, the Mannarkad magistrate court can be bifurcated to set up another at Attappadi and the Ottappalam, Alathur and Pattambi courts can also be bifurcated and new ones set up.

District Collector P Marykutty Isaac presided over the meet.

**Inspite of the fact that the number of criminal cases have increased, new magistrate courts have not been set up for the last 45 years**

# ജില്ലയിൽ പുതിയ മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കണം -വിശ്വാസ്

**പാലക്കാട്:** ജില്ലയിലെ മജിസ്ട്രേറ്റ് കോടതികൾ വിഭജിച്ച് പുതിയ കോടതികൾ സ്ഥാപിക്കണമെന്ന് ഇരകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് ആവശ്യപ്പെട്ടു.

പാലക്കാട്ട് ഏറ്റവും അവസാനത്തെ മജിസ്ട്രേറ്റ് കോടതി സ്ഥാപിച്ചത് 1970ൽ മണ്ണാർക്കാട്ടാണ്.

ക്രിമിനൽകേസുകളുടെ എണ്ണം നിരവധിമടങ്ങ് വർധിച്ചിട്ടും ഒരു മജിസ്ട്രേറ്റ് കോടതിപോലും പുതുതായി തുടങ്ങിയില്ല. ചിറ്റൂർ കോടതിയിൽ ഇപ്പോൾ 2010വരെയുള്ള കേസുകളാണ് വിചാരണയ്ക്കെടുത്തിട്ടുള്ളത്.

ചിറ്റൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, പട്ടാമ്പി മജിസ്ട്രേറ്റ് കോടതികൾ വിഭജിച്ച് കൊല്ലങ്കോട്, അട്ടപ്പാടി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പുതിയ കോടതികളും ജില്ലയ്ക്ക് അനുവദിച്ച ഗ്രാമന്യായാലയങ്ങളും ഉടൻ സ്ഥാപിക്കണം.

വിശ്വാസ് പ്രസിഡൻറുകൂടിയായ കളക്ടർ പി. മേരിക്കുട്ടി അധ്യക്ഷയായി. സെക്രട്ടറി പി. പ്രേംനാഥ്, ബി. ജയരാജൻ, അഡ്വ. ഗിരിഷ് മേനോൻ, എ.പി. സുകുമാരൻ, ഡോ. തോമസ് ജോർജ്, ഫാ. ജോസ് പോൾ, അഡ്വ. റീന, വി.പി. കുര്യാക്കോസ്, അഡ്വ. ശാന്താദേവി എന്നിവർ പ്രസംഗിച്ചു.

# റാഗിങ് നിയമങ്ങൾ കാലഘട്ടത്തിന് അനുസരിച്ച് പരിഷ്കരിക്കണം -ആർ. നടരാജൻ



വിശ്വാസ് പാലക്കാട് ജില്ലാ ലൈബ്രറി ഹാളിൽ നടത്തിയ റാഗിങ് നിരോധനനിയമത്തെക്കുറിച്ചുള്ള ശില്പശാല മനുഷ്യാവകാശക്കമ്മീഷൻ അംഗം ആർ. നടരാജൻ ഉദ്ഘാടനം ചെയ്യുന്നു

**പാലക്കാട്:** റാഗിങ് നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കണമെന്നും കേസുകൾ എത്രയും വേഗം വിചാരണ ചെയ്ത് കുറ്റവാളികൾക്ക് പരമാവധി ശിക്ഷ നൽകണമെന്നും മനുഷ്യാവകാശക്കമ്മീഷൻ അംഗം ആർ. നടരാജൻ അഭിപ്രായപ്പെട്ടു.

റാഗിങ് കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിശ്വാസ് പാലക്കാട് ജില്ലാ ലൈബ്രറി ഹാളിൽ നടത്തിയ റാഗിങ് നിരോധനനിയമത്തെക്കുറിച്ചുള്ള ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 16 വർഷങ്ങൾക്കുമുമ്പ് നിലവിൽ വന്ന നിയമത്തിൽ, റാഗിങ് സംബന്ധിച്ച പരാതി വിദ്യാഭ്യാസസ്ഥാപനങ്ങളുടെ തലവന്മാർക്ക് എഴുതിക്കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. വിവരസാങ്കേതികവിദ്യയുടെ കാലഘട്ടത്തിൽ ഇ-മെയിൽ, എസ്.എം.എസ്. തുടങ്ങിയ മാധ്യമങ്ങൾ വഴി ലഭിക്കുന്ന പരാതി പോലും സ്വീകരിക്കണമെന്നും കേസുകളുടെ വിചാരണ വേഗത്തിലാക്കാൻ ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ അധികാരത്തിൽ പ്രത്യേകകോടതികൾ സ്ഥാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

അധ്യാപക-വിദ്യാർഥി ബന്ധത്തിന്റെയും കുടുംബബന്ധത്തിന്റെയും ശിഥിലീകരണമാണ് പലപ്പോഴും വിദ്യാർഥികളെ അക്രമപ്രവർത്തനങ്ങളിലേക്ക് നയിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കളക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷനായി. കോളേജിയേറ്റ് ഡെപ്യൂട്ടിഡയറക്ടർ എൻ.പി. ഇ സ്ഹാക്ക് മുഖ്യപ്രഭാഷണം ന ത്തി. റാഗിങ് നിരോധനനിയമ യു.ജി.സി.യുടെയും സുപ്രീംകോ ടതിയുടെയും മാർഗനിർദേശ ങ്ങൾ, രാഘവൻ കമ്മീഷൻ റ പ്പോർട്ട് എന്നിവയെക്കുറിച്ച് അ ഡ്വ. ടി. റീന ജയ്ജിത്ത് പ്രഭാഷ ണം നടത്തി. അഡ്വ. എസ്. ശ ന്താദേവി, ആർ. പ്രഫുല്ലദാസ് ബി. ജയരാജൻ എന്നിവർ സം സാരിച്ചു.

# മൊയ്തീൻകുട്ടിക്ക് വിശ്വാസ് നിയമ സഹായം നൽകും


നിയമപോരാട്ടത്തിൽ പരാജയപ്പെട്ട കുടുംബത്തിന് ആശ്രയം പാറപ്പുറം

മണ്ണാർക്കാട്● പലിശക്കാരൻ കുടിയൊഴിപ്പിച്ച മൊയ്തീൻകുട്ടിക്ക് പാലക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന വിശ്വാസ് എന്ന സംഘടന നിയമ സഹായം നൽകും. മൊയ്തീൻകുട്ടിയുടെ ഭാഗം കേൾക്കാതെയുണ്ടായ വിധി പുനഃപരിശോധിക്കുന്നതിനുള്ള അപേക്ഷ അടുത്ത ദിവസം നൽകുമെന്ന് വിശ്വാസിലെ അഭിഭാഷകൻ പ്രേംനാഥ് പറഞ്ഞു. ഇതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. കോടതി വിധിയുടെ പകർപ്പ്, ആധാരത്തിന്റെ കോപ്പി, ഇടപാടുമായി ബന്ധപ്പെട്ട രേഖകൾ തുടങ്ങിയവ അഭിഭാഷകനു നൽകിയതായി മൊയ്തീൻകുട്ടി പറഞ്ഞു. മുതിർന്ന പൗരൻമാർക്കുള്ള പരിഗണന ലഭിക്കുന്നതിനുള്ള അപേക്ഷ ആർഡിഒയ്ക്കു നൽകും. അതോടൊപ്പം പലിശക്കാരനെ നോട്ടീസ് നൽകി വിളിപ്പിക്കാനും തീരുമാനിച്ചു. ഒറ്റപ്പാലം സ്വദേശിയിൽ നിന്ന് മൂന്നു വർഷം മുമ്പ് മൂന്നര ലക്ഷം രൂപ വായ്പ എടുത്ത മൊയ്തീൻകുട്ടിക്ക് തുക പൂർണമായി തിരിച്ചടക്കാൻ കഴിയാത്തതിനെ തുടർന്ന് പലിശക്കാരനും സംഘവും മൊയ്തീൻകുട്ടിയെയും കുടുംബത്തെയും വീട്ടിൽ നിന്ന് ഒഴിപ്പിച്ചിരുന്നു. ഇവരിപ്പോൾ ഒഴിപ്പിക്കപ്പെട്ട വീടിന്റെ സമീപത്തെ പാറപ്പുറത്താണ് കഴിയുന്നത്. മൊയ്തീൻകുട്ടിയുടെ ദുരിതകഥ കഴിഞ്ഞ മനോരമ വാർത്ത പ്രസിദ്ധീകരിച്ചതിനെ തുടർന്ന് കലക്ടർ രാമചന്ദ്രൻ സ്ഥലത്ത് എത്തിയിരുന്നു. തുടർന്നാണ് സഹായത്തിനുള്ള വഴി തെളിഞ്ഞത്.

# കാണാതായ കുട്ടികളെ കിട്ടിയാൽ ഇനി എത്തിക്കുക ശിശുക്ഷേമ സമിതിയിൽ

## ■ കുട്ടികളെ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കരുതെന്നു ഡിജിപിയുടെ ഉത്തരവ്

**എം.പി.സുകുമാരൻ**

പാലക്കാട് ● കാണാതാവുന്ന കുട്ടികളെ കണ്ടുകിട്ടിയാൽ ഇനിമുതൽ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കരുതെന്നു പൊലീസിനു നിർദേശം. കുട്ടികളെ ഉടൻ ശിശുക്ഷേമസമിതി മുൻപാകെ എത്തിക്കാനാണു ഡിജിപി ലോക്നാഥ് ബെഹ്റയുടെ ഉത്തരവ്.

ദേശീയ ബാലനീതി നിയമം പൊലീസ് വ്യാപകമായി ലംഘിക്കുന്നുവെന്ന പരാതിയിലാണു നടപടി. കുറ്റകൃത്യത്തിൽ ഉൾപ്പെട്ട കുട്ടിയാണെങ്കിൽ ജുവനൈൽ കോടതിയിൽ ഹാജരാക്കണം.

നിലവിൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കുന്ന കുട്ടികളെ, കുറ്റകൃത്യങ്ങളൊന്നും ഇല്ലെങ്കിൽ രക്ഷിതാക്കൾക്കൊപ്പം അയയ്ക്കുകയാണു ചെയ്യുന്നത്.

കുടുംബ പ്രശ്നങ്ങളെ തുടർന്നു വീടുവിട്ട കുട്ടി അതു പരിഹരിക്കപ്പെടാതെ വീണ്ടും അതേ സാഹചര്യത്തിൽ എത്തുന്നതു പ്രശ്നങ്ങളുണ്ടാക്കുമെന്നു ശിശുക്ഷേമ പ്രവർത്തകർ സംസ്ഥാന ആഭ്യന്തര വകുപ്പിനെ ധരിപ്പിച്ചിരുന്നു. ഇത്തരം കുട്ടികളെ വീണ്ടും കാണാതാകുന്ന കേസുകൾ വർധിച്ചുവരികയാണ്.

ലൈംഗിക ചൂഷണത്തിനു വിധേയരായവർ വീണ്ടും അതേ സംഘത്തിന്റെ കൈകളിൽ എത്തുന്ന സാഹചര്യവുമുണ്ട്.

ബാലനീതി നിയമമനുസരിച്ചു കുട്ടികളെ കോടതിയിൽ ഹാജരാക്കരുതെന്ന സർക്കാർ അഭിഭാഷകർ ഉൾപ്പെടെയുള്ളവരുടെ നിർദേശവും പൊലീസ് അനുസരിക്കാറില്ല. ശിശുക്ഷേമസമിതിയിൽ എത്തുന്ന കുട്ടി, വീടുവിട്ടുപോകാനുണ്ടായ കാരണം സമിതിവിദഗ്ധർ വിലയിരുത്തും. വീട്ടിൽപോകാൻ മടിക്കുന്നവരെ സമിതിയുടെ കീഴിൽ താമസിപ്പിച്ച്, പ്രശ്നം പരിഹരിച്ചശേഷം രക്ഷിതാക്കൾക്കൊപ്പം വിടും. തുടർന്നുള്ള ദിവസങ്ങളിലും വീട്ടിലെയും വിദ്യാലയത്തിലെയും സാഹചര്യം അന്വേഷിക്കാനും സംവിധാനമുണ്ട്. കാണാതായ കുട്ടിയെ നാലുമാസത്തിനകം കിട്ടിയില്ലെങ്കിൽ അന്വേഷണം മനുഷ്യക്കടത്ത് സെല്ലിനു കൈമാറണമെന്നും ഡിജിപി ഉത്തരവിൽ പറയുന്നു.

മൂന്നുമാസം കൂടുമ്പോൾ സെൽ കേസിന്റെ അന്വേഷണ പുരോഗതി ജില്ലാ നിയമ സേവന അതോറിറ്റിക്കു റിപ്പോർട്ട് നൽകണം. കുട്ടിക്കും കുടുംബത്തിനും കൗൺസിലിങ്ങിന് ഉൾപ്പെടെയുള്ള സംവിധാനത്തിന് അതോറിറ്റിയെ അറിയിക്കണം.

**എത്രയും വേഗം**

### വിവരമറിയിക്കൂ

● കുട്ടിയെ കാണാതായാൽ സ്വന്തം അന്വേഷണത്തിനു മുതിരാതെ എത്രയുംവേഗം വിവരം പൊലീസിനെ അറിയിക്കണമെന്നു ശിശുക്ഷേമ സമിതി.

കുട്ടികൾ വീടുവിട്ടാൽ വീട്ടുകാർ, ബന്ധുക്കൾ എന്നിവരുടെ അന്വേഷണശേഷം ദിവസങ്ങൾ കഴിഞ്ഞാണു പൊലീസിൽ വിവരം നൽകുക. ഇത് കുട്ടി ദൂരസ്ഥലങ്ങളിലെത്താനും മറ്റ് അപകടങ്ങൾക്കും സാഹചര്യമൊരുക്കും. യാത്രയ്ക്കിടയിലും മറ്റും കാണാതാകുന്ന സംഭവത്തിൽ അതിർത്തി നോക്കാതെ ഏതു പൊലീസ് സ്റ്റേഷനിലും പരാതി നൽകാം.

# ബോധവൽക്കരണ ക്ലാസ് നടത്തി




കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ബോധവൽക്കരണ ക്ലാസ് ജില്ലാ കളക്ടർ പി. മേരിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു.

വിശ്വാസ്, അഹല്യ ഓർത്തോപീഡിക് സ് ആന്റ് ഫിസിയോതെറാപ്പി ഡിപ്പാർ ട്ട്മെന്റിന്റെയും സംയുക്താഭമുഖ്യത്തിൽ മുട്ടുവേദന, കഴുത്തുവേദന, പുറം വേദ ന എന്നിവയ്ക്കായി ബോധവൽക്കരണ ക്ലാസ് നടത്തി. കളക്ട്രേറ്റ് കോൺഫറൻ സ് ഹാളിൽ നടന്ന ബോധവൽക്കരണ ക്ലാസ് വിശ്വാസിന്റെ പ്രസിഡണ്ടുകൂടി യായ ജില്ലാ കളക്ടർ പി. മേരിക്കുട്ടി ഉദ്ഘാടനം ചെയ്തു. ജോലിതിരക്കിനിടയിലും ആരോഗ്യ കാര്യത്തിൽ അതീവ ശ്രദ്ധപുലർത്തണമെന്നും ബോധവൽക്കരണ ക്ലാസുകൾ ജീവനക്കാർ പരമാവധി ഉപയോഗപ്പെടുത്തണമെന്നും ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടു. ബോധവൽക്കരണ ക്ലാസിൽ ഒറ്റപ്പാലം സബ് കളക്ടർ പി.ബി.നൂഹ് അദ്ധ്യക്ഷതവഹിച്ചു. വിശ്വാസ് സെക്രട്ടറി അഡ്വ.പി.പ്രേംനാഥ്, അഹല്യയിലെ ഡോ. ശ്രീ ഗണേഷ്, ഫിസിയോതെറാപ്പിസ്റ്റുകളായ സായ്റാം, ധനീഷ്, എന്നിവർ ക്ലാസെടുത്തു. സി. ജയരാജൻ, ശരത്ശങ്കർ, ഗിരീഷ് തുടങ്ങിയവർ സംസാരിച്ചു.

# നൈജീരിയയിലെ പെൺകുട്ടികൾക്കായി മോയൻസ് വിദ്യാർഥിനികളുടെ ബാനർ രചന

**പാലക്കാട്:** നൈജീരിയയിൽ ബോക്കോഹറാം ഭീകരർ തട്ടിക്കൊണ്ടുപോയ വിദ്യാർഥിനികളുടെ മോചനം ആവശ്യപ്പെടുന്നവരിൽ പാലക്കാട് മോയൻ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ പെൺകുട്ടികളും.

കുറ്റകൃത്യങ്ങൾക്ക് ഇരയാവുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് എന്ന സംഘടനയുടെ നേതൃത്വത്തിലാണ് മോയൻ സ്കൂളിലെ വിദ്യാർഥിനികൾ ബാനർരചനാ മത്സരത്തിന് തുടക്കംകുറിച്ചത്.

പെൺകുട്ടികളെ തിരിച്ചുതരിക എന്ന ആവശ്യമുയർത്തി വിദ്യാർഥിനികൾ ബാനറിൽ ചിത്രങ്ങളും മുദ്രാവാക്യങ്ങളും നിരത്തും. 70 ബാനറുകളാണ് മോയൻ സ്കൂളിൽ നൽകിയിട്ടുള്ളത്. ഇവ പൂർത്തിയായാൽ ഒരുമിച്ചുതുന്നി പൊതുപ്രദർശനം നടത്തുമെന്ന് വിശ്വാസ് സെക്രട്ടറിയും അസി. പബ്ലിക് പ്രോസിക്യൂട്ടറുമായ പി. പ്രേംനാഥ് ചടങ്ങിൽ പറഞ്ഞു.

സ്കൂൾ ഹെഡ്മിസ്ട്രസ്സ് പി. രാധിക അധ്യക്ഷയായി. പി.ടി.എ. പ്രസിഡൻറ് എൻ. ഹരിദാസ്, പ്രിൻസിപ്പൽ എച്ച്. സൈനുദ്ദീൻ തുടങ്ങിയവർ പ്രസംഗിച്ചു.




പാലക്കാട് ഗവ. മോയൻസ് സ്കൂളിൽ ഐക്യരാഷ്ട്രസഭ ദിനാചരണത്തോടനുബന്ധിച്ച് വിദ്യാർഥികൾ തയാറാക്കിയ കൂറ്റൻ ബാനർ പ്രദർശിപ്പിക്കുന്നു.

# കൂറ്റൻ ബാനറിൽ അവർ കുറിച്ചിട്ടു; കുഞ്ഞുമനസ്സുകളുടെ അപേക്ഷ

പാലക്കാട് • ‘എവിടെയാണോ സ്ത്രീ ബഹുമാനിക്കപ്പെടുന്നത് അവിടെ ദേവത കുടിയിരിക്കുന്നു’.. മോയൻസ് സ്കൂളിലെ വിദ്യാർഥികൾ തയാറാക്കിയ കൂറ്റൻ ബാനറിലെ വരികളാണിവ. പെൺകുട്ടികളോടുള്ള അതിക്രമങ്ങൾക്കും ക്രൂരതയ്ക്കുമെതിരെ മോയൻസ് സ്കൂളിലെ വിദ്യാർഥികൾ ഒരുമിക്കുകയാണ്. ഐക്യരാഷ്ട്രസഭ പ്രമാണം ഒപ്പുവച്ചതിന്റെ വാർഷിക ദിനാചരണത്തിലാണ് വിദ്യാർഥികൾ 200 മീറ്റർ നീളമുള്ള കൂറ്റൻ ബാനർ ഒരുക്കിയത്. ആയിരത്തോളം വിദ്യാർഥികളാണ് അവരുടെ ചിത്രങ്ങളും മുദ്രാവാക്യങ്ങളും ബാനറിൽ രചിച്ചത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമം തടയാനായി പ്രവർത്തിക്കുന്ന വിശ്വാസ് എന്ന സംഘടനയുടെ നേതൃത്വത്തിലായിരുന്നു ദിനാചരണം. കൂറ്റൻ ബാനർ കാണാൻ ഐക്യരാഷ്ട്ര സഭയുടെ പ്രതിനിധികളുമെത്തിയിരുന്നു. വിശ്വപൗരത്വവും യുവജനങ്ങളും എന്ന ഐക്യരാഷ്ട്ര സഭയുടെ ഈ വർഷത്തെ മുദ്രാവാക്യം മുൻനിർത്തിയാണ് ബാനർ പ്രദർശനം തയാറാക്കിയിട്ടുള്ളത്. വിദ്യാർഥികൾ ബാനറുകൾ വിവിധ സ്കൂളുകളിൽ പ്രദർശിപ്പിക്കും. എഡിഎം കെ.ഗണേശൻ ഉദ്ഘാടനം ചെയ്തു.

മോയൻസ് സ്കൂൾ പിടിഎ പ്രസിഡന്റ് എം.ഹരിദാസ് അധ്യക്ഷനായി. പ്രിൻസിപ്പൽ എച്ച്.സൈനുദ്ദീൻ, പ്രധാന അധ്യാപിക പി.രാധിക, അഡീഷനൽ പ്രധാന അധ്യാപിക മുരളി കുമാരൻ, വിശ്വാസ് പ്രസിഡന്റ് അഡ്വ.പ്രേംനാഥ്, വൈസ് പ്രസിഡന്റ് എസ്.കുര്യൻ എന്നിവർ പ്രസംഗിച്ചു.



പാലക്കാട് മോയൻ സ്കൂളിലെ വിദ്യാർഥിനികൾ വിശ്വാസിന്റെ നേതൃത്വത്തിൽ നടത്തിയ ബാനർ പ്രദർശനം എ.ഡി.എം. കെ. ഗണേശൻ ഉദ്ഘാടനം ചെയ്യുന്നു

# കുഞ്ഞുമാലാഖമാരെ സ്വതന്ത്രരാക്കാൻ ഒരു 'വരസമരം'

**പാലക്കാട്:** 200മീറ്റർ നീളമുള്ള ബാനർ കാൻവാസായി. ഒരേ വികാരം വ്യത്യസ്തനിറങ്ങളിലും ഭാവങ്ങളിലും അവർ പകർത്തിവെച്ചു... 'നരാധമന്മാരെ നൈജീരിയയിലെ ഞങ്ങളുടെ കുഞ്ഞുമാലാഖമാരെ സ്വതന്ത്രരാക്കുക'... നൈജീരിയയും ലിബിയയുമുൾപ്പെടെ 10 രാജ്യങ്ങളിൽനിന്നെത്തിയ പ്രതിനിധികൾ കുട്ടികളുടെ ഈ 'വരസമര'ത്തിന് സാക്ഷികളായി.

ഐക്യരാഷ്ട്ര ദിനത്തോടനുബന്ധിച്ച് 'വിശ്വാസ് പാലക്കാട'ാണ് ഗവ. മോയൻ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ പരിപാടി സംഘടിപ്പിച്ചത്. നൈജീരിയയിൽ വിമതരുടെ തടവിലാക്കപ്പെട്ട 260ഓളം കുട്ടികളെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കാനാണ് പരിപാടി സംഘടിപ്പിച്ചത്. കേരളത്തിൽ മറ്റൊരു പരിശീലനപരിപാടിക്കെത്തിയ യു.എൻ. ഉദ്യോഗസ്ഥർകൂടിയെത്തിയപ്പോൾ കുട്ടികളുടെ ആവേശം വാനോളമുയർന്നു. പി.കെ. നെടുങ്ങാടി ബ്രദേഴ്സ് എന്ന സ്ഥാപനമാണ് വരയ്ക്കാൻ 200മീറ്റർ തുണി സംഭാവനയായി നൽകിയത്.

എ.ഡി.എം. കെ. ഗണേശൻ ഉദ്ഘാടനംചെയ്തു. വിശ്വാസ് വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ്, സെക്രട്ടറി പി. പ്രേംനാഥ്, ചൈൽഡ് വെൽഫെയർകമ്മിറ്റി ചെയർമാൻ ഫാ. ഡോ. ജോസ് പോൾ, പ്രിൻസിപ്പൽ സൈനുദ്ദീൻ, പി.ടി.എ. പ്രസിഡന്റ് ഹരിദാസ്, പ്രധാനാധ്യാപിക പി. രാധിക, ആർ. മുരളീകുമാരൻ, അഡ്വ. ശാന്താദേവി, സി. ജയരാജൻ, ഗിരീഷ് മേനോൻ, പ്രഫുല്ല കുമാർ എന്നിവർ പങ്കെടുത്തു.

# വിശ്വാസിന് കസേരകൾ നൽകി

പാലക്കാട്● ഇരകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസിന്റെ പാലക്കാട് സിവിൽ സ്റ്റേഷനിലെ ഓഫിസിലേക്ക് പാലക്കാട് റോട്ടറിക്ലബ് 30 കസേരകൾ സംഭാവന നൽകി. വിശ്വാസ് അധ്യക്ഷ കൂടിയായ ജില്ലാകലക്ടർ പി.മേരിക്കുട്ടി അധ്യക്ഷയായിരുന്നു. സെക്രട്ടറി പി.പ്രേംനാഥ്, വൈസ് പ്രസിഡന്റുമാരായ വി.പി.കുര്യാക്കോസ്, എസ്.ശാന്താദേവി, റോട്ടറി മുൻ ഡിസ്ട്രിക്ട് പ്രസിഡന്റ് ബി.ജയരാജൻ, സെക്രട്ടറി കെ.ശശിധരൻ, കെ.മുരളീധരൻ, വി.എസ്.അയ്യപ്പൻ നായർ, കെ.ഷീബ എന്നിവർ പ്രസംഗിച്ചു

# മീനാക്ഷിപുരത്ത് പോലീസ്സ്റ്റേഷനും പെൺകുട്ടികളുടെ ഹോസ്റ്റലും ആരംഭിക്കണം

**പാലക്കാട്:** മീനാക്ഷിപുരം ഭാഗത്ത് സർക്കാർ അനുവദിച്ച പോലീസ് സ്റ്റേഷനും പെൺകുട്ടികളുടെ ഹോസ്റ്റലും ഉടൻ ആരംഭിക്കണമെന്ന് കുറ്റകൃത്യങ്ങൾക്ക് ഇരയായവരെ സഹായിക്കാനുള്ള സംഘടനയായ വിശ്വാസ് ആവശ്യപ്പെട്ടു.

2013 ഫിബ്രവരിയിലാണ് നിലവിലുള്ള പോലീസ് ഔട്ട്പോസ്റ്റ് പോലീസ്സ്റ്റേഷനായി ഉയർത്തി ഉത്തരവിറങ്ങിയത്. മീനാക്ഷിപുരം സർക്കാർ സ്കൂളിന് സമീപം വില്ലേജ് ഓഫീസിന് പിൻഭാഗത്തായി പുറമ്പോക്ക് സ്ഥലം കണ്ടെത്തുകയും നിർമിതികേന്ദ്രം വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സർക്കാരിലേക്കയയ്ക്കുകയും ചെയ്തു. എന്നാൽ, നിർമാണം ഇതുവരെ നടത്തിയില്ല.

20 കിലോമീറ്ററിലധികം ദൂരത്തുള്ള ചിറ്റൂർ പോലീസ്സ്റ്റേഷനിൽ നിന്ന് പോലീസ് ഉദ്യോഗസ്ഥർ സംഭവസ്ഥലത്തെത്തുമ്പോഴേക്കും പലപ്പോഴും വൈകാറുണ്ട്.

വിശ്വാസ് പ്രസിഡന്റും കളക്ടറുമായ കെ.രാമചന്ദ്രൻ അധ്യക്ഷനായി. സെക്രട്ടറി പി.പ്രേംനാഥ്, എ.ഡി.എം. കെ.ഗണേഷ്, അഡ്വ. എസ്.ശാന്താദേവി, ഡോ.ജോസ്പോൾ, ഡോ.കെ.തോമസ്ജോർജ്, അഡ്വ. ടി.ഗീന, വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ്, ജോയന്റ് സെക്രട്ടറി പ്രഫുല്ലദാസ് തുടങ്ങിയവർ സംസാരിച്ചു.

# വിശ്വാസിന് കസേരകൾ നൽകി

പാലക്കാട്● ഇരകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസിന്റെ പാലക്കാട് സിവിൽ സ്റ്റേഷനിലെ ഓഫിസിലേക്ക് പാലക്കാട് റോട്ടറിക്ലബ് 30 കസേരകൾ സംഭാവന നൽകി. വിശ്വാസ് അധ്യക്ഷ കൂടിയായ ജില്ലാകലക്ടർ പി.മേരിക്കുട്ടി അധ്യക്ഷയായിരുന്നു. സെക്രട്ടറി പി.പ്രേംനാഥ്, വൈസ് പ്രസിഡന്റുമാരായ വി.പി.കുര്യാക്കോസ്, എസ്.ശാന്താദേവി, റോട്ടറി മുൻ ഡിസ്ട്രിക്ട് പ്രസിഡന്റ് ബി.ജയരാജൻ, സെക്രട്ടറി കെ.ശശിധരൻ, കെ.മുരളീധരൻ, വി.എസ്.അയ്യപ്പൻ നായർ, കെ.ഷീബ എന്നിവർ പ്രസംഗിച്ചു

# Sunitha Krishnan Reinducted

Express News Service

**T'Puram:** The government in a 'move of repentance' has reinducted noted anti- trafficking activist Sunitha Krishnan back to its Nirbhaya scheme which was launched for rehabilitating rape survivors.

Sunitha had resigned from the advisor post of the scheme in August last year following disagreements with the government, mainly with Home Minister Ramesh Chennithala.

"The government has now agreed that the points I raised in the implementation of the Nirbhaya scheme will be addressed.

"I have now been appointed in an implementing role now. It is the post of honorary director. So I will be able to carry out the policy with my vision," Sunitha, who is also the founder of Hyderabad-based Prawjala Foundation for rehabilitating rape survivors, said. But she declined to reveal who initiated the talks on the part of the government to bring her back. "I have limitations to disclose that," she said.

The order to appoint Sunitha as honorary director was issued in the beginning of this month and she is expected to take charge next week.

Sunitha's main demand, while holding the advisor post, was to merge the Nirbhaya schemes of both the Home and Social Justice departments which was not acceptable to Home Minister Ramesh Chennithala.

Sunitha's apprehension was that the Home Department will be able to do the policing side only and the rehabilitation part could be done by the Social Justice Department. But Chennithala took the stand that though the scheme of both the departments could be coordinated, they can't be merged.

This resulted in Sunitha's resignation who cited "lack of political will to implement the Nirbhaya policy" and the confusion caused by the existence of a scheme with the same name and purpose by another government department.

The Nirbhaya scheme of the Social Justice Department for ensuring the safety of women and to rehabilitate rape survivors came into effect in 2012 whereas that of the Home Department was launched in February last year.

## MOVE OF REPENTANCE

**Nirbhaya scheme was launched for rehabilitating rape survivors**

Sunitha Krishnan resigned from the advisor post of the scheme last year following disagreements with the government

Her main demand was to merge the Nirbhaya schemes of both the Home and Social Justice Dedepartments

**She is expected to take charge next week**



**THE GOVERNMENT HAS NOW AGREED THAT THE POINTS I RAISED IN THE IMPLEMENTATION OF THE NIRBHAYA SCHEME WILL BE ADDRESSED.**

THE NEW INDIAN EXPRESS
Sun, 15 March 2015
epaper.newindianexpress.com/c/4737651

# Attappady still waiting for a munsif court

## State govt. yet to act on High Court's directives in 2006 and 2008

K.A. Shaji

- Nearest court is at Mannarkkad
- Tribesmen skipping judicial process

**PALAKKAD:** The lackadaisical attitude of the State government in setting up a munsif-magistrate court at Attappady as directed by the Kerala High Court twice has evolved into a situation in which the tribal victims of various atrocities are facing denial of justice.

As they have to travel about 100 km to reach the nearest court at Mannarkkad, most tribal people are skipping the judicial process at present. This has turned beneficial for the thriving land mafias and those who abuse tribal women sexually.

The situation is acute, as people have to stay for at least three days in Mannarkkad to file private complaints at the court there.

"The high court had ordered setting up of a court in Attappady in 2006 after learning about the injustice being faced by the tribal community. In the absence of any positive move from the government, the court ordered it again in 2008. But nothing has happened so far," says P. Premnath, advocate, of Viswas, an organisation working for people who were denied justice.

### Recommendations

According to the local community, the T. Madhava Menon Committee that looked into problems plaguing Attappady and its tribal people had also recommended setting up a court there. The block panchayat had promised it would provide all necessary infrastructure.

The Kerala State Scheduled Caste and Schedules Tribes Commission had also preferred a court in Attapady citing the clout of illicit liquor and the drug mafia. The Thaikula Sangom, a women's organisation of tribal women, had submitted many complaints against illicit liquor and drugs with the police but could not pursue the cases in court because of the distance involved.

Tribal leaders said there were many cases of alienated tribal land in which the courts in Mannarkkad and Palakkad had directed restoration.

But often, follow-up action is not taken. Cases of sexual exploitation, illegal sand-mining, and deforestation are also on the increase. Justice also eludes seriously injured victims of wild animal attack.

# സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കാൻ സമൂഹത്തെ ശക്തിപ്പെടുത്തണമെന്ന് സെമിനാർ

**പാലക്കാട്:** സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാവുന്ന അതിക്രമങ്ങൾ തടുക്കാൻ ജനകീയപ്രതിരോധം ശക്തിപ്പെടുത്തണമെന്ന സന്ദേശവുമായി ശില്പശാല നടന്നു.

വിശ്വാസ്, ജനമൈത്രി പോലീസ്, ഹ്യൂമൻറൈറ്റ്സ് മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സാമൂഹികനീതി വകുപ്പിൻെറയും ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെയും സഹകരണത്തോടെ ടൗൺഹാൾ അനക്സിൽ നടത്തിയ ശില്പശാല ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ ഉദ്ഘാടനംചെയ്തു.

നിയമം കാലാനുസൃതമായി മാറ്റിയെഴുതേണ്ടതാണ്. അതിക്രമങ്ങളുണ്ടാവുമ്പോൾ ഭീതിനിവാരണമെന്ന നിലയ്ക്ക് നിയമങ്ങൾ പുതുക്കുകയും വിചാരണയ്ക്ക് അതിവേഗകോടതികൾ സ്ഥാപിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രം പൂർണമായ പരിഹാരമാവില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

സ്ത്രീധനവും ശൈശവ വിവാഹവും സമൂഹംനേരിടുന്ന വിപത്തുകളാണെന്നും സ്ത്രീസമൂഹത്തെ ഇവക്കെതിരെയുള്ള ചെറുത്തുനില്പിന് സജ്ജമാക്കണമെന്നും അധ്യക്ഷത വഹിച്ച ഷാഫിപറമ്പിൽ എം.എൽ.എ. പറഞ്ഞു.

ജില്ലാപഞ്ചായത്ത് പ്രസിഡൻറ് ടി.എൻ. കണ്ടമുത്തൻ, പാലക്കാട് ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജ് മേരിജോസഫ്, ജില്ലാ പോലീസ്മേധാവി രാജ്പാൽ മീണ എന്നിവർ വിഷയത്തിൻെറ വിവിധവശങ്ങൾ പരാമർശിച്ച് പ്രസംഗിച്ചു. കേരള വനിതാകമ്മീഷനംഗം കെ.എ. തുളസി മുഖ്യപ്രഭാഷണം നടത്തി.

കളക്ടർ കെ. രാമചന്ദ്രൻ, വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, റിട്ട. ഐ.ജി. വി.എൻ. രാജൻ, ഡിവൈ.എസ്.പി. വി.എസ്. മുഹമ്മദ് കാസിം, ജില്ലാ സാമൂഹികനീതി ഓഫീസർ മൃത്യുഞ്ജയൻ, ചൈൽഡ് വെൽഫെയർകമ്മിറ്റി ചെയർമാൻ ഡോ. ജോസ്പോൾ, ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ ജില്ലാ പ്രസിഡൻറ് ഇ. അഹമ്മദ് കബീർ, ടി.സി. ഷാജി, വി.സി. പ്രേംദാസ്, ജോബി വി. ചുങ്കത്ത്, വി.പി. കുര്യാക്കോസ് തുടങ്ങിയവർ പ്രസംഗിച്ചു.

'സ്ത്രീകളും സാമൂഹിക സുരക്ഷയും', 'സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളും നിയമങ്ങളും', 'സ്ത്രീകളോടുള്ള സമീപനവും മാറ്റത്തിൻെറ ആവശ്യകതയും', 'കുട്ടി കുടുംബം സമൂഹം' എന്നി വിഷയങ്ങളിൽ കെ.എ. തുളസി, പി. പ്രേംനാഥ്, ഡി.ഐ.ജി.യുംസംസ്ഥാനമനുഷ്യാവകാശ കമ്മീഷൻ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറുമായ എസ്. ശ്രീജിത്ത്, ബീനാഗോവിന്ദ് എന്നിവർ ക്ലാസ് നയിച്ചു.

ആസിഡ്വീണ് ശരീരത്തിൽ പൊള്ളലേറ്റ അൽഫോൻസ എന്ന വിദ്യാർഥിനിക്ക് ഈശ്വർട്രസ്റ്റ് സംഭാവനചെയ്ത 25,000 രൂപ ട്രസ്റ്റ് ചെയർമാൻ ബി. ജയരാജൻ ഷാഫിപറമ്പിലിന് കൈമാറി. അൽഫോൻസ ഏറ്റുവാങ്ങി.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളെക്കുറിച്ചുള്ള ശില്പശാല ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ ഉദ്ഘാടനംചെയ്യുന്നു

## മുസ്‌ലിം പെൺകുട്ടികളുടെ വിവാഹപ്രായം: സംഘടനകളുടെ ആവശ്യം അനുവദിക്കരുത് -ഷാഫി പറമ്പിൽ

**പാലക്കാട്:** മുസ്‌ലിം പെൺകുട്ടികളുടെ വിവാഹപ്രായം 16 ആക്കണമെന്ന ചില സംഘടനകളുടെ ആവശ്യം അനുവദിക്കരുതെന്ന് ഷാഫിപറമ്പിൽ എം.എൽ.എ.

വിശ്വാസ്, ജനമൈത്രിപോലീസ്, ഹ്യൂമൻ റൈറ്റ്സ് മിഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തിയ ശില്പശാലയിൽ അധ്യക്ഷതവഹിക്കയായിരുന്നു അദ്ദേഹം.

ഒരു പെൺകുട്ടിയും തന്നെ 16-ാം വയസ്സിൽ വിവാഹം ചെയ്തയയ്ക്കണമെന്നാവശ്യപ്പെടില്ല.

ഒരമ്മയും അത് പിന്താങ്ങുകയുമില്ല. സമ്മതിദാനാവകാശം പോലും 18 വയസ്സിൽത്താഴെയുള്ളവർക്ക് ലഭിക്കാത്ത നിയമവ്യവസ്ഥയിൽ ജീവിതത്തിലെ ഏറ്റവും പ്രധാനമായ വിവാഹതീരുമാനം പെൺകുട്ടിയുടെ താത്പര്യത്തിനെതിരായി അടിച്ചേല്പിക്കരുത്.

വിവാഹപ്രായം കുറയ്ക്കണമെന്ന ചില സംഘടനകളുടെ ആവശ്യം ആപത്കരമായ സന്ദേശമാണ് സമൂഹത്തിന് നൽകുന്നത്.

അത് പിൻവലിച്ച് പെൺകുട്ടികളുടെ പുരോഗതിക്കുവേണ്ട വിദ്യാഭ്യാസവും ഉദ്യോഗവും നേടാൻ അവരെ പ്രാപ്തരാക്കുകയാണ് വേണ്ടതെന്ന് ഷാഫിപറമ്പിൽ അഭിപ്രായപ്പെട്ടു.

# കുറ്റകൃത്യങ്ങളുടെ ഇരകൾക്കും മേൽത്തട്ടു വിവേചനം

**എം.പി. സുകുമാരൻ**

പാലക്കാട് ● കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നയാൾ സമൂഹത്തിൽ മേൽത്തട്ടിൽപ്പെട്ടയാളാണോ? എങ്കിൽ നഷ്ടപരിഹാരം കിട്ടില്ല. കേരളത്തിലാണു വിചിത്രമായ ഈ ചട്ടം.

കേന്ദ്ര, സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖല, ബോർഡ് കോർപറേഷൻ എന്നിവിടങ്ങളിൽ ജോലിയുള്ളവരുടെ കുടുംബത്തിൽപ്പെട്ടവർ ഉൾപ്പെടെ സർക്കാരിന്റെ മേൽത്തട്ടു വ്യവസ്ഥയനുസരിച്ചു വരുമാനമുള്ളവർ അപേക്ഷിക്കാൻ അർഹരല്ലെന്നാണു ചട്ടത്തിൽ പറയുന്നത്. എന്നാൽ അപേക്ഷിക്കാനുള്ള വരുമാന പരിധി വ്യക്തമാക്കിയിട്ടുമില്ല.

ഇരകളുടെ കാര്യത്തിൽ വേർതിരിവും വിവേചനവും പാടില്ലെന്നു സുപ്രീംകോടതി വിവിധ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. നഷ്ടപരിഹാരം നിശ്ചയിക്കുന്നതിലെ ക്രീമിലെയർ വ്യവസ്ഥ അടിയന്തരമായി ഭേദഗതി ചെയ്യാൻ സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി(കെൽസ) രണ്ടു വർഷം മുൻപ് ആഭ്യന്തര വകുപ്പിനു ശുപാർശ നൽകിയതാണ്. ചില കേസുകളിൽ നഷ്ടപരിഹാര തുക സുപ്രീംകോടതി നിർദേശിച്ചതിൽ കുറവായതിനാൽ പദ്ധതിക്കുള്ള കേന്ദ്ര വിഹിതം പൂർണമായി ലഭിക്കുന്നില്ല.

മാനഭംഗക്കേസിൽ കുറഞ്ഞതു 10 ലക്ഷം രൂപ നൽകാനാണു സുപ്രീം കോടതി ഉത്തരവെങ്കിലും സംസ്ഥാനത്ത് അതു മൂന്നു ലക്ഷമാണ്.

ആസിഡ് അക്രമത്തിലെ ഇരകൾക്കു കുറഞ്ഞതു മൂന്നു ലക്ഷം അനുവദിക്കണമെങ്കിലും 40% പൊള്ളലേറ്റവർക്കാണ് ഈ തുക നൽകുന്നത്. രണ്ടു വർഷത്തിനിടെ നഷ്പരിഹാരം ലഭിച്ചത് 110 പേർക്കാണ്.

കെൽസ മുഖേന നടത്തുന്ന പദ്ധതിക്ക് ആദ്യ ഘട്ടത്തിലെ തുക അനുവദിച്ചത് അവസാന സമയത്തായതിനാൽ നല്ലൊരു ഭാഗം തിരിച്ചടയ്ക്കേണ്ടിവന്നു. ഈ വർഷം നാലു കോടി രൂപ ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചത് ഒരു കോടിയാണ്. അതിനാൽ കുട്ടികൾക്കെതിരെ ഈ കാലയളവിൽ മൊത്തം 3954 കേസുണ്ടായെങ്കിലും 44 പേർക്കാണു നഷ്ടപരിഹാരം നൽകാനായത്.

## അപേക്ഷ നൽകേണ്ടത് ഇങ്ങനെ

നഷ്ടപരിഹാരത്തിനായി ഇരകളോ അവരുടെ ബന്ധുക്കളോ ആശ്രിതരോ ജില്ലാ ലീഗൽ സർവീസസ് ഓഫിസിനെ സമീപിക്കണം. പൊലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു തുക നിശ്ചയിക്കുക. അപേക്ഷകൾ 60 ദിവസത്തിനകം തീർപ്പാക്കണം. ഇടക്കാലാശ്വാസവും അനുവദിക്കാം. സംഭവം നടന്ന് ആറു മാസത്തിനുള്ളിൽ അപേക്ഷ നൽകണം. വിചാരണ കഴിഞ്ഞാൽ കോടതികൾക്കും നഷ്ടപരിഹാരം അനുവദിക്കാം. ഇടിച്ച വാഹനം നിർത്താതെ പോയ കേസുകളിൽ പ്രതികളെ തിരിച്ചറിഞ്ഞില്ലെങ്കിലും നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

## നഷ്ടപരിഹാരം ഇങ്ങനെ

- കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് - അഞ്ചു ലക്ഷം രൂപവരെ
- മനഃപൂർവമല്ലാത്ത നരഹത്യ, മാനഭംഗം, 80 % മുകളിൽ അംഗവൈകല്യം, ആസിഡ് അക്രമണത്തിൽ 40 ശതമാനത്തിലധികം പൊള്ളൽ- മൂന്നുലക്ഷം രൂപ
- ശസ്ത്രക്രിയക്കിടെയുണ്ടാകുന്ന ഗുരുതര പരുക്ക്, സ്ത്രീധന പീഡനം, 25 ശതമാനത്തിലധികം പൊള്ളൽ-രണ്ടു ലക്ഷം രൂപ.
- എല്ലു പൊട്ടൽ, വന്ധ്യത- ഒന്നര ലക്ഷം രൂപ
- ആസിഡ് അക്രമത്തിൽ 40% താഴെ വൈകല്യം, 40 മുതൽ 80 % വരെയുള്ള അംഗവൈകല്യം, പുനരധിവാസം-ഒരു ലക്ഷം രൂപ
- ലൈംഗിക അതിക്രമം, കുട്ടികൾക്കെതിരെയുള്ള അതിക്രമം, ഗൗരവമുള്ള മറ്റു പരുക്കുകൾ- 50,000 രൂപ
- 25 ശതമാനത്തിലധികം പൊള്ളൽ-20,000 രൂപ
- ഇരകൾ 14 വയസിനു താഴെയാണെങ്കിൽ ഇരട്ടി നഷ്ടപരിഹാരം നൽകണം.

# ടൗൺ റെയിൽവേ മേല്പാലത്തിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം -വിശ്വാസ്

**പാലക്കാട്:** ടൗൺ റെയിൽവേസ്റ്റേഷൻ റോഡിലെ മേല്പാലത്തിൽ അടിയന്തരമായി തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്ന് വിശ്വാസ് സംഘടന നഗരസഭാധികൃതരോട് ആവശ്യപ്പെട്ടു.

ഇരുട്ടുമൂടി മേല്പാലത്തിലും താഴെയും മോഷണവും പിടിച്ചുപറിയും ലഹരിവില്പനയും ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ വർധിച്ചുവരികയാണ്. ഇരുചക്രവാഹനങ്ങളിൽ പോകുന്നവരെ തടഞ്ഞുനിർത്തി ഉപദ്രവിച്ചുപോലും പിടിച്ചുപറി നടത്തുന്നുണ്ട്.

വൈവാഹിക കുറ്റകൃത്യങ്ങൾക്ക് ഇരകളായ സ്ത്രീകൾക്കും മക്കൾക്കും താത്കാലിക റേഷൻ കാർഡുകൾ ലഭ്യമാക്കാൻ ജില്ലാ സപ്ലൈ ഓഫീസ് മുഖാന്തരം ശ്രമിക്കും. വെടിക്കെട്ടപകടങ്ങൾ ഒഴിവാക്കാൻ ഉദ്യോഗസ്ഥർ, കരിമരുന്ന് ലൈസൻസുള്ളവർ, തൊഴിലാളികൾ എന്നിവർക്ക് ബോധവത്കരണ ക്ലാസെടുക്കും.

കളക്ടറും വിശ്വാസ് പ്രസിഡന്റുമായ പി. മേരിക്കുട്ടി അധ്യക്ഷത വഹിച്ചു. സെക്രട്ടറി പി. പ്രേംനാഥ്, എ.ഡി.എം. എസ്. വിജയൻ, വി.പി. കുര്യാക്കോസ്, ബി. ജയരാജൻ, അഡ്വ. ടി. റിന എന്നിവർ സംസാരിച്ചു.



# കേരള പൊലീസിനു പൊൻതൂവൽ: അന്വേഷണം പഠനവിഷയമാകും

# Attappady still waiting for a munsif court

## State govt. yet to act on High Court's directives in 2006 and 2008

K.A. Shaji

- Nearest court is at Mannarkkad
- Tribesmen skipping judicial process

**PALAKKAD:** The lackadaisical attitude of the State government in setting up a munsif-magistrate court at Attappady as directed by the Kerala High Court twice has evolved into a situation in which the tribal victims of various atrocities are facing denial of justice.

As they have to travel about 100 km to reach the nearest court at Mannarkkad, most tribal people are skipping the judicial process at present. This has turned beneficial for the thriving land mafias and those who abuse tribal women sexually.

The situation is acute, as people have to stay for at least three days in Mannarkkad to file private complaints at the court there.

"The high court had ordered setting up of a court in Attappady in 2006 after learning about the injustice being faced by the tribal community. In the absence of any positive move from the government, the court ordered it again in 2008. But nothing has happened so far," says P. Premnath, advocate, of Viswas, an organisation working for people who were denied justice.

### Recommendations

According to the local community, the T. Madhava Menon Committee that looked into problems plaguing Attappady and its tribal people had also recommended setting up a court there. The block panchayat had promised it would provide all necessary infrastructure.

The Kerala State Scheduled Caste and Schedules Tribes Commission had also preferred a court in Attapady citing the clout of illicit liquor and the drug mafia. The Thaikula Sangom, a women's organisation of tribal women, had submitted many complaints against illicit liquor and drugs with the police but could not pursue the cases in court because of the distance involved.

Tribal leaders said there were many cases of alienated tribal land in which the courts in Mannarkkad and Palakkad had directed restoration.

But often, follow-up action is not taken. Cases of sexual exploitation, illegal sand-mining, and deforestation are also on the increase. Justice also eludes seriously injured victims of wild animal attack.

# മനുഷ്യസംസ്കാരത്തെ സമ്പുഷ്ടമാക്കാൻ സാമൂഹ്യക്ഷേമ വിദ്യാഭ്യാസത്തിന് കഴിയണം -ഡോ. ജോൺസൺ അയൊഡെലെ

**പാലക്കാട്:** സാമൂഹ്യക്ഷേമ വിദ്യാഭ്യാസത്തിന് മനുഷ്യസംസ്കാരത്തെ സമ്പുഷ്ടമാക്കാൻ കഴിയണമെന്ന് നൈജീരിയൻ സാമൂഹ്യശാസ്ത്ര വിദഗ്ധൻ ഡോ. ജോൺസൺ അയൊഡെലെ അഭിപ്രായപ്പെട്ടു.

ഇരകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് മേഴ്സി കോളേജ് സാമൂഹ്യശാസ്ത്രവകുപ്പിന്റെ സഹകരണത്തോടെ നടന്ന അന്തർദേശീയ സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.



വിശ്വാസിന്റെ ആഭിമുഖ്യത്തിൽ മേഴ്സി കോളേജിൽ നടത്തിയ സെമിനാറിൽ ഡോ. ജോൺസൺ അയോഡെലെ മുഖ്യപ്രഭാഷണം നടത്തുന്നു

വ്യക്തികളുടെ പരിണാമത്തിന് സാമൂഹ്യ സ്ഥാപനങ്ങൾക്ക് വലിയൊരു പങ്കുണ്ടെന്നും കൃത്യമായ സാമൂഹ്യ ആസൂത്രണത്തിലൂടെ മാത്രമേ മാറ്റം സാധ്യമാവുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.

മേഴ്സി കോളേജിലെ സാമൂഹ്യക്ഷേമ വിദ്യാർഥികളെ ഉൾപ്പെടുത്തി ആരംഭിച്ച 'വിശ്വാസ്' വളണ്ടിയർ ഗ്രൂപ്പിന്റെ ഉദ്ഘാടനം കളക്ടർ പി. മേരിക്കുട്ടി നിർവഹിച്ചു. വിശ്വാസ് വൈസ് പ്രസിഡന്റുമാരായ വി.പി. കുര്യാക്കോസ്, അഡ്വ. എസ്. ശാന്താദേവി, ഡോ. ജോസ് പോൾ, ചാത്തംകുളം ബിസിനസ് സ്കൂൾ പ്രിൻസിപ്പൽ ടി.പി. കൃഷ്ണകുമാർ, പ്രഫുല്ലദാസ്, അനുപമ, കോളേജിലെ സാമൂഹ്യശാസ്ത്രവിഭാഗമേധാവി ദീപ, സൗമ്യ എം.എസ്. എന്നിവർ പ്രസംഗിച്ചു.

തുടർന്ന്, ലീഡ് കോളേജ് ഓഫ് മാനേജ്മെന്റിൽ 'സാമൂഹ്യവികസനത്തിൽ മാനേജ്മെന്റ് വിദ്യാർഥികളുടെ പങ്ക്' എന്ന വിഷയത്തിൽ നടത്തിയ സെമിനാറിലും മുഖ്യപ്രഭാഷണം നടത്തി. ലീഡ് ചെയർമാൻ ഡോ. തോമസ് ജോർജ് അധ്യക്ഷത വഹിച്ചു. . 31ന് വൈകീട്ട് ഏഴിന് വിശ്വാസ് കുടുംബസംഗമത്തിലും പങ്കെടുക്കും.

## ക്ഷേത്രോത്സവം

## നീതി നിർവഹണം സൈഡ് ബിസിനസ്

# കോടതിയും സർക്കാർ സംവിധാനങ്ങളും അവിടെ ഇരിക്കുന്നവർക്കുവേണ്ടി - ജസ്റ്റിസ് രാമചന്ദ്രൻ നായർ

**അങ്കമാലി**: കോടതിയും സർക്കാർ സംവിധാനങ്ങളും ജനങ്ങൾക്കുവേണ്ടിയല്ല, അവിടെ ഇരിക്കുന്ന അധികാരികൾക്കും ഉദ്യോഗസ്ഥർക്കും വേണ്ടിയുള്ളതാണെന്ന് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ അഭിപ്രായപ്പെട്ടു. കേരള പോലീസ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി 'പോലീസും മനുഷ്യാവകാശവും' എന്ന വിഷയത്തിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നീതി നിർവഹണം സൈഡ് ബിസിനസ്സായി മാറിയിരിക്കുകയാണ്. കോടതികൾ മനുഷ്യത്വത്തോടെ വേണം തീരുമാനങ്ങളെടുക്കാൻ. പ്രതികളെക്കാളും കഷ്ടമാണ് കോടതിയിലെത്തുന്ന സാക്ഷികളുടെ അവസ്ഥ. കോടതിയെ നന്നാക്കാൻ ആർക്കാണ് ശക്തിയുള്ളത്. ശക്തരായ മന്ത്രിമാർ ഉണ്ടാകണം. സുപ്രീംകോടതിയിലെ ഇടത്തരം അഭിഭാഷകരാണ് പലപ്പോഴും കേന്ദ്രത്തിൽ മന്ത്രിയായി എത്തുന്നത്. ഭരണം അവസാനിക്കുമ്പോൾ അവർ പിന്നീട് ഉപജീവനത്തിനായി വീണ്ടും കോടതിയിലെത്തും. അതുകൊണ്ട് കോടതിയെ നന്നാക്കാൻ അവർ ശ്രമിക്കില്ല - അദ്ദേഹം പറഞ്ഞു.

അഴിമതിക്ക് തൂക്കിക്കൊലയാണ് പ്രതിവിധി. പോലീസ് സേനയിൽ അഴിമതി തുടച്ചുമാറ്റണം. അതുപോലെ തന്നെ ജോലി സമയത്ത് മദ്യപിക്കുന്ന
വരെ പിരിച്ചുവിടുകയും വേ
ണം. പോലീസിനെ സ്വതന്ത്ര ഏ
ജൻസിയാക്കണം. സ്വതന്ത്രമ
യും നിർഭയമായും ജോലി ചെ
യ്യാൻ സാഹചര്യം ഉണ്ടാകണം
സ്ഥലം മാറ്റം കിട്ടാൻ മന്ത്രിമാ
ക്കും മറ്റും കൈക്കൂലി കൊട
ക്കേണ്ട സാഹചര്യമാണിന്നുള്ള
ത്. രാഷ്ട്രീയ പാർട്ടികളുടെ സ
മ്മർദവും പോലീസിനുമേൽ
രുന്നു. സ്വയംരക്ഷയ്ക്കായി പോല
സിന് തോക്കു പോലും നൽക
ന്നില്ല. ലാത്തി കൊണ്ട് പട്ടിയി
നിന്നു പോലും രക്ഷപ്പെടാൻ
ഴിയില്ല. പോലീസ് ഉത്തരവാ
ത്വം ഭംഗിയായി നിർവഹിക്കണ
മെന്നും പേ കമ്മീഷനോട് ന
വേതനം ചോദിച്ചുവാങ്ങണമെ
ന്നും അദ്ദേഹം പറഞ്ഞു.

# കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് അഞ്ചു ലക്ഷം വരെ നഷ്ടപരിഹാരം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം●** കുറ്റകൃത്യങ്ങൾക്കും മറ്റും ഇരയാകുന്നവർക്ക് 20,000 രൂപ മുതൽ അഞ്ചു ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകുന്ന പദ്ധതിക്കു മന്ത്രിസഭ അംഗീകാരം നൽകി.

കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് അഞ്ചു ലക്ഷം രൂപ വരെ നഷ്ടപരിഹാരം ലഭിക്കും. കേന്ദ്ര സർക്കാർ 2008 ൽ കൊണ്ടു വന്ന സിആർപിസി ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്ന, സിആർപിസി സെക്ഷൻ 357(എ) യിൽ പറയുന്ന നഷ്ടപരിഹാര പദ്ധതിയാണു സംസ്ഥാനത്തു നിലവിൽ വരുന്നതെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അറിയിച്ചു. ഇരകൾക്കു നൽകാനുള്ള ഫണ്ട് കൈകാര്യം ചെയ്യുന്നതു സംസ്ഥാന ലീഗൽ സർവീസ് അതോറിറ്റിയും, ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയും ചേർന്നായിരിക്കും.

കൊലപാതക ലക്ഷ്യത്തോടെയല്ലാത്ത നരഹത്യ, 80 ശതമാനത്തിലേറെ അംഗവൈകല്യം, ബലാൽസംഗം, 40 ശതമാനത്തിലേറെ വൈകൃതമുണ്ടാക്കുന്ന ആസിഡ് ആക്രമണം എന്നിവയ്ക്കു മൂന്നു ലക്ഷം രൂപ വരെ നഷ്പരിഹാരം ലഭിക്കും. അശ്രദ്ധ മൂലമുള്ള മരണം, സ്ത്രീധന പീഡനം, 25 ശതമാനത്തിലധികമുള്ള പൊള്ളൽ, ശസ്ത്രക്രിയ വേണ്ടിവരുന്ന പരുക്കുകൾ, പ്രധാന അവയവങ്ങൾക്കുണ്ടാകുന്ന ഗുരുതര തകരാർ എന്നിവയ്ക്കു രണ്ടുലക്ഷം വരെയാണു നൽകുക. ഒടിവ്, ഉളുക്ക്, വന്ധ്യത എന്നിവയ്ക്ക് ഒന്നര ലക്ഷം രൂപ ലഭിക്കും. 40% മുതൽ 80% വരെ അംഗവൈകല്യം, 40% വരെ വൈകൃതമുണ്ടാക്കുന്ന ആസിഡ് ആക്രമണം എന്നിവയ്ക്ക് ഒരു ലക്ഷം വരെയാണു നഷ്ടപരിഹാരം.

ഗർഭം അലസൽ, ബാലപീഡനം, ലൈംഗികാതിക്രമം, മറ്റു വിധത്തിൽ പരാമർശിക്കാത്ത വലിയ മുറിവുകൾ എന്നിവയ്ക്ക് 50,000 രൂപ വരെ ലഭിക്കും. ചെറിയ മുറിവുകൾക്ക് 25,000 രൂപവരെയാണ് നൽകുക. 25 ശതമാനത്തിൽ താഴെയുള്ള പൊള്ളലിന് 20,000 രൂപ വരെയാണ്. ഇരകളെ പുനരധിവസിപ്പിക്കുന്നതിന് ഒരു ലക്ഷം രൂപ വരെ നൽകും. 14 വയസിൽ താഴെയുള്ളവർക്ക് 50% വരെ കൂടുതൽ തുക ലഭിക്കും.

## അഭയകേന്ദ്രങ്ങൾക്ക് മാർഗരേഖ

# പീഡനത്തിനിരയായ കുട്ടികളുടെ വിദ്യാഭ്യാസച്ചെലവ് സർക്കാർ ഏറ്റെടുക്കും

സ്വന്തം ലേഖകൻ

**തിരുവനന്തപുരം:** ലൈംഗിക പീഡനത്തിനിരയായി അഭയ കേന്ദ്രങ്ങളിൽ കഴിയുന്ന കുട്ടികളുടെ വിദ്യാഭ്യാസ ച്ചെലവ് പൂർണമായും സർക്കാർ ഏറ്റെടുക്കും. ഉപരി പഠനത്തിൽ താത്പര്യമുള്ള വിഷയങ്ങളിൽ സ്പെഷൽ ട്യൂഷൻ നൽകും. പൊതുപരീക്ഷാഫീസ് ഒഴിവാക്കാനും സർക്കാർ, സ്വകാര്യസ്കൂളുകളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കാനും സാമൂഹിക ക്ഷേമ വകുപ്പ് അംഗീകരിച്ച മാർഗരേഖ നിർദ്ദേശിച്ചു.

ലൈംഗികപീഡനത്തിന് ഇരയായ കുട്ടികളെ പാർപ്പിക്കുന്ന സർക്കാർ, സർക്കാരിതര കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ക്ഷേമം ലക്ഷ്യമിട്ടാണ് മാർഗരേഖ തയ്യാറാക്കിയത്. നിർഭയ പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലയിലും അഭയ കേന്ദ്രങ്ങൾ തുറന്നിരുന്നു.

സുരക്ഷാകാരണങ്ങളാൽ പുറത്തുപോകാൻ കഴിയാത്ത കുട്ടികൾക്കായി അഭയകേന്ദ്രങ്ങളിൽത്തന്നെ പരീക്ഷ എഴുതാൻ സൗകര്യം ഒരുക്കും.

ഔപചാരിക വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത 14 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ഓപ്പൺസ്കൂൾ, സാക്ഷരതാ പരിപാടി തുടങ്ങിയവയിലൂടെ വിദ്യാഭ്യാസം നൽകും. ഇത്തരക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ മറ്റ് അനൗപചാരിക വിദ്യാഭ്യാസ മാർഗങ്ങളും പ്രയോജനപ്പെടുത്തണമെന്ന് മാർഗരേഖ നിർദ്ദേശിക്കുന്നു.

അടിസ്ഥാന വിദ്യാഭ്യാസമുള്ളവർക്ക് ഉപരിപഠനത്തിന് സൗകര്യമൊരുക്കാനും പദ്ധതി തയ്യാറാക്കും. വിദ്യാഭ്യാസം ആവശ്യമില്ലാത്തവർക്ക് തൊഴിൽ പരിശീലനം നൽകും. പെൺകുട്ടികളും സ്ത്രീകളുമടങ്ങുന്ന അന്തേവാസികൾക്ക് സൗജന്യമായി നിയമസഹായം നൽകാൻ എല്ലാ അഭയ കേന്ദ്രങ്ങളിലും നിയമവിദഗ്ദ്ധരെ നിയമിക്കും. ഇതിനായി വനിതകളായ നിയമവിദഗ്ദ്ധരുടെ പാനൽ തയ്യാറാക്കും.

പോഷകാഹാരത്തിനും പ്രത്യേക പദ്ധതികൾ തയ്യാറാക്കും. എച്ച്.ഐ.വി. ബാധിതർ, മുലയൂട്ടുന്ന അമ്മമാർ തുടങ്ങിയവർക്കായാണ് പ്രത്യേക പോഷകാഹാരം ഒരുക്കുക. ഭിന്നശേഷിയുള്ളവർ, ഗർഭിണികൾ, രോഗികൾ എന്നിവർക്ക് മതിയായ വൈദ്യസഹായവും അഭയകേന്ദ്രങ്ങളിൽ ഉണ്ടാകണം. എല്ലാ മാസവും എല്ലാ അന്തേവാസികൾക്കും വൈദ്യപരിശോധയും ഉറപ്പുവരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ശിശുക്ഷേമ സമിതിയുടെയോ, കോടതിയുടെയോ അനുമതിയോടെ മാത്രമേ അന്തേവാസികളെ പാർപ്പിക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

# ബാലനീതി നിയമം ശക്തമാക്കാൻ വിപുലീകൃത സംവിധാനമൊരുങ്ങുന്നു

■ വീടുകളിൽ കഴിയുന്ന പരിചരണമാവശ്യമുള്ള കുട്ടികൾക്ക് പ്രതിമാസം 2000 രൂപ

■ നടപടി കോടികളുടെ കേന്ദ്രഫണ്ട് ലാപ്സാകാതിരിക്കാൻ

**തിരുവനന്തപുരം:** ബാലനീതി നിയമം ശക്തമായി നടപ്പിലാക്കാൻ വിപുലമായ സംവിധാനം സാമൂഹികനീതി വകുപ്പ് ഒരുക്കുന്നു.

പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾക്ക് അവർ ആവശ്യപ്പെടുന്ന സഹായം നൽകുന്നതിനാണ് ഉദ്യോഗസ്ഥസംവിധാനം തന്നെ അടിമുടി മാറ്റുന്നത്.

ഒക്ടോബർ 10നകം എല്ലാ ജില്ലകളിലേക്കും ഇതിനായി ഉദ്യോഗസ്ഥരെ നിയമിക്കും. വർഷങ്ങൾക്ക് മുമ്പ് കേന്ദ്രഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. സമഗ്രശിശുസംരക്ഷണ പദ്ധതിയനുസരിച്ചാണ് ഇത് നടപ്പിലാക്കുന്നത്.

നാളിതുവരെയായിട്ടും നടപ്പാക്കാതിരുന്നതിലൂടെ കേന്ദ്രഫണ്ട് ലാപ്സാകുന്ന സ്ഥിതിയെത്തി. ഈ പശ്ചാത്തലത്തിലാണ് വിപുലമായ സംവിധാനമൊരുക്കി കുട്ടികൾക്കായുള്ള ക്ഷേമപദ്ധതി നടപ്പാക്കാനൊരുങ്ങുന്നത്.

നേരത്തേ സാമൂഹികനീതി വകുപ്പ് ജില്ലാ ഓഫീസർമാർക്ക് കീഴിലായിരുന്നു പ്രത്യേകപരിചരണം ആവശ്യമുള്ള കുട്ടികൾക്കുള്ള ക്ഷേമകാര്യങ്ങൾ നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ പദ്ധതി വിപുലീകരിക്കുന്നതിൻെറ ഭാഗമായി ഇവരിൽ നിന്ന് ചുമതല പ്രൊബേഷൻ ഓഫീസർമാർക്ക് കൈമാറി. ഇത് കൂടാതെ ജില്ലാതലത്തിൽ എട്ട് ഉദ്യോഗസ്ഥരെ നിയമിക്കും.

ജില്ലാ പ്രൊബേഷൻ ഓഫീസർക്കാണ് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറുടെ ചുമതല.

രണ്ട് പ്രൊട്ടക്ഷൻ ഓഫീസർമാർ, ലീഗൽ കം പ്രൊബേഷൻ ഓഫീസർ, സോഷ്യൽ വർക്കർ, കൗൺസലർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ, ഡാറ്റ അനലിസ്റ്റ്, അക്കൗണ്ടൻറ് എന്നിവരെയാണ് നിയമിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേയ്ക്കും ഇത്തരത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കും.

ഔട്ട് റീച്ച് വർക്കർമാരെയും നിയമിക്കുന്നുണ്ട്. സമൂഹത്തിൻെറ വിവിധതലങ്ങളിലുള്ള പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്താനായാണ് ഇവരുടെ നിയമനം. ബാലവേല, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ തുടങ്ങി എല്ലാതലങ്ങളിലുമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് സഹായമെത്തിക്കുകയാണ് ലക്ഷ്യം. ജില്ലാതലത്തിൽ ഓഫീസ് കണ്ടെത്തണമെന്നാണ് നിർദേശം. എന്നാൽ ഓഫീസുകൾ ഇതുവരെ കണ്ടെത്തിയിട്ടില്ല.

വീടിൻെറ അന്തരീക്ഷം പരമാവധി കുട്ടികൾക്ക് ലഭ്യമാക്കും. ബന്ധുക്കളുള്ള കുട്ടികളെ വീട്ടിൽ തന്നെ പാർപ്പിക്കും. വീട്ടിൽ കഴിയുന്ന കുട്ടികൾക്ക് നേരിട്ട് ധനസഹായം നൽകും. പ്രതിമാസം 2000 രൂപയാണ് ഒരു കുട്ടിക്ക് നൽകുന്നത്.

# കുറ്റകൃത്യ ഇരകൾക്കു മേൽത്തട്ട് വ്യവസ്ഥ: പരിശോധിക്കുമെന്നു മന്ത്രി

## നഷ്ടപരിഹാരം സംബന്ധിച്ചു ബോധവത്കരണം നടത്തുമെന്ന് കെൽസ അധികൃതർ

പാലക്കാട് ● കുറ്റകൃത്യങ്ങളിലെ ഇരകൾക്കുള്ള നഷ്ടപരിഹാരപദ്ധതി ചട്ടത്തിലെ മേൽത്തട്ടുവ്യവസ്ഥ ഭേദഗതിചെയ്യാനുള്ള ശുപാർശയിൽ നടപടി വേഗത്തിലാക്കുന്നതു പരിശോധിക്കുമെന്ന് നിയമമന്ത്രി എ.കെ.ബാലൻ.

ഇരകളോട് ഒരു തരത്തിലുള്ള വിവേചനവും കാണിക്കരുതെന്നു ഹൈക്കോടതികളും പരമോന്നത കോടതിയും വ്യക്തമാക്കിയിട്ടുണ്ട്. അവർക്ക് ആത്മവിശ്വാസം ഉണ്ടാക്കുന്ന സമീപനവും സഹായിക്കാനുള്ള പദ്ധതികളുമാണ് ആവശ്യം. ഇരകൾക്കുള്ള നഷ്ടപരിഹാരത്തിന് അപേക്ഷിക്കാൻ പദ്ധതി ചട്ടത്തിൽ മേൽത്തട്ടു വ്യവസ്ഥ ഏർപ്പെടുത്തിയതു സംബന്ധിച്ച 'മനോരമ' വാർത്തയോട് പ്രതികരിക്കുകയായിരുന്നു മന്ത്രി. ഇരകളുടെ കുടുംബ

വരുമാനം മേൽത്തട്ടുവ്യവസ്ഥയനുസരിച്ചു ഉയർന്നതാണെങ്കിൽ നഷ്ടപരിഹാരത്തിന് അർഹതയില്ലെന്ന ചട്ടം ഒരു വിഭാഗത്തിനു നീതി നിഷേധിക്കുന്നുവന്നാണ് ആക്ഷേപം. ചട്ടം അടിയന്തരമായി ഭേദഗതിചെയ്യാൻ സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി ( കെൽസ) രണ്ടുവർഷം മുൻപു നൽകിയ ശുപാർശയിൽ സർക്കാർ നടപടി സ്വീകരിച്ചില്ല.

അതിനിടെ, ആനുകൂല്യം സംബന്ധിച്ചു ജില്ലാ ലീഗൽ സർവീസസ് അതോറിറ്റികൾ മുഖേന വ്യാപക ബോധവൽക്കരണം ആരംഭിക്കുമെന്ന് കെൽസ അധികൃതർ പറഞ്ഞു. നഷ്ടപരിഹാരം അനുവദിക്കുന്നതിൽ വിവേചനം ഇല്ലാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. നഷ്ടപരിഹാരം സംബന്ധിച്ചു ബോധവത്കരണത്തിനു തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധസംഘടനകളെയും പദ്ധതിയിൽ പങ്കാളികളാക്കണമെന്നു ഇരകൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഏക സംഘടനയായ വിശ്വാസ് അധികൃതരോട് ആവശ്യപ്പെട്ടു.

# ജനകീയ മേളയിൽ അവരെത്തി നിഷേധിക്കപ്പെട്ട നീതി തേടി



ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ നിയമസഹായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടന്ന ജനകീയ നീതിമേളയിൽ നിന്ന്.

പാലക്കാട് ● 'എനിക്ക് ഇനി വൃദ്ധസദനത്തിൽ പോകാൻ സൗകര്യം ഒരുക്കിത്തരണം, മരുന്ന് വാങ്ങാനോ വാടക കൊടുക്കാനോ എന്റെ കൈവശം പണമില്ല.' ഭാര്യയും മകനും വീടും സ്ഥലവും ഉണ്ടായിട്ടും വാടക വീട്ടിൽ കഴിയേണ്ടിവന്ന കോങ്ങാട് സ്വദേശി വിജയമോഹൻ (63) ആണ് നീതി തേടിയെത്തിയത്.

കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്കായിപ്രവർത്തിക്കുന്ന വിശ്വാസ്, അഡ്വക്കറ്റ് കൗൺസിൽ ഫോർ ഹ്യൂമൺ റൈറ്റ്സ് പ്രൊട്ടക് ഷന്റെ നേതൃത്വത്തിൽ രൂപീകരിച്ച ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ സ്മാരക നിയമ സഹായ കേന്ദ്രം കലക്ടറേറ്റിൽ നടത്തിയ ജനകീയ നീതി മേളയാണു നീതിതേടിയെത്തിയവർക്ക് അനുഗ്രഹമായത്.

സ്വന്തം ഭൂമിവിൽക്കാനും വൃദ്ധസദനത്തിൽ തുടർ ജീവിതം നയിക്കാനും അവസരം ഒരുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പരാതി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് അധികൃതർ ഉറപ്പു നൽകിയെന്നു വിജയമോഹൻ പറഞ്ഞു.

ജപ്തി നോട്ടീസ് ലഭിച്ച് വീടും പുരയിടവും നഷ്ടമാകുന്നതിനു മുൻപെങ്കിലും അപകടത്തിൽ മരിച്ച ഭർത്താവിന്റെ ഇൻഷുറൻസ് പണം ലഭ്യമാക്കണമെന്നാവശ്യവുമായി തേങ്കുറുശ്ശി വെമ്പല്ലൂർ പറയംപാടി കുഞ്ഞുവിന്റെ ഭാര്യ രുഗ്മിണി (52) നീതിമേളയിലെത്തി. ടാങ്കർ ലോറി ഡ്രൈവറായിരുന്ന കുഞ്ഞു 2000 ഡിസംബറിൽ തമിഴ്നാട് സൂലൂരിൽ വാനുമായി കൂട്ടിയിടിച്ച് മരിച്ചിരുന്നു. സൂലൂരിലെ കോടതിയിൽ ഏഴുവർഷം കേസ് നടത്തുകയും പിന്നീട് മദ്രാസ് ഹൈക്കോടതിയിൽ ഏഴു വർഷം കേസ് നടത്തിയെങ്കിലും ഇൻഷുറൻസ് ലഭിച്ചില്ല. ചികിൽസയ്ക്കും കോടതി ചെലവുകൾക്കും മറ്റുമായി നല്ലൊരു തുക ചെലവാകുകയും ചെയ്തു. ഇതിനിടെ വീട് നിർമാണത്തിനായി സമീപത്തെ കാർഷിക വികസന ബാങ്കിൽ നിന്ന് ഒരു ലക്ഷം രൂപ എടുത്തെങ്കിലും ബുദ്ധിമുട്ടുകാരണം അടച്ചു തീർക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞമാസം വീട്ടിലേക്ക് ജപ്തി നോട്ടീസ് വന്നെന്നും രുഗ്മിണി പറഞ്ഞു. ഭർത്താവിന്റെ അപകട ഇൻഷുറൻസ് പണം കിട്ടിയാൽ ജപ്തി നടപടി ഇല്ലാതാക്കാം. വ്യവഹാര നടപടികൾ ത്വരിതമാക്കി പണം ലഭ്യമാക്കണമെന്ന പരാതി നടപടി സ്വീകരിക്കുമെന്നു മേളയിൽ പങ്കെടുത്തവർ പറഞ്ഞു. തത്തമംഗലത്തെ 48 കുടുംബങ്ങൾക്ക് നടപ്പാത വേണമെന്നാവശ്യമടക്കം 60 പരാതികൾ മേളയിൽ പരിഗണിച്ചു. ഇവയെല്ലാം കൂടുതൽ അന്വേഷണം നടത്തുമെന്നും എല്ലാ മാസവും മേള സംഘടിപ്പിക്കുകയും ചെയ്യും. മേള അഡ്വക്കറ്റ്സ് കൗൺസിൽ ഫോർ ഹ്യൂമൺ റൈറ്റ്സ് പ്രൊട്ടക്ഷൻ വൈസ് പ്രസിഡന്റ് എസ്. ശാന്തകുമാരി ഉദ്ഘാടനം ചെയ്തു. വിശ്വാസ് വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ് അധ്യക്ഷനായി. സുനിൽ എം. കാരാണി, പി.വി. രാമദാസ് എന്നിവർ പരാതികൾ പരിഗണിച്ചു.

# സിവിൽസ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കും

## എസ്റ്റിമേറ്റെടുക്കാൻ കളക്ടറുടെ നിർദേശം

**പാലക്കാട്:** സിവിൽസ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കാൻ നടപടിയെടുക്കുമെന്ന് കളക്ടർ. ജില്ലയുടെ വിവിധഭാഗങ്ങളിൽ നിന്ന് പല ആവശ്യങ്ങൾക്കായെത്തുന്ന പൊതുജനങ്ങളുടെ സൗകര്യാർഥമാണ് ലിഫ്റ്റ് സ്ഥാപിക്കുന്നത്.

പി.എസ്.സി. ഓഫീസിലെത്തിയ ശാരീരികവൈകല്യം ബാധിച്ച യുവാവിനെയുമെടുത്ത് 60 വയസ്സുള്ള അച്ഛൻ സിവിൽ സ്റ്റേഷനിലെ പടികൾ കയറിയിറങ്ങേണ്ടിവന്ന സംഭവം ചിത്രം സഹിതം മാതൃഭൂമി വാർത്തയാക്കിയിരുന്നു. ഇതേത്തുടർന്നാണ് കളക്ടർ ലിഫ്റ്റ് സ്ഥാപിക്കാൻ നടപടിയെടുക്കുമെന്ന് അറിയിച്ചത്.


കളക്ടർ കാണുമോ, ഈ ദുരിതം

എസ്റ്റിമേറ്റെടുക്കാൻ പി.ഡബ്ല്യു.ഡി.ക്ക് നിർദേശം നൽകിയിട്ടുണ്ട്. ലിഫ്റ്റ് സ്ഥാപിക്കാൻ 20 ലക്ഷം ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. ഇതിന് പ്രത്യേകം കെട്ടിടം വേണം. സിവിൽ സ്റ്റേഷൻ സമുച്ചയത്തിൽ നിലവിൽ ഇതിനുവേണ്ട സൗകര്യമില്ല. കെട്ടിടത്തിന് ഇതേ കോമ്പൗണ്ടിൽ സ്ഥലം കണ്ടെത്തണം. മറ്റൊന്ന് ഫണ്ടാണ്. എസ്റ്റിമേറ്റ് സമർപ്പിച്ചാൽ സർക്കാർഫണ്ട് അനുവദിക്കുന്നമുറയ്ക്ക് പണി തുടങ്ങാം.

ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റും കെ.എസ്.ഇ.ബി.യും പി.ഡബ്ല്യു.ഡി. യും ചേർന്ന് നടപ്പാക്കേണ്ടതാണിത്. ഷാഫിപറമ്പിൽ എം.എൽ.എ.യുടെ ഫണ്ടിൽനിന്ന് ലിഫ്റ്റ് സ്ഥാപിക്കാൻ വേണ്ട തുക അനുവദിച്ചേക്കും.

അത് നടപ്പാവുകയാണെങ്കിൽ ഒട്ടും വൈകാതെ ലിഫ്റ്റ് ഏർപ്പെടുത്താനാവുമെന്ന് കളക്ടർ പറഞ്ഞു.

'വിശ്വാസ്' സംഘടനയുടെ സെക്രട്ടറി പി. പ്രേംനാഥും ലിഫ്റ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കളക്ടർക്ക് നിവേദനം നൽകിയിട്ടുണ്ട്.

സിവിൽസ്റ്റേഷനിൽത്തന്നെ അംഗപരിമിതരായ ജീവനക്കാരുണ്ട്. ലിഫ്റ്റ് സ്ഥാപിച്ചാൽ അവർക്കും ഉപകാരപ്രദമാവും.

# സിവിൽ സ്റ്റേഷനിൽ ലിഫ്റ്റിന് തുക അനുവദിക്കും

## • 3 നിലയുള്ള കലക്ടറേറ്റിൽ ലിഫ്റ്റ് അത്യാവശ്യം

പാലക്കാട് • ജില്ലാ കലക്ടറുടെതുൾപ്പെടെ ഒട്ടേറെ ഓഫിസുകൾ സ്ഥിതി ചെയ്യുന്ന സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കാൻ തുക അനുവദിക്കുമെന്നു ഷാഫി പറമ്പിൽ എംഎൽഎ. അംഗപരിമിതരും അവശത അനുഭവിക്കുന്നവരും സിവിൽസ്റ്റേഷനിലെ ഓഫിസുകളിൽ കയറി ഇറങ്ങാൻ ഏറെ ക്ലേശിക്കുന്ന സാഹചര്യത്തിലാണു നടപടി. ആസ്തി വികസന ഫണ്ടിൽ നിന്നാണു തുക വകയിരുത്തുകയെന്ന് അദ്ദേഹം അറിയിച്ചു.

മൂന്നു നിലകളുള്ള കലക്ടറേറ്റിൽ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തണമെന്നതു കാലങ്ങളായുള്ള ആവശ്യമാണ്. വിവിധ സംഘടനകൾ ഇതു സംബന്ധിച്ച് ഒട്ടേറെ തവണ നിവേദനം നൽകിയിരുന്നു. സിവിൽസ്റ്റേഷനിലുള്ള ഓഫിസുകളിലേക്കു കയറിപ്പോകാൻ പലയിടത്തായി കോണിപ്പടികൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ശാരീരിക അവശത നേരിടുന്നവർക്കായി പ്രത്യേക സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

അംഗപരിമിതി ഉള്ള ഉദ്യോഗസ്ഥരും സിവിൽസ്റ്റേഷനിലെ വിവിധ ഓഫിസുകളിൽ ജോലി ചെയ്യുന്നുണ്ട്.

ഇവർ പലപ്പോഴും സഹപ്രവർത്തകരുടെ കൈപിടിച്ചാണു പടികൾ കയറി ഓഫിസിലെത്തുന്നത്. ശാരീരിക വൈകല്യം ഉള്ള ഒട്ടേറെ പേർ ലോട്ടറി വിറ്റാണു ഉപജീവനമാർഗം കണ്ടെത്തുന്നത്. ഇവർക്ക് ലോട്ടറി നൽകേണ്ട ജില്ലാ ലോട്ടറി ഓഫിസ് പോലും സിവിൽസ്റ്റേഷനിൽ മുകൾ നിലയിലാണ്.

എഡിഎമ്മിന്റെ ഓഫിസ്, പിഎസ്‌സി, ജില്ലാ മെഡിക്കൽ ഓഫിസ്, ജില്ലാ സപ്ലൈ ഓഫിസ്, ജില്ലാ കൃഷി ഓഫിസ് തുടങ്ങിയ സ്ഥാപനങ്ങളും മുകൾ നിലയിലാണ്. ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക നടപടികൾ ത്വരിതഗതിയിലാക്കാൻ ആവശ്യപ്പെടുമെന്നും എംഎൽഎ അറിയിച്ചു.

# ജഡ്ജിമാരുടെ വിശ്വാസ്യത ഇല്ലാതാകുന്നത് ജനാധിപത്യത്തിന് അപകടം: ശങ്കരനാരായണൻ

## വിശ്വാസിന്റെ പുരസ്കാരം മുൻ ഐജി വി.എൻ. രാജന് സമ്മാനിച്ചു




പാലക്കാട്ട് വിശ്വാസ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് സമർപ്പണവും സെമിനാറും മഹാരാഷ്ട്ര മുൻ ഗവർണർ കെ. ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്യുന്നു.

പാലക്കാട് ● ജഡ്ജിമാരുടെ വിശ്വാസ്യത ഇല്ലാതാകുന്നത് ജനാധിപത്യത്തിന് അപകടമാണെന്ന് മഹാരാഷ്ട്രമുൻഗവർണർകെ.ശങ്കരനാരായണൻ. കാലത്തിനും സമൂഹത്തിന്റെ മാറ്റത്തിനുമനുസരിച്ച് നിയമങ്ങൾ മാറണം. അല്ലെങ്കിൽ മാറുന്നകാലത്തിൽ അതിനു നിലനിൽപ്പില്ല. കുറ്റകൃത്യത്തിന്റെ എല്ലാവശങ്ങളും പരിഗണിച്ചു നിയമം നടപ്പാക്കേണ്ടവരായതിനാൽ ജഡ്ജിമാർ സ്വതന്ത്രരായിരിക്കണം. സമൂഹത്തിന്റെ വിശ്വാസവും അതാണ്. എന്നാൽ ആ സ്ഥിതി നഷ്ടപ്പെടുകയാണെന്ന് ജഡ്ജിമാർ തന്നെ പറയുന്നു. കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് കുറ്റകൃത്യങ്ങൾ തടയുന്നതിൽ സമൂഹത്തിന്റെ പങ്ക് എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ശങ്കരനാരായണൻ.

സമഗ്രസംഭാവനക്കുള്ള വിശ്വാസിന്റെ പുരസ്കാരം മുൻ ഐജി വിഎൻ.രാജനു സമ്മാനിച്ചു. പൊലീസ് വകുപ്പിലെ മികച്ച മാതൃകയാണ് വി.എൻ.രാജനെന്നും അദ്ദേഹത്തിന്റെ ജീവിതം നിരവധിപേർക്കു പ്രചോദനമായെന്നും ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ പറഞ്ഞു. ക്ഷേമ പ്രവർത്തനങ്ങൾക്കു സഹായം ചെയ്യുന്ന മലബാർ സിമന്റ്സിനു വേണ്ടി എംഡി കെ. പത്മകുമാറിനെയും ആദരിച്ചു. ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽസയൻസ് പ്രഫ. ഡോ. പിഎം. നായർ, ഡോ. കെ.തോമസ് ജോർജ്, വിശ്വാസ് പ്രസിഡന്റും ജില്ലാകലക്ടറുമായ പി.മേരിക്കുട്ടി, സെക്രട്ടറി പി.പ്രേംനാഥ്, വൈസ്പ്രസിഡന്റുമാരായ വി.പി.കുര്യാക്കോസ്, അഡ്വ. എസ്.ശാന്താദേവി, ജോയിന്റ് സെക്രട്ടറി അഡ്വ.ടി. റീന ജെയ്ജിത്ത് എന്നിവർ പ്രസംഗിച്ചു.



കുറ്റകൃത്യങ്ങൾക്ക് ഇരയായവർക്കുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ച് മുൻ ഐജി. വി.എൻ. രാജന് വിശ്വാസ് നൽകുന്ന ലൈഫ്ടൈം അച്ചീവ്മെൻറ് അവാർഡ് മഹാരാഷ്ട്ര മുൻഗവർണർ കെ. ശങ്കരനാരായണൻ സമ്മാനിക്കുന്നു

# നേരായ വഴിക്ക് നയിക്കാൻ കഴിയില്ലെങ്കിൽ മക്കളെ വേണ്ടെന്ന് വെക്കണം -കെ. ശങ്കരനാരായണൻ

**പാലക്കാട്:** സ്വന്തം മക്കളെ നേരായവഴിക്ക് നയിക്കാൻ കഴിയില്ലെന്നുണ്ടെങ്കിൽ അങ്ങനെയുള്ളവർ മക്കളെ വേണ്ടെന്ന് വെക്കണമെന്ന് മഹാരാഷ്ട്ര മുൻഗവർണർ കെ. ശങ്കരനാരായണൻ പറഞ്ഞു. വിശ്വാസ് സംഘടിപ്പിച്ച സെമിനാറും മുൻ ഐ.ജി. വി.എൻ. രാജന് ലൈഫ്ടൈം അച്ചീവ്മെൻറ് അവാർഡ് സമർപ്പണച്ചടങ്ങും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കുറ്റവാളികൾ ആര് എന്നത് സംബന്ധിച്ച നിർവചനം മാറ്റണം. കാലം മാറുന്നതനുസരിച്ച് നിയമം മാറ്റിയില്ലെങ്കിൽ അതുകൊണ്ട് പ്രയോജനമില്ല. നീതിന്യായവ്യവസ്ഥയിൽ നീതിയും ന്യായവും നഷ്ടപ്പെടുന്നുവെന്ന് ജഡ്ജിമാർ തന്നെ പറയുന്നു. ആ പ്രവണത ജനാധിപത്യത്തിന് അപകടമാണെന്നും അദ്ദേഹം പറഞ്ഞു.

പോക്കറ്റിൽ പണമുണ്ടെങ്കിൽ എവിടെനിന്നും അവാർഡ് കിട്ടുന്ന കാലമാണിത്. ഈ കാലത്താണ് അർഹിക്കുന്ന അംഗീകാരം വി.എൻ. രാജന് നൽകുന്നത്. ഇന്ത്യൻ പോലീസിൽ അഴിമതിയെന്തെന്ന് അറിയാത്ത ഉദ്യോഗസ്ഥനാണ് വി.എൻ. രാജനെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ അധ്യക്ഷനായി. മുൻ ഡി.ജി.പി. ഡോ. പി.എം. നായർ മുഖ്യപ്രഭാഷണം നടത്തി. കളക്ടർ പി. മേരിക്കുട്ടി, എ.പി.പി. പി. പ്രേംനാഥ്, ഡോ. കെ. തോമസ് ജോർജ്, മലബാർ സിമൻറ്സ് എം.ഡി. കെ. പത്മകുമാർ, ബി. ജയരാജ്, അഡ്വ. എസ്. ശാന്താദേവി, വി.പി. കുര്യാക്കോസ്, അഡ്വ. ടി. റീന ജെയ്ജിത്ത്, പ്രഫുല്ലദാസ് എന്നിവർ സംസാരിച്ചു.

# Tackling an endemic problem



**JOINING HANDS:** *Palat Mohandas, the former State Information Commissioner, inaugurating the International Anti-Corruption Day observation programme organised by Victims Information, Sensitisation, Welfare and Assistance Society (Viswas) in Palakkad on Monday.*



വിശ്വാസ് സംഘടിപ്പിച്ച അന്താരാഷ്ട്ര അഴിമതിവിരുദ്ധ ദിനാചരണം മുൻ ചീഫ് സെക്രട്ടറി പാലാട്ട് മോഹൻദാസ് ഉദ്ഘാടനം ചെയ്യുന്നു

# അന്താരാഷ്ട്ര അഴിമതിവിരുദ്ധ ദിനാചരണം

**പാലക്കാട്:** ഭരണം സുതാര്യമാകുന്നതിനനുസരിച്ച് അഴിമതി നിരക്ക് കുറഞ്ഞുവരുമെന്ന് മുൻ ചീഫ്സെക്രട്ടറി പാലാട്ട് മോഹൻദാസ് പറഞ്ഞു. അന്താരാഷ്ട്ര അഴിമതിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ 'വിശ്വാസ്' സംഘടിപ്പിച്ച യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അഴിമതിവിരുദ്ധ പ്രതിജ്ഞ ജീവനക്കാർക്ക് കളക്ടർ ചൊല്ലിക്കൊടുത്തു.

കളക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷതവഹിച്ചു. വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ് സ്വാഗതവും വൈസ്പ്രസിഡൻറ് വി.പി. കുര്യാക്കോസ് നന്ദിയും പറഞ്ഞു.

## നീതി തേടുന്ന ബാല്യ കൗമാരങ്ങൾ

"ഓരോ ശിശുരോദനത്തിലും കേൾപ്പു നാം
ഒരുകോടി ഈശ്വര വിലാപം"

മനുഷ്യന്റെ പിതാവും ഈശ്വരൻ തന്ന നിധിയും വരുവാനിരിക്കും വസന്തകാലത്തിന്റെ അധിപനുമാണ് കുട്ടി എന്ന് കവികളും ചിന്തകന്മാരും പറയുന്നു, പാടുന്നു. കുട്ടിക്കിണങ്ങുന്ന ഒരു ലോകം കെട്ടിപ്പടുക്കാൻ കുടുംബത്തിന് സമൂഹത്തിന് - ഭരണകൂടങ്ങൾക്ക് രാഷ്ട്രത്തിന് കഴിയേണ്ടതല്ലേ? കഴിയുന്നുണ്ടോ? ഐക്യരാഷ്ട്രസഭയും ഇന്ത്യൻ ഭരണഘടനയും ഇന്ത്യൻ നീതിന്യായ വ്യവസ്ഥയും കുട്ടിക്കു നൽകുന്ന പരിരക്ഷകൾ എന്തെല്ലാം?

ശൈശവ വിവാഹ നിരോധനത്തിന്റെ, അടിമവേല നിരോധനത്തിന്റെ, ബാലാവകാശ സംരക്ഷണ നിയമത്തിന്റെ, വിദ്യാഭ്യാസാവകാശ നിയമത്തിന്റെ, ലൈംഗികാതിക്രമ സംരക്ഷണ നിയമത്തിന്റെ, ബാല നീതി നിയമത്തിന്റെ, ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ എല്ലാം വഴി വിളക്കുകളുടെ അരണ്ട വെളിച്ചത്തിലൂടെ നമ്മുടെ സമൂഹം ഇഴഞ്ഞു നീങ്ങുന്നു.

എന്നിട്ടും ഒരു കോടിയിലേറെ കുട്ടികൾ വർഷങ്ങളായി അഭയാർത്ഥി അനാഥാലയങ്ങളിൽ, ക്യാമ്പുകളിൽ, കുട്ടിക്കടത്തുകാരുടെ - പെൺവാണിഭക്കാരുടെ - ബാല ഭിക്ഷാടന മാഫിയകളുടെ - ഭീകര സംഘടനകളുടെയെല്ലാം പിടിയിൽ.

കഴിഞ്ഞ 5 വർഷത്തിനിടയിൽ കുട്ടികൾക്കെതിരായ അതിക്രമങ്ങൾ 4 മടങ്ങു വർദ്ധിച്ചിരിക്കുന്നു. നിയമവുമായി സമരസപ്പെടാത്ത കുട്ടികളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിലാണ് നമ്മുടെ പാർലമെന്റ് ബാലാവകാശ സംരക്ഷണ നിയമത്തിന്റെ ഭേദഗതി ബിൽ പാസാക്കിയത്. ഇതിന്റെ പ്രത്യാഘാതങ്ങൾ - സമൂഹത്തെ ബാലകൗമാര മനസ്സുകളെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു എന്ന് ചിന്തിക്കാൻ നമുക്ക് ഒത്തുചേരാം.

വിശ്വാസിന്റെ മൂന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ജനുവരി രണ്ടിന് (ശനിയാഴ്ച) രാവിലെ 10 മണിക്ക് പാലക്കാട് കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തുന്ന സെമിനാറിൽ വിദഗ്ദ്ധർ പങ്കെടുത്ത് സംസാരിക്കും. തദവസരത്തിൽ ഏവരെയും സഹർഷം സ്വാഗതം ചെയ്യുന്നു.

| | |
|---|---|
| **ശ്രീമതി. പി.മേരിക്കുട്ടി IAS**<br>**ജില്ലാ കലക്ടർ & പ്രസിഡണ്ട്**<br>**വിശ്വാസ്** | **ശ്രീ.പി.പ്രേംനാഥ്**<br>**APP & സെക്രട്ടറി**<br>**വിശ്വാസ്** |

## കാര്യപരിപാടി

| | | |
|---|---|---|
| രാവിലെ 9.30 | : | രജിസ്ട്രേഷൻ |
| 10.00 | : | ഉദ്ഘാടനം |
| പ്രാർത്ഥന | : | അഡ്വ.റീന ജയ്ജിത്ത്, ജോ.സെക്രട്ടറി |
| സ്വാഗതം | : | പി.പ്രേംനാഥ്, സെക്രട്ടറി |
| അദ്ധ്യക്ഷപ്രസംഗം | : | വി.പി.കുര്യക്കോസ്, വൈസ് പ്രസിഡണ്ട് |
| ഉദ്ഘാടനം | : | **ബഹു: ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ** |
| മുഖ്യാതിഥി | : | ശ്രീമതി.ബിനുമോൾ.കെ<br>ചെയർപേഴ്സൻ ജില്ലാ പഞ്ചായത്ത്<br>വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി |

മുഖ്യ പ്രഭാഷണം : ശ്രീമതി.സ്മിത സതീഷ്
JJB മെമ്പർ, തൃശ്ശൂർ

പ്രഭാഷകർ : ശ്രീ.വി.എസ്.മുഹമ്മദ് കാസിം
DYSP, പാലക്കാട്

: ശ്രീമതി.ബീനാഗോവിന്ദ്
സ്റ്റാഫ് റിപ്പോർട്ടർ, മാതൃഭൂമി

: ഡോ.ജോസ്പോൾ
ചെയർമാൻ, CWC

: ശ്രീമതി. സി.സുന്ദരി
അസി.ഡയറക്ടർ, സാമൂഹിക നീതി വകുപ്പ്.

: അഡ്വ.അപർണ
ലീഗൽ / പ്രൊബേഷൻ ഓഫീസർ
ഡി.സി.പി.യു.

: അഡ്വ. പി. ശ്രീപ്രകാശ്

: ശ്രീ. കെ. ജി. ലിയോനാർഡ്

: വിവിധ വിദ്യാലയങ്ങളിൽ നിന്നുള്ള
വിദ്യാർത്ഥി പ്രതിനിധികളും

നന്ദി : അഡ്വ.എസ്.ശാന്താദേവി
വൈസ് പ്രസിഡണ്ട്.

VISWAS


Civil Station, Palakkad District, 678 001, Kerala,
Mob: 9400933444, 9447137244
E Mail: viswasforvictims@gmail.com f viswaspalakkad


VISWAS

**VICTIMS INFORMATION, SENSITISATION, WELFARE & ASSISTANCE SOCIETY**

# വിശ്വാസ്

## മൂന്നാം വാർഷിക ആഘോഷങ്ങളും

## "നീതി തേടുന്ന ബാല്യകൗമാരങ്ങൾ"

## സെമിനാറും

**2016 ജനുവരി 2 ന് (ശനിയാഴ്ച) രാവിലെ 10 മണി**
**പാലക്കാട് ജില്ലാ കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ**

ഉദ്ഘാടകൻ : ബഹു: ജസ്റ്റീസ് ചേറ്റൂർ ശങ്കരൻനായർ

മുഖ്യാതിഥി : ശ്രീമതി. ബിനുമോൾ.കെ
ചെയർപേഴ്സൻ ജില്ലാ പഞ്ചായത്ത്
വിദ്യാഭ്യാസം, ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി

മുഖ്യപ്രഭാഷണം : ശ്രീമതി.സ്മിത സതീഷ്
(JJB മെമ്പർ, തൃശ്ശൂർ)

irst experiment, then they can at-
eryone. When Hitler came to pow-
ermany, he first tried to curb writ-
usicians and artists, especially
laureate Thomas Mann. We should
ber that MT had introduced Tho-
Iann to Malayalis. Followers of
alleged that the writers, includ-
nn, were give wrong information

tude to write. However, the present situation forced me to break my pledge," said Madhavan.

DCC president T N Prathapan presided over the function. Akademi former secretary R Gopalakrishnan, political observer K Venu and critic Balachandran Vadakkedathu were among those who attended the function.

# Neethikarnam scheme launched in Palakkad

**EXPRESS NEWS SERVICE**
@Palakkad

THE Neethikarnam scheme being implemented by the District Legal Services Authority and Viswas, an NGO for those who had been victims of child abuse and other related atrocities, was inaugurated here on Monday.

At the function held at the collectorate conference hall, the judge of the Kerala High Court Justice A Mohammed Musthaq inaugurated the scheme.

Justice A Mohammed Musthaq said that incidents of children being subjected to sexual abuse have increased manifold and clinics need to be opened for them.

Those children who were subjected to child abuse suffer a lot of social and mental pressure in day-to-day life and therefore there was the need for intervention from the side of the government.

He said the independent views of the victims should be recorded. The courts should also see that sufficient compensation is provided to those children who were victims of criminal cases.

District Collector P Marykutty presided over the meet. At the inaugural function,the handbook brought out as part of Neethikarnam scheme was released by handing it over to Justice Mohammed Musthaq by the member secretary of the Kerala Legal Services Authority P Sathyan.


District Medical Officer K P Rita, Viswas secretary P Premnath, secretary of the district Legal Services Authority Rajiv Jayaraj and district child protection officer Prafulla Das were present.

As part of the Neethikarnam scheme, training will be provided to the personnel of the police, social justice and health departments along with para legal volunteers.

A batch of 30 persons will be provided training each time. Classes will be imparted by criminologists, psychologists and counsellors on 'crime counselling.'

ing
zle

**CROSS WORD**



# 'നീതികിരണം' പദ്ധതി ഉദ്ഘാടനം ചെയ്തു

**പാലക്കാട്** > വിശ്വാസിന്റെയും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ നീതികിരണം പദ്ധതി ഉദ്ഘാടനവും വിശ്വാസ് നാലാം വാർഷികാഘോഷവും കലക്ടറേറ്റ് സമ്മേളന ഹാളിൽ ഹൈക്കോടതി ജസ്റ്റിസ് എ മുഹമ്മദ് മുസ്താഖ് ഉദ്ഘാടനം ചെയ്തു. ലൈംഗികാതിക്രമം നേരിടുന്ന കുട്ടികൾ ഏറെയുണ്ടെന്നും ഇവർക്ക് ക്ലിനിക്കുകൾ ആരംഭിക്കണമെന്നും ഹൈക്കോടതി ജസ്റ്റിസ് എ മുഹമ്മദ് മുസ്താഖ് ആവശ്യപ്പെട്ടു. കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർ ആഘാതാനന്തര സമ്മർദം അനുഭവിക്കുന്നവരാണെന്നും ഇവരുടെ കാര്യത്തിൽ ക്രിയാത്മക ഇടപെടൽ ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ക്രിമിനൽ നീതിന്യായ വ്യവസ്ഥിതിയിൽ കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർക്ക് പ്രത്യേക സ്ഥാനം നൽകണമെന്നും മധ്യസ്ഥതയിലൂടെ ഇത്തരം കേസുകൾ ഒത്തുതീർക്കുന്നത് പ്രതികളുടെ സമ്മർദംമൂലമാകരുത്. അവിടെ ഇരകളുടെ സമ്പൂർണമായ അഭിപ്രായത്തെ മാനിക്കണം. ക്രിമിനൽ കേസുകളിൽ ഇരകൾക്ക് മതിയായ നഷ്ടപരിഹാരം അനുവദിക്കാൻ കോടതികൾ താൽപ്പര്യം കാണിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കലക്ടർ പി മേരിക്കുട്ടി അധ്യക്ഷയായി. കെ സത്യൻ നീതികിരണത്തെക്കുറിച്ച് കൈപ്പുസ്തകം പ്രകാശനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ കെ പി റീത്ത, പി പ്രേംനാഥ്, ഡോ. ജോസ് പോൾ, രാജീവ് മയരാജ്, പ്രഫുല്ലദാസ്, വി പി കുര്യാക്കോസ്, അഡ്വ. ഗിരീഷ് കെ മേനോൻ, അഡ്വ. റീന എന്നിവർ സംസാരിച്ചു. എല്ലാ മാസവും മുപ്പത്തഞ്ചുപേരടങ്ങുന്ന ബാച്ചിന് നീതികിരണം പദ്ധതിയുടെ പരിശീലനം നൽകും. ക്രിമിനോളജിസ്റ്റ്, സൈക്കോളജിസ്റ്റ്, കൗൺസിലർമാർ എന്നിവർ ക്രൈം കൗൺസലിങ് എന്ന വിഷയത്തിൽ ക്ലാസ് നടത്തും. ജില്ലയിലെ ആശുപത്രികളിലും പൊലീസ് സ്റ്റേഷനുകളിലും നീതികിരണം പദ്ധതി ലക്ഷ്യമിടുന്ന കാര്യങ്ങൾ സംബന്ധിച്ച അറിവുള്ള രണ്ടുപേരുടെയെങ്കിലും സാന്നിധ്യം ഉറപ്പാക്കുകയാണ് പരിശീലനത്തിന്റെ ലക്ഷ്യം.




► 'നീതികിരണം' പദ്ധതി ഹൈക്കോടതി ജസ്റ്റിസ് എ മുഹമ്മദ് മുസ്താഖ് ഉദ്ഘാടനം ചെയ്യുന്നു

# ‘വിശ്വാസ്’ ഓഫീസ് നാളെ തുറക്കും

**പാലക്കാട്:** കുറ്റകൃത്യങ്ങൾക്ക് ഇരയായവരെ സഹായിക്കാനായി രൂപവത്കരിച്ച ‘വിശ്വാസ്’ എന്ന സംഘടനയുടെ ഓഫീസ് ജനവരി രണ്ടിന് സിവിൽസ്റ്റേഷനിൽ തുറക്കുന്നു. വൈകീട്ട് നാലിന് ഷാഫി പറമ്പിൽ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. കളക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷതവഹിക്കും.

സ്ത്രീധനപീഡനത്തിനിരയായ ഒരമ്മയുടെ മൂന്ന് പെൺമക്കളുടെ മൂന്ന് വർഷത്തേക്കുള്ള പഠനച്ചെലവുകൾ വിശ്വാസ് ഏറ്റെടുക്കുന്നതിന്റെ രേഖ ചടങ്ങിൽ കൈമാറും.

ഒന്നാംവാർഷികം ആഘോഷിക്കുന്ന വിശ്വാസിന്റെ ഹെൽപ്‌ലൈനിലേക്ക് ഇതേവരെ ആയിരത്തിലധികം ഫോൺ കോളുകൾ വന്നുകഴിഞ്ഞെന്ന് സെക്രട്ടറി പി. പ്രേംനാഥ് പത്രസമ്മേളനത്തിൽ പറഞ്ഞു.

വൈസ്പ്രസിഡന്റ് വി.പി. കുര്യാക്കോസ്, മാനേജിങ് കമ്മിറ്റി അംഗങ്ങളായ ഫാ. ഡോ. ജോസ്പോൾ, ബി. ജയരാജൻ, അഡ്വ. എസ്. ശാന്താദേവി എന്നിവരും പങ്കെടുത്തു.

അവകാശനിഷേധം, അധികാരദുർവിനിയോഗം എന്നിവയുടെ ദുരന്തഫലങ്ങൾ അനുഭവിക്കുന്നവരെയും ‘വിശ്വാസ്’ സഹായിക്കും. ആസിഡ് വീണ് പൊള്ളലേറ്റ വാളയാർസ്വദേശി അൽഫോൻസയുടെ ചികിത്സാച്ചെലവുകൾക്കുള്ള മുഴുവൻ ധനസഹായവും ‘വിശ്വാസ്’ മുൻകൈയെടുത്താണ് സംഘടിപ്പിച്ചതെന്ന് സെക്രട്ടറി പറഞ്ഞു. വിശ്വാസ് ഹെൽപ്‌ലൈൻ നമ്പർ: 9400933444.




# ഒരു തീവണ്ടിഓർമ

ശിവാനി രാജീവ്

പ്ലസ് ടുവിനു ശേഷം മംഗലാപുരത്തെ സ്വകാര്യ കോളജിൽ പാരാമെഡിക്കൽ കോഴ്സിനു ചേർന്ന ശേഷമാണ്, ഒരു മധ്യവർഗ മലയാളിക്കുടുംബത്തിൽ ജനിച്ച ഞാൻ ചോദ്യങ്ങൾ ചോദിക്കാനും പ്രതികരിക്കാനും തുടങ്ങിയത്.

പഠനത്തിനുശേഷം കോഴിക്കോട്ടെ ഒരു സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന എനിക്ക് ഇക്കഴിഞ്ഞ ജൂൺ 28നു പഠിച്ച കോളജിൽ പോകേണ്ട ആവശ്യമുണ്ടായി. അന്നു വൈകിട്ടത്തെ മാവേലി എക്സ്പ്രസിൽ ഞാൻ മംഗലാപുരത്തു നിന്നു കോഴിക്കോട്ടേക്ക് സ്ലീപ്പർ ടിക്കറ്റ് എടുത്തു യാത്രചെയ്തു. ട്രെയിൻ വൈകിയാണ് ഓടിക്കൊണ്ടിരുന്നത്. കോഴിക്കോട് സ്റ്റേഷനിൽ എന്റെ വരവും കാത്തിരുന്ന സ്പ്യൂസ് ആയിരുന്നു എന്റെ ബലം.

ട്രെയിൻ വടകരയിലെത്തിയപ്പോൾ സമയം ഏകദേശം രാത്രി പത്തുമണി. വടകരയിൽ നിന്ന് എന്റെ കംപാർട്ട്മെന്റിൽ ഒരു 'മാന്യൻ' കയറിയതിനുശേഷം ഒരു മൊബൈൽ ഫോൺ സീരിയലിലെന്നപോലെയാണ് സംഭവങ്ങൾ അരങ്ങേറിയത്. അയാൾ മദ്യപിച്ചിട്ടുണ്ടെന്ന് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. എന്റെ എതിർവശത്ത് വാട്സാപ്പിലോ മറ്റോ ലയിച്ചിരുന്ന ഒരു യാത്രക്കാരിയുടെ ദേഹത്ത് ചാരിയായിരുന്നു അയാളുടെ നിൽപ്.

ആ നിൽപ് അങ്ങനെ തുടരവേ, അയാളുടെ നോട്ടം എന്റെ നേർക്കായി. തുറിച്ചു നോട്ടം-മലയാളിപെൺകുട്ടി അംഗീകരിച്ച കീഴ്‌വഴക്കമായി മാറിയിട്ടുണ്ടെന്ന് എനിക്കറിയാത്തതല്ല.

നോട്ടം കുറച്ചുകഴിഞ്ഞ് ലൈംഗികച്ചുവയുള്ള അംഗവിക്ഷേപങ്ങളായി മാറി.

കുറച്ചുനേരം ഒന്നും കാണാതിരിക്കാനായി ഞാൻ കണ്ണുകളടച്ചു. അധികനേരം അങ്ങനെയിരിക്കാൻ പറ്റാത്തതുകൊണ്ട് വീണ്ടും കണ്ണുതുറന്നപ്പോൾ, അയാളുടെ ലൈംഗിക ചേഷ്ടകൾ കൂടിവന്നതേയുള്ളൂ.

ഒടുക്കം സഹികെട്ട ഞാൻ "നിങ്ങൾക്കെന്താണ് വേണ്ടത്" എന്ന എന്റെ ചോദ്യം ഉറക്കെയായിരുന്നതുകൊണ്ടാവാം, ഉറക്കമുണർന്ന യാത്രക്കാരിൽ ചിലർ കണ്ണുതുറക്കുകയും എന്നെ തുറിച്ചുനോക്കുകയും ചെയ്തു.

എന്നാൽ അപമര്യാദ കാണിച്ച ആൾ വ്യത്തികെട്ട ചിരിയിലൂടെയാണ് എന്നെ നേരിട്ടത്. അത് എനിക്ക് സഹിക്കാവുന്നതിനപ്പുറമായിരുന്നു. പക്ഷേ അതിനെക്കാൾ എന്നെ അദ്ഭുതപ്പെടുത്തിയതും വേദനിപ്പിച്ചതും സഹയാത്രികരുടെ പ്രതികരണമാണ്.

"കുട്ടി എന്തിനാ ഇങ്ങനെ ബഹളംവയ്ക്കുന്നത്. അയാളെ അപമാനിച്ചാൽ അയാൾ വയലന്റായാലോ"? പാന്റ്സും ഷർട്ടുമിട്ട ഒരു മധ്യവയസ്കൻ എന്നോടു ചോദിച്ചു.

ഇല ചെന്നു മുള്ളിൽ വീണാലും... എന്ന പഴയ പഴഞ്ചൊല്ല് ക്ലീഷേ ആയി മുന്നിൽവന്നു വീണത് ആരുടെ വായിൽ നിന്നാണെന്ന് എനിക്ക് ഓർമയില്ല.

ആളുകൾ ഓരോരുത്തരായി എന്തോ പാതകം ചെയ്തപോലെ എന്നോടു പെരുമാറിയപ്പോൾ ഞാൻ ശരിക്കും തകർന്നുപോയി. "സൗമ്യയ്ക്കും ജിഷയ്ക്കുമൊക്കെ സംഭവിച്ചതുപോലെ നടന്നാൽ മാത്രമേ നിങ്ങളെപ്പോലെയുള്ളവരുടെ മനുഷ്യത്വം ഉണരുകയുള്ളൂ" എന്നു ഞാൻ പറഞ്ഞതിനോട് ആരും പ്രതികരിച്ചില്ല.

ഇങ്ങനെ നേരമാകെ ഇതൊന്നും തന്നെ ബാധിക്കുന്ന കാര്യമല്ല എന്ന മട്ടിൽ 'ആഗ്യക്കാരൻ' നിൽക്കുന്നുണ്ടായിരുന്നു.

മനസ്സിന്റെ പ്രേരണയിൽനിന്നെന്നവണ്ണം കയറിവന്ന ഫ്ലാഷ് ബാക്കിൽ അമ്മയും എന്റെ കൂട്ടുകാരിയും ഉണ്ടായിരുന്നു. മരിക്കാൻ ബെംഗളൂരുവിൽ ബസിൽവച്ച് പിൻസീറ്റിലെ യാത്രക്കാരൻ അവളോടു മോശമായി പെരുമാറിയപ്പോൾ ബസിലെ മുഴുവൻ യാത്രക്കാരെയുമൊപ്പം ഡ്രൈവറും കണ്ടക്ടറും നിൽക്കുകയും, ബസ് പൊലീസ് സ്റ്റേഷനിൽ എത്തിക്കുകയും, പൊലീസ് എന്റെ കൂട്ടുകാരിയിൽ നിന്നു മൊഴിയെടുത്ത് പരാതി വാങ്ങുകയും ചെയ്തു.

ട്രെയിൻ കോഴിക്കോട് എത്തിയപ്പോൾ സമയം പത്തേമുക്കാൽ ആയി. ഉപദേശങ്ങൾകൊണ്ട് എന്നെ പ്രയാസപ്പെടുത്താതെ, നിഷ്ക്രിയരായി കംപാർട്ട്മെന്റിലിരുന്ന രണ്ടുപേർ പ്ലാറ്റ്ഫോമിൽ വച്ച് എന്നോട് പറഞ്ഞു: അയാൾ ആരെയൊക്കെയോ മൊബൈലിൽ വിളിച്ച് റെയിൽവേ സ്റ്റേഷനിൽ വരണമെന്നു പറയുന്നുണ്ടായിരുന്നു.

കാര്യകാരണങ്ങൾ ഒന്നും വകവയ്ക്കാതെ ഞാൻ ആ പരാതിയിൽ ശരിക്കും പെട്ടുപോകുമെന്നും പുറത്തു കാണിച്ചില്ല പിന്നീട് ഞാൻ നേരെ പോയത് റെയിൽവേ പൊലീസിന്റെ അടുത്തേക്കാണ്. ധൈര്യം ചോർന്നെങ്കിലും, വിവേകം പോയില്ലല്ലോ എന്ന് ഉള്ളാലെ പറഞ്ഞ് ഞാൻ സമാധാനിച്ചു.

പൊലീസ് ഉദ്യോഗസ്ഥൻ തീരെ താല്പര്യമില്ലാത്ത മട്ടിലാണ് എന്റെ വാക്കുകൾ കേട്ടത്. "കുട്ടി ഒരു മാറ്റം പിടിച്ച് വീട്ടിൽ പോകൂ. അല്ലാതെ പിന്നെ എനിക്കെന്തു ചെയ്യാനാവും"? എന്നാണ് അയാൾ എന്നോടു ചോദിച്ചത്.

കേട്ടുകൊണ്ടിരുന്ന മറ്റൊരു ഉദ്യോഗസ്ഥൻ എന്തുകൊണ്ട് വടകര കൺട്രോൾ റൂമിൽ അറിയിച്ചില്ല എന്ന് കുറ്റപ്പെടുത്തലിന്റെ സ്വരത്തിൽ പറഞ്ഞു. യാത്രയുടെ ക്ഷീണംകൊണ്ടും ട്രെയിൻ അനുഭവത്തിന്റെ മടുപ്പുകൊണ്ടുമാണോ എന്നറിയില്ല, ഞാൻ കരഞ്ഞുതുടങ്ങിയിരുന്നു. പാർക്കിൽ എവിടെയോ ഇരുട്ടത്തിരിക്കുന്ന എന്റെ സ്കൂട്ടറിനരികെ വരാൻ ഞാൻ കെഞ്ചിപ്പറഞ്ഞതിനുശേഷം രണ്ടാമത്തെ ഉദ്യോഗസ്ഥൻ സീറ്റിൽ നിന്നെഴുന്നേറ്റു.

സ്കൂട്ടറിൽ വീട്ടിലേക്കു പോകുമ്പോൾ ഞാൻ വീണ്ടും ചോദ്യങ്ങൾ ചോദിക്കുന്ന പഴയ പെൺകുട്ടിയായി. സ്ത്രീയെ വെറും ലൈംഗിക ഉപകരണം മാത്രമായി കണക്കാക്കുന്ന മലയാളിയുടെ ഈ മനോഭാവത്തെ എത്ര കണ്ട് എതിർത്തുനിൽക്കാൻ ഞാൻ ഉൾപ്പെടെയുള്ള പെൺവർഗത്തിനു കഴിയും..?

ഈ എന്ന രണ്ടക്ഷരത്തിൽ സൗമ്യയെയും, ജിഷയെയും, അതുപോലെയുള്ള അനേകം പെൺകുട്ടികളെയും, ഇത്തരമൊരു സാമൂഹിക അവസ്ഥയിൽ ജീവിക്കുന്ന മലയാളിപെൺകുട്ടിയോട് എന്താണ് പറയുക: "ദൂരത്തിലേക്കു നടന്നോളൂ, വാതിൽതാൻ ഞങ്ങൾ പിറകെയുണ്ട്" എന്നോ?


വര: റിജു തിയ്യോഫിൽ

# നിർഭയ : പെൺകുട്ടികൾക്ക് ആയോധന പരിശീലനം നൽകാൻ അനുമതി

സ്വന്തം ലേഖകൻ

പത്തനംതിട്ട ● പെൺകുട്ടികൾക്ക് ഇനി ത്രിതല പഞ്ചായത്തുകൾ തായ്ക്വോണ്ടോ, ജൂഡോ പരിശീലനം നൽകും. നിർഭയ പദ്ധതിയിൽ ഇതിനു ഫണ്ട് വിനിയോഗിക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവിട്ടു.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി സാമൂഹിക നീതി വകുപ്പ് വഴി നടപ്പാക്കുന്ന നിർഭയ പദ്ധതി സംബന്ധിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല ഏകോപന സമിതിയുടെ തീരുമാന പ്രകാരമാണിത്. കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടി എന്ന നിലയ്ക്കാണ് രണ്ട് ആയോധനകലകൾ പരിശീലിപ്പിക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകിയത്.

കവയിത്രി സുഗതകുമാരി അധ്യക്ഷയും ലിഡ ജേക്കബ്, ശാരദ മുരളീധരൻ, മല്ലിക സാരാഭായി, സുനിത കൃഷ്ണൻ എന്നിവർ അംഗങ്ങളുമായ സമിതിയാണ് നിർഭയ പദ്ധതി തയാറാക്കിയത്. അർധരാത്രിയിലും സ്ത്രീകൾക്കു സുരക്ഷിത യാത്ര, സ്ത്രീകൾക്കെതിരായ അതിക്രമ കേസുകൾക്കു പ്രത്യേക അതിവേഗ കോടതികൾ തുടങ്ങിയവ പദ്ധതിയുടെ ലക്ഷ്യമാണ്.

നിയമ പരിഷ്കരണങ്ങൾ, പുനരധിവാസത്തിന് ഫണ്ട്, ബോധവത്കരണം തുടങ്ങിയവയും ഉൾപ്പെടുത്തിയിരുന്നു. ഇരകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു തിരികെ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളും ഉണ്ടാവും. കുറ്റവാളികൾക്കു കർശന ശിക്ഷ കിട്ടുന്ന നിയമങ്ങൾ നിർമിക്കാനും നിർദേശമുണ്ട്.

സാമൂഹിക നീതി വകുപ്പ്, പട്ടികജാതി - വർഗ വകുപ്പ്, പൊലീസ്, ആരോഗ്യ വകുപ്പ്, തൊഴിൽ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയുടെ യോജിച്ചുള്ള പ്രവർത്തനമുണ്ടാവും.

മാതൃഭൂമി 2015 ◦ ഏപ്രിൽ 2 ◦ വ്യാഴാഴ്ച
www.mathrubhumi.com

# ട്രാഫിക് പോലീസിന്റെ ബൈക്കിലേറി ശിവരാമൻ ജീവിതത്തിലേക്ക്

സ്വന്തം ലേഖകൻ



ശിവരാമന്റെ രക്ഷകരായ കെ.പി. ഷിബുവും എ. രതീഷും

**തൃശ്ശൂർ:** പട്ടിക്കാട്ടെ വാഹനക്കുരുക്കിൽ കുരുങ്ങിത്തീരേണ്ടതായിരുന്നു കിഴക്കഞ്ചേരി എറാട്ട് വീട്ടിൽ ശിവരാമന്റെ ജീവിതം. പക്ഷേ, തക്കസമയത്ത് സ്ഥലത്തെത്തിയ പോലീസുകാർ നടത്തിയ സാഹസിക ശ്രമം ആ ജീവന് തുണയായി.

തൃശ്ശൂർ ട്രാഫിക് സ്റ്റേഷനിലെ സീനിയർ സിപിഒ കെ.പി. ഷിബു, സിപിഒ എ. രതീഷ് എന്നിവരാണ് വാഹനക്കുരുക്കിനിടയിലൂടെ 16 കിലോമീറ്ററോളം ബൈക്കോടിച്ച് ശിവരാമനെ ആസ്പത്രിയിലെത്തിച്ചത്. പത്തുമിനിറ്റുകൂടി വൈകിയിരുന്നെങ്കിൽ കാര്യങ്ങൾ കൈവിട്ടുപോയേനേ എന്നാണ് രോഗിയെ നോക്കിയ ഡോക്ടർ ഇവരോടു പറഞ്ഞത്. ഐ.സി.യു.വിൽ ശിവരാമന്റെ ആരോഗ്യം മെച്ചപ്പെട്ടുന്നെന്നു കേൾക്കുമ്പോൾ രക്ഷിച്ച പോലീസുകാർക്ക് ചരിതാർത്ഥ്യം. ബുധനാഴ്ച രാവിലെ 9.30തോടെയായിരുന്നു സംഭവം. നെഞ്ചുവേദനയെത്തുടർന്ന് ശിവരാമനെ ആസ്പത്രിയിലെത്തിക്കാൻ മകൻ ശ്രമിക്കുമ്പോളാണ് ഗതാഗതക്കുരുക്ക് വിനയായത്. പട്ടിക്കാട്ട് ടാങ്കർലോറി മറിഞ്ഞുള്ള ഗതാഗതതടസമുണ്ടായതിനെത്തുടർന്ന് രാവിലെ 6.30തോടെ വാഹനങ്ങളെ നിയന്ത്രിക്കാൻ ഇറങ്ങിയതായിരുന്നു ഷിബുവും രതീഷും. പീച്ചി സ്റ്റേഷനു സമീപം വാഹനങ്ങൾ തിരിച്ചുവിട്ടുകൊണ്ടിരുന്ന ഇവർ മേലുദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം വാണിയമ്പാറ ഭാഗത്തേക്ക് സ്പൈഡർ-2 പട്രോളിങ് ബുള്ളറ്റിൽ യാത്ര തിരിച്ചു. മൂന്നു കിലോമീറ്ററോളം ചെന്നപ്പോൾ ലൈറ്റിട്ടു നില്ക്കുന്ന ഓട്ടോറിക്ഷയും ഉയരുന്ന നിലവിളികളും അവരുടെ ശ്രദ്ധയിൽപ്പെട്ടു.

ശിവരാമനോടൊപ്പം മകളും ഏഴുവയസ്സുള്ള കൊച്ചുമകളും മാത്രമാണുണ്ടായിരുന്നത്. ഓട്ടോറിക്ഷയിൽ തളർന്നുകിടന്ന ശിവരാമനെ ആളുകളുടെ സഹായത്തോടെ ബുള്ളറ്റിൽ കയറ്റി. രതീഷ് വണ്ടിയോടിച്ചു. ഷിബു പിറകിൽനിന്നും താങ്ങിപ്പിടിക്കുകയുംചെയ്തു.

റോഡിന്റെ അരികുപിടിച്ച് വാഹനങ്ങൾക്കിടയിലൂടെ ആയിരുന്നു രോഗിയെയും കൊണ്ടുള്ളയാത്ര. ഇടക്ക് ഡി.സി.ആർ.ബി. അസിസ്റ്റന്റ് കമ്മീഷണർ ശിവദാസനോടും മറ്റും അനുമതിവാങ്ങി. അഞ്ചു കിലോമീറ്ററിലധികം യാത്ര ദുഷ്കരമായിരുന്നുവെന്ന് ഷിബുവും രതീഷും പറയുന്നു. മണ്ണുത്തിയെത്തിയപ്പോൾ ചെറിയ ആശ്വാസം ലഭിച്ചു. 16 കിലോമീറ്ററോളം താണ്ടി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ശിവരാമനെ എത്തിക്കുമ്പോൾ നാല്പതു മിനിറ്റോളം പിന്നിട്ടിരുന്നു.

ശരീരം തളർന്ന് ആകെ വിയർത്തുകുളിച്ച അവസ്ഥയിലായിരുന്നു ശിവരാമൻ. പത്തുമിനിറ്റുകൂടി വൈകിയിരുന്നെങ്കിൽ ശിവരാമന്റെ ജീവന് അപകടം സംഭവിക്കുമായിരുന്നു എന്നു പറഞ്ഞ ഡോക്ടർമാർ ജീവൻ രക്ഷിച്ചതിന്റെ ആദ്യസമ്മാനമായി കൈകൊടുത്ത് അഭിനന്ദിച്ചപ്പോഴാണ് ഷിബുവിനും രതീഷിനും ആശ്വാസമായത്. ശിവരാമൻ ഇപ്പോൾ ഐ.സി.യുവിൽ സുഖംപ്രാപിച്ചു വരികയാണ്.

VISWAS
VICTIMS INFORMATION, SENSITISATION, WELFARE & ASSISTANCE SOCIETY

"Society prepares the crime; the criminal commits it."
"Heaven takes care that no man secures happiness by crime." - Vittorio Alfieri

## Presentation of *Life Time Achievement Award* to Retd.IG Sri.V.N.Rajan IPS & Seminar on "Role of Society on Crime Prevention"

**VISWAS** (Victims Information, Sensitisation, Welfare & Assistance Society) is an organisation to provide necessary assistance to the Victims of crimes, rights violation and abuse of power and also to assist victims to get compensation from the authorities concerned. It's a registered society based at Palakkad under the leadership of the District Collector, Palakkad. VISWAS could organise many projects, Workshops, Seminars etc for the benefit of the Society especially Women and Children. The office of VISWAS at the Civil Station deals with number of Petitions directly and through its Mobile Helpline every day.

VISWAS wishes to recognise one of the Chief Patrons and Mentor of VISWAS **Sri.V.N.Rajan IPS (Retd. IG of Police)** for his Contribution to the Society in the field of **VICTIMOLOGY** in a befitting function at Palakkad on **April 7th, 2015** at **Seethal Hall @ Top In Town**, Palakkad. **Sri. K.Sankaranarayanan,** Former Governor of Maharashtra has consented to be the Chief Guest, Hon'ble **Mr. Justice Chettur Sankaran Nair** will preside over the function and Former DGP **Dr. P.M. Nair,** IPS will deliver the key Note Address on "Role of Society in Crime Prevention". These programs are the need of hour to prevent crimes especially among the youth through recognising role models and thereby preparing them for a Crime Free Society

On this occasion we the Members of **VISWAS** cordially invite you attend the program along with you family and Friends and thereby to equip ourselves towards prevention of Crimes.

**P.Marykutty, IAS**
Dist. Collector & President

**P.Prem Nath**
APP & Secretary

VISWAS
Civil Station, Palakkad District, 678 001, Kerala,
Mob: 9400933444, 9447137244
E Mail: viswasforvictims@gmail.com viswaspalakkad

## PROGRAMME

| | |
|---|---|
| 5.30 p.m. | : Registration & High Tea |
| 6.00 p.m. | : Escorting Dignitaries to Dias |
| Prayer | : |
| Welcome Address | : P. Marykutty, IAS Dist. Collector & President |
| Report of Activities | : P. Prem Nath, APP & Secretary |
| Presidential Address | : **Hon'ble Mr. Justice Chettur Sankaran Nair** |
| Introduction of Awardee | : Mrs.Beena Govind, Mg.Com. Member |
| Presentation of Award & Address by Chief Guest | : **Sri. K.Sankaranarayanan,** Former Governor of Maharashtra |
| Acceptance Speech | : **Retd.IG Sri. V. N.Rajan IPS** |
| Introduction of Key Note Speaker | : Dr.K.Thomas George, Treasurer |
| Key Note Address | : **Dr. P.M. Nair, IPS,** Former DGP |
| Felicitations | : |
| Presentation of Memento | : Adv.T.Santha Devi, Vice President |
| Vote of Thanks | : Mr.V.P.Kuriakose, Vice President |
| National Anthem | : |
| Master of Ceremony | : Adv.T.Reena Jaijith, Jt. Secretary |

ണ് ബൈക്കിൽനിന്നും പൊതി മസും മറ്റു പോലീസുകാരും അ പാരിതോഷികം നല്കി.

# പോലീസ് ഓഫീസർമാർക്കു ചൈൽഡ്ലൈൻ നിയമ ബോധവത്കരണം ശ്രദ്ധേയമായി




പരിശീലന പരിപാടി നർകോട്ടിക് സെൽ ഡിവൈഎസ്പി ഷാനവാസ് ഉദ്ഘാടനം ചെയ്യുന്നു

**പാലക്കാട്:** കുട്ടികൾക്കുനേരെ വർധിക്കുന്ന ശാരീരിക ലൈംഗിക അതിക്രമങ്ങളെ ചെറുക്കുന്നതിന്റെ ഭാഗമായി 2012 നവംബർ 14ന് നിലവിൽ വന്ന പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻസ് ഫ്രം സെക്ഷൽ റഫറൻസസ് ആക്ട്- 2012നെക്കുറിച്ച് ജില്ലയിലെ വിവിധ സ്റ്റേഷനുകളിലെ പോലീസ് ഓഫീസർമാർക്കായി നിയമ ബോധവത്കരണ പരിപാടി നടത്തി.

ലൈംഗികാതിക്രമങ്ങളുടെ സ്വഭാവമനുസരിച്ച് വേർതിരിച്ച് ശിക്ഷ നല്കുന്നതിനുള്ള വകുപ്പുകളും നിയമത്തിലുണ്ടെന്നുള്ളത് ജനങ്ങളിൽ എത്തിക്കുന്നതിനായാണ് ചൈൽഡ് ലൈൻ പാലക്കാടും വിശ്വാസും ചേർന്ന് ബോധവത്കരണ പരിപാടി സംഘടിപ്പിച്ചത്. ജില്ല പോലീസ് ആസ്ഥാനത്തുള്ള കോൺഫറൻസ് ഹാളിൽ നടന്ന പരിപാടി നർകോട്ടിക് സെൽ ഡിവൈഎസ്പി ഷാനവാസ് ഉദ്ഘാടനം ചെയ്തു.

സിഡബ്ല്യുസി ചെയർമാൻ റവ. ഡോ. ജോസ് പോൾ അധ്യക്ഷത വഹിച്ചു. ചൈൽഡ്ലൈൻ കോ-ഓർഡിനേറ്റർമാരായ പ്രഭുല്ലദാസ് സ്വാഗതവും ബെറ്റിമോൾ ബേബി നന്ദിയും പറഞ്ഞു. സിഡബ്ല്യുസി മെംബറും വിശ്വാസ് വൈസ് പ്രസിഡന്റുമായ വി.പി.കുര്യാക്കോസ് പ്രസംഗിച്ചു.

തുടർന്നു നടന്ന ക്ലാസിന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ പ്രേംനാഥ് നേതൃത്വം നല്കി. ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽനിന്നായി അമ്പതോളം പോലീസ് ഓഫീസർമാർ പരിപാടിയിൽ പങ്കെടുത്തു.

# അപകടം കണ്ടുനിൽക്കരുതേ, കേസില്ല; കാശങ്ങോട്ട് തരും

റോഡിൽ ഒരു അപകടം നടന്നാൽ അതു കണ്ടു നിന്നു രസിക്കുന്നവരും അപകട ദൃശ്യം മൊബൈൽ ഫോണിൽ പകർത്തി തൃപ്തിയടയുന്നവരും പതിവു കാഴ്ചയാണ്. എന്നാൽ അപകടത്തിൽപെട്ട് പരുക്കേറ്റവരെ ആശുപത്രിയിലെത്തിക്കാനോ സാന്ത്വനിപ്പിക്കാനോ അപകടത്തിനു കാരണക്കാരായവരെക്കുറിച്ചു പൊലീസിൽ വിവരം നൽകാനോ പലരും മിനക്കെടാറില്ല. അപകടക്കേസിൽ സാക്ഷിയാകേണ്ടി വരുമെന്നും പരുക്കേറ്റയാളെ ആശുപത്രിയിലെത്തിക്കുന്നതിന്റെ ചെലവ് വഹിക്കേണ്ടി വരുമെന്നുമുള്ള ആശങ്കയാകാം കുറേപ്പേരെയെങ്കിലും സൽകൃത്യം ചെയ്യുന്നതിൽ നിന്നു പിൻതിരിപ്പിക്കുന്നത്.

എന്നാൽ, സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരനായ നടക്കാവ് ബിലാത്തിക്കുളം സ്വദേശി സി. സുബ്രഹ്മണ്യന്റെ അനുഭവം കേൾക്കൂ.

രണ്ടു മാസം മുൻപ് മാവൂർ റോഡ് ജംക്ഷനിൽ സ്കൂട്ടർ യാത്രക്കാരനെ ഒരു കാർ ഇടിച്ചിട്ടു പാഞ്ഞു പോകുന്നത് സുബ്രഹ്മണ്യൻ കണ്ടു. അയാളുടെ തല നിലത്തിടിച്ചെങ്കിലും ഹെൽമറ്റ് ധരിച്ചിരുന്നതിനാൽ സ്കൂട്ടർ യാത്രക്കാരനു പരുക്കേറ്റില്ല. ഞാൻ കാറിൽ യാത്ര ചെയ്യുകയായിരുന്നു അപ്പോൾ. സ്കൂട്ടർ ഓടിച്ചിരുന്നയാൾക്ക് നിലത്തു നിന്ന് എഴുന്നേൽക്കാൻ കഴിഞ്ഞില്ല. പാദം പൊട്ടി ചോരയൊലിക്കുന്നു. കാർ നിർത്തി പുറത്തിറങ്ങി അദ്ദേഹത്തെ പിടിച്ചെഴുന്നേൽപ്പിച്ചു.




വി.ആർ. പ്രതാപ്

അപ്പോഴേക്കും സമീപത്തുണ്ടായിരുന്നവർ ഓടിക്കൂടി അയാളെ സഹായിച്ചു. ആശുപത്രിയിൽ എത്തിക്കാനായി ഓട്ടോറിക്ഷകൾക്കായി കൈകാട്ടിയെങ്കിലും ഒരു ഓട്ടോറിക്ഷയും നിർത്തിയില്ല. ഒടുവിൽ അയാളെ എന്റെ കാറിൽ കയറ്റി സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു. കാലിലെ മുറിവിൽ മരുന്നു പുരട്ടി കെട്ടിയ ശേഷം അയാളെ ആശുപത്രിയിൽ നിന്നു വിട്ടയച്ചു. പുറത്തേക്കിറങ്ങുമ്പോൾ ആശുപത്രിയിലെ സെക്യൂരിറ്റി ജീവനക്കാരനാണ് അപകടത്തിൽപെടുന്നവരെ ആശുപത്രിയിലെത്തിക്കുന്നവർക്ക് ചെലവ് കാശ് നൽകുന്ന പദ്ധതിയെക്കുറിച്ചു പറഞ്ഞത്. അയാൾ എന്നെയും കൂട്ടി ആശുപത്രിയിലെ റിസപ്ഷൻ കൗണ്ടറിലെത്തി. ഒരു ഫോം അവിടെ നിന്നു വാങ്ങിത്തന്ന് അതു പൂരിപ്പിക്കാൻ പറഞ്ഞു. പരുക്കേറ്റ ആളുടെ പേരും എന്റെ പേരും അടക്കമുള്ള വിശദാംശങ്ങൾ അതിൽ രേഖപ്പെടുത്തി. ഈ ഫോം തൊട്ടടുത്തുള്ള സർക്കിൾ ഇൻസ്പെക്ടർക്കു കൈമാറിയാൽ പണം കിട്ടുമത്രെ. പിറ്റേന്ന് ആ ഫോമുമായി സിഐ ഓഫിസിൽ എത്തി. ഫോം വാങ്ങി കൂടുതൽ ഒന്നും ചോദിക്കാതെ സിഐ 200 രൂപ തന്നു. അപകടത്തിൽപെടുന്നവരെ ആശുപത്രിയിൽ എത്തിച്ചാൽ പൊലീസിന്റെ പ്രത്യേക ഫണ്ടിൽ നിന്നു ചെലവു കാശു കിട്ടുമെന്നത് പുതിയ അറിവായിരുന്നു. അതുകൊണ്ട് പോക്കറ്റിൽ നിന്നു പണം പോകുമെന്ന ഒറ്റക്കാരണത്താൽ ആരും ഇനി അപടത്തിൽപ്പെടുന്നവരെ കണ്ടാൽ മുഖം തിരിഞ്ഞു നടക്കരുതെന്ന് സുബ്രഹ്മണ്യൻ ഓർമിപ്പിക്കുന്നു.

# കളഞ്ഞുകിട്ടിയ പഴ്സ് തിരിച്ചുനൽകി

**പാലക്കാട്:** കളഞ്ഞുകിട്ടിയ പഴ്സ് വിശ്വാസിന്റെ സഹായത്തോടെ ഉടമസ്ഥന് മടക്കി നൽകി ശ്രീധരൻ മാതൃകയായി.

82 കാരനായ അകത്തേത്തറ ശാസ്ത്രാനഗർ ചെക്കിനിപ്പാടം സ്വദേശി ശ്രീധരൻ യോഗാക്ലാസിനുശേഷം തിരിച്ച് മലമ്പുഴ ബസ്സിൽ യാത്രചെയ്യവേയാണ് പണവും പ്രധാനപ്പെട്ട രേഖകളും അടങ്ങിയ പഴ്സ് കിട്ടിയത്.

ഉടമസ്ഥനുമായി ബന്ധപ്പെടാൻ നമ്പരുകളില്ലാത്തതിനാൽ പഴ്സ് പാലക്കാട് സിവിൽസ്റ്റേഷനിലെ വിശ്വാസിന്റെ ഓഫീസിൽ ഏല്പിച്ചു.

വിശ്വാസ് ഭാരവാഹികൾ പഴ്സിലുണ്ടായിരുന്ന വോട്ടർ ഐഡി കാർഡിന്റെ നമ്പർ വച്ച് അന്വേഷണം നടത്തി ഒറ്റപ്പാലം തിരഞ്ഞെടുപ്പുവിഭാഗത്തിന്റെ സഹായത്തോടെ ഉടമസ്ഥനെ കണ്ടെത്തുകയായിരുന്നു.

ഉടമസ്ഥൻ പുലാപ്പറ്റ മദനശ്ശേരിയിൽ ഗോകുൽ വിശ്വാസ് ഓഫീസിലെത്തി പഴ്സ് കൈപ്പറ്റി.

# എൺപത്തിരണ്ടിലും സത്യം കൈവിടാതെ ശ്രീധരൻ

**● കളഞ്ഞുകിട്ടിയ പഴ്സും രേഖകളും ഉടമയ്ക്കു കൈമാറി**

പാലക്കാട് ● നമിക്കണം ഈ സഹായ ഹസ്തത്തെ! വയസ്82 ആയെങ്കിലും അകത്തേത്തറ ശാസ്താനഗർ ചെക്കിനിപ്പാടം സ്വദേശി ശ്രീധരനു കളഞ്ഞു കിട്ടിയ പഴ്സും വിലപിടിപ്പുള്ള രേഖകളും യഥാർഥ ഉടമയെ ഏൽപ്പിക്കുന്നതുവരെ വിശ്രമമുണ്ടായിരുന്നില്ല.

യോഗാചാര്യൻ കൂടിയായ ശ്രീധരൻ കൃഷ്ണകണാന്തി കോളനിയിലെ ക്ലാസ് കഴിഞ്ഞു മലമ്പുഴയിലെ വീട്ടിലേക്കു ബസ് യാത്രചെയ്യുന്നതിനിടയാണു പഴ്സും മറ്റും ലഭിച്ചത്. ബന്ധപ്പെടാൻ ഫോൺ നമ്പർ ഇല്ലാതിരുന്നതിനാൽ കളഞ്ഞു കിട്ടിയ മുതലുകൾ സിവിൽ സ്റ്റേഷനിലുള്ള 'വിശ്വാസി'ന്റെ ഓഫിസിൽ ഏൽപിച്ചു.

തുടർന്നു നടത്തിയ പരിശോധനയിൽ തിരിച്ചറിയൽ കാർഡ് ലഭിക്കുകയും ഇവ ഒറ്റപ്പാലം തിരഞ്ഞെടുപ്പ് വിഭാഗത്തിലെത്തിക്കുകയും അവിടെ നിന്നു നടത്തിയ അന്വേഷണത്തിൽ മൊബൈൽ നമ്പർ കണ്ടെത്തുകയും ചെയ്തു.

പുലാപ്പറ്റ മദനശ്ശേരിയിൽ ഗോകുലിന്റേതാണു പഴ്സെന്നു കണ്ടെത്തി. തുടർന്നു ഗോകുൽ വിശ്വാസ് ഓഫിസിൽ എത്തി രേഖകൾ കൈപ്പറ്റിയപ്പോഴാണു ശ്രീധരനും സമാധാനമായത്.

കോയമ്പത്തൂർ ഹിന്ദുസ്ഥാൻ പോളിടെക്നിക് വിദ്യാർഥിയായ ഗോകുൽ ഡ്രൈവിങ് പരിശീലനത്തിനായി മലമ്പുഴയിലേക്കു വരുന്നതിനിടയാണ് ഇവ നഷ്ടപ്പെട്ടത്. ജില്ലാ കലക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷനായുള്ള സൊസൈറ്റിയാണു വിശ്വാസ്

# 'വിശ്വാസ്' വിദ്യാർഥികൾക്കായി സന്നദ്ധസേനയുണ്ടാക്കുന്നു

**കുറ്റകൃത്യങ്ങൾക്കെതിരെ വിദ്യാർഥികളെയും യുവജനങ്ങളെയും അണിനിരത്തുകയാണ് ലക്ഷ്യം**

പാലക്കാട് ● കുറ്റകൃത്യം, അവകാശ നിഷേധം, അധികാര ദുർവിനിയോഗം എന്നിവയിൽ ഇരകളാകുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന 'വിശ്വാസ്' വിദ്യാർഥികൾക്കായിവൊളണ്ടിയർ ഗ്രൂപ്പ് രൂപീകരിക്കുന്നു. കുറ്റകൃത്യവും കുറ്റവാസനയും വിദ്യാർഥികൾക്കിടയിൽ വർധിക്കുന്നത് തടയുകയാണ് ഗ്രൂപ്പിന്റെ ലക്ഷ്യം.

ജില്ലാ കലക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷനായ വിശ്വാസിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി രണ്ടിന് ഉച്ചയ്ക്ക് രണ്ടിന് ധോണി ലീഡ് കോളജ് ഓഫ് മാനേജ്മെന്റിൽ വൊളണ്ടിയർ ഗ്രൂപ്പ് രൂപീകരണം നടക്കും.

മനുഷ്യാവകാശ കമ്മിഷൻ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫിസർ എസ്. ശ്രീജിത്ത് ഉദ്ഘാടനം ചെയ്യും.

കലക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷനാകും. കോളജിലെ എംബിഎ വിദ്യാർഥികളെയാണ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുക.

എലവഞ്ചേരി വി.ആർ. കൃഷ്ണൻ എഴുത്തച്ഛൻ ലോ കോളജിലും ഇത്തരം ഗ്രൂപ്പ് രൂപീകരിക്കും. സിവിൽ സ്റ്റേഷനിൽ 2012ൽ പ്രവർത്തനം തുടങ്ങിയ വിശ്വാസ് മൂന്നാം വർഷത്തിലേക്ക് കാലെടുത്തു വയ്ക്കുമ്പോൾ നിരവധി കാര്യങ്ങൾ സമൂഹത്തിനായി ചെയ്തു.

കുറ്റകൃത്യങ്ങൾക്കെതിരെ വിദ്യാർഥികളെയും യുവജനങ്ങളെയും മുൻനിരയിലേക്ക് എത്തിക്കുകയാണ് ഗ്രൂപ്പിന്റെ ലക്ഷ്യമെന്ന് വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ് എന്നിവർ പറഞ്ഞു.

# വിദ്യാർഥി സന്നദ്ധ ഗ്രൂപ്പുകളുമായി വിശ്വാസ്




**പാലക്കാട്:** ഒരു വിദ്യാർഥിപോലും കുറ്റകൃത്യങ്ങളിൽ ഉൾപ്പെടരുതെന്ന ലക്ഷ്യവുമായി വിശ്വാസ് പുതുവർഷത്തിൽ വിദ്യാർഥി സന്നദ്ധ ഗ്രൂപ്പ് രൂപവത്കരിക്കുന്നു.

കുറ്റകൃത്യങ്ങൾക്കും അവകാശനിഷേധത്തിനും അധികാര ദുർവിനിയോഗത്തിനും ഇരകളാവുന്നവർക്കുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് വിശ്വാസ്.

വിശ്വാസ് മൂന്നാംവർഷത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായാണ് വിദ്യാർഥി സന്നദ്ധഗ്രൂപ്പ് രൂപവത്കരിക്കുന്നതെന്ന് സെക്രട്ടറി പബ്ലിക് പ്രോസിക്യൂട്ടർ പി. പ്രേംനാഥ്, വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ്, മാനേജിങ് കമ്മിറ്റിയംഗം ബി. ജയരാജൻ എന്നിവർ പറഞ്ഞു.

ധോണി ലീഡ് കോളേജ് ഓഫ് മാനേജ്മെന്റിലാണ് ആദ്യ വിദ്യാർഥി സന്നദ്ധഗ്രൂപ്പ് രൂപവത്കരിക്കുന്നത്.

ജില്ലയിലെ പ്രൊഫഷണൽ കോളേജുകളിലാവും ആദ്യഘട്ടത്തിൽ സംഘങ്ങൾ രൂപവത്കരിക്കുക. വിശ്വാസ് വളണ്ടിയർ ഗ്രൂപ്പിന്റെ ഉദ്ഘാടനം 2ന് ഉച്ചയ്ക്ക് രണ്ടുമണിക്ക് ധോണി ലീഡ് കോളേജ് ഓഫ് മാനേജ്മെന്റിൽ നടക്കും.

മനുഷ്യാവകാശ കമ്മീഷൻ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ എസ്. ശ്രീജിത്ത് ഉദ്ഘാടനം നിർവഹിക്കും.

Sayahnam Daily
KERMAL / 2007 / 39058 Dt. 5.10.11
Postal Reg No.PGT/044/2013-2015
FRIDAY 31 JULY 2015



# പാഠപുസ്തകങ്ങളുടെ രണ്ടാം ഭാഗം അച്ചടി സെപ്റ്റംബർ 30നു തീർക്കും

പാഠപുസ്തകങ്ങളുടെ രണ്ടാം ഭാഗത്തിന്റെ അച്ചടിയും ബൈൻഡിങ്ങും സെപ്റ്റംബർ 30നു പൂർത്തിയാക്കാൻ ഇതു സംബന്ധിച്ചു മന്ത്രി പി.കെ. അബ്ദുറബ്ബ് വിളിച്ചു ചേർത്ത യോഗത്തിൽ തീരുമാനമായി. ഒക്ടോബർ 15നു മുൻപായി ഇത് എല്ലാ സ്കൂളുകളിലും വിതരണത്തിന് എത്തിക്കും.

പാഠപുസ്തകങ്ങളുടെ രണ്ടാം ഭാഗം നവംബർ ഒന്നു മുതലാണു പഠിപ്പിച്ചു തുടങ്ങേണ്ടതെങ്കിലും ചില സ്കൂളുകളിൽ നേരത്തെ പാഠഭാഗങ്ങൾ തുടങ്ങാൻ സാധ്യതയുള്ളതു പരിഗണിച്ചു പുസ്തകം നേരത്തെ എത്തിക്കാൻ തീരുമാനിക്കുകയായിരുന്നു. രണ്ടാം ഭാഗത്തിന്റെ ഒന്നരക്കോടിയോളം കോപ്പിയാണ് അച്ചടിക്കേണ്ടത്. ഇതിൽ അഞ്ചു ലക്ഷം കോപ്പി കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റി (കെബിപിഎസ്) അച്ചടിച്ചു കഴിഞ്ഞു. ശേഷിക്കുന്ന പുസ്തകങ്ങൾ സർക്കാർ നിരക്കിൽ പുറത്തു കൊടുത്തോ അല്ലാതെയോ സെപ്റ്റംബർ 30നു മുൻപ് അച്ചടിച്ചുതീർക്കേണ്ടതു കെബിപിഎസിന്റെ ബാധ്യതയാണ്.

ഇപ്പോഴത്തെ അച്ചടിക്കൂലി 2004ൽ നിശ്ചയിച്ചതാണെന്നും ഇതുമൂലം കെബിപിഎസിനു കടുത്ത സാമ്പത്തിക ബാധ്യതയുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി. അച്ചടിക്കൂലി വർധിപ്പിക്കുന്നതിനുള്ള നിർദേശം മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കാമെന്നു മന്ത്രി അറിയിച്ചു.

സ്വർണ്ണവില


ഗ്രാമിന് 2350 രൂപ
പവന് 18,800

പരസ്യങ്ങൾക്ക് ബന്ധപ്പെടുക
8129574047
8589901100

Sleek
KITCHEN GALLERY
Phone : 0491 2548787
9605540004




## രാമായണമാഹാത്മ്യം



ഇനി ശ്രീരാമ സ്വാമിയെ പറ്റി വിവരിക്കാം. താതനിയോഗമനുസരിച്ച് യുവരാജാ പട്ടം വിട്ടൊഴിഞ്ഞ്. മാത്രമല്ല സിംഹാസന പട്ടം പുല്ലു പോലെ ഉപേക്ഷിച്ച ത്യാഗമൂർത്തി. വനവാസമെന്ന തപോമയ ജീവിതത്തിനും അദ്ദേഹം സന്നദ്ധമായി. വസിഷ്ഠരിൽ നിന്നും ആത്മതത്വം ഗ്രഹിച്ചു. മുനിമാരിൽ നിന്നും വിനയവും ജ്ഞാനവും നേടി ശ്രീരാമനു സ്വതസിദ്ധമാണല്ലോ, ഓജസ്സും പൗരുഷവും ഈ വിശാലഭാരതത്തിലെ രാജാക്കൻമാർക്ക് ഒരു മാതൃക രാജാവിനെ കാണിച്ച് കൊടുക്കണം.

ജനനായകനായ ശ്രീ രാമചന്ദ്രനെ രാജർഷി എന്ന ഭാരതം കൊണ്ടാടി. ഭാരതത്തിൽ പണ്ടുമുതൽക്കെ പതിനായിരത്തിലേറെ രാജാക്കൻമാരുണ്ടായിരുന്നു. മിക്ക സാമന്തൻമാരും ധൂർത്തൻമാരും ജനദ്രോഹികളും ആയിരുന്നു, മാതൃകാഭരണം നടത്തുന്ന പ്രജാസേവകർ കുറവായിരുന്നു. ജനതയുടെ ഈ ദുരിതമകറ്റുന്നതിന് ആദ്യ കവി ശ്രീരാമന്റെ ഭരണ മഹിമ വരച്ചു കാട്ടി ബുദ്ധിജീവികൾ മര്യാദരാമനെ പ്രകീർത്തിച്ചു. രാമരാജ്യം എന്ന മോഹന സങ്കൽപ്പം നാട്ടുകാരിൽ വേരുറപ്പിച്ചു.

രാജാക്കൻമാർ രാമനെപോലെ സൽഭരണം നടത്തണം എന്ന് ആചാര്യൻമാർ ശഠിക്കുകയുണ്ടായി. നാട്ടു ഭാഷകളിലും രാമായണം ജനഹൃദയത്തെ സ്വാധീനിച്ചു. കേരളത്തിൽ തുഞ്ചത്താചാര്യനാണ് രാമഭരണത്തിന് ദീപശിഖയായ അധ്യാത്മ രാമായണം രചിച്ചത്. ദുഷ്ട ഭരണം മൂലം ദുഃഖിതരായ ജനങ്ങളെ നിരാശയിൽ നിന്നും കരകേറ്റി ഭക്തി മാർഗത്തിലേക്ക് ഉയർത്തിയ ധീരപുരുഷനത്രെ തുഞ്ചത്ത് ആചാര്യൻ. ദേശയാത്ര നടത്തി സംസ്കൃതവും തമിഴും പഠിച്ച് രാമായണ മഹിമ മലയാളത്തിലാക്കി പാടി നടന്നു. സ്ത്രീ ജനം എഴുത്തച്ഛനെ തങ്ങളുടെ അച്ഛനെപോലെ പൂജിച്ചു. പ്രകൃതിയും പിന്നെ രാജാവും വികൃതി കാണിച്ചപ്പോൾ നാട്ടുകാർ വീട്ടിൽ ഒത്തുള്ള രാമായണം വായിച്ചു. കുട്ടികളും അത് കേട്ട് പഠിച്ചു. രാമായണം ആശ്വാസമായി മാറി.

# ഇരകൾക്കും പീഡിതർക്കും തണലായി 'വിശ്വാസ്'




കുറ്റകൃത്യങ്ങൾക്കും അവകാശനിഷേധത്തിനും അധികാരദുർവിനിയോഗത്തിനും ഇരകളാകുന്നവർക്ക് ആശ്വാസമായി 'വിശ്വാസ്' എത്തുന്നു. ഇരകൾക്ക് അറിവും സംവേദനവും ക്ഷേമവും സഹായവും നൽകാനുള്ള കൂട്ടായ്മ "VISWAS" (Victims Information, Sensitisation, Welfare & Assistance Socitey) എന്നതാണ് വിശ്വാസിന്റെ പൂർണരൂപം. മുൻ ജില്ലാ കലക്ടർ പി.എം. അലി അസ്ഗർ പാഷ പ്രസിഡന്റും പ്രോസിക്യൂട്ടർ പി.പ്രേംനാഥ് സെക്രട്ടറിയുമായി രൂപവത്കരിച്ച 'വിശ്വാസ്' ഒരുപക്ഷേ രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യസംരംഭമാണ്.

പാലക്കാട് ജില്ല പ്രവർത്തനപരിധിയാക്കിയ വിശ്വാസിന്റെ ഓഫീസ് പാലക്കാട് സിവിൽസ്റ്റേഷനിൽ ആരംഭിക്കുകയാണ്. കുറ്റകൃത്യങ്ങൾക്കും അധികാരദുർവിനിയോഗത്തിനും ഇരയായവരെ കണ്ടെത്തുന്നതു മുതൽ അന്തിമമായി അവർക്ക് നീതി നേടിക്കൊടുക്കുന്നത് വരെയുള്ള താങ്ങും തണലുമാണ് ഈ കൂട്ടായ്മ ഉറപ്പ് നൽകുന്നത്. കുറ്റകൃത്യങ്ങൾക്ക് ഇരയായവർക്ക് ആവശ്യമായ വൈദ്യസഹായം, ഇവർക്കും കുടുംബാംഗങ്ങൾക്കും മാനസികവും വ്യക്തിപരവുമായ വളർച്ചക്കുള്ള സഹായം എന്നിവ നൽകുകയും ചെയ്യും. തുടർജീവിതത്തിൽ ഭയാശങ്കകളില്ലാതെ മുന്നേറ്റത്തിന് കളമൊരുക്കുകയും ചെയ്യുന്നു. ഇതിനായി കൗൺസലിങ് വിദഗ്ധരുടെ സേവനവും ആവശ്യമെങ്കിൽ മനഃശാസ്ത്ര ചികിത്സയും പ്രയോജനപ്പെടുത്തുന്നു. കുറ്റകൃത്യങ്ങൾക്ക് ഇരയായിട്ടുള്ളവർക്ക് ഷെൽട്ടറുകളും ഷോർട്ട് സ്റ്റേ ഹോമുകളും ഒരുക്കുന്നതും 'വിശ്വാസി'ന്റെ ലക്ഷ്യങ്ങളിലൊന്നാണ്.

ഇരകൾക്ക് മതിയായ നഷ്ടപരിഹാരം നേടിയെടുക്കാൻ സഹായം നൽകുന്നതിനൊപ്പം ഇവർക്കും സംരക്ഷണം ആവശ്യമുള്ള കുഞ്ഞുങ്ങൾക്കുമായി ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിനായി ഈ കൂട്ടായ്മ അധികൃതരെ സഹായിക്കുകയും ചെയ്യുന്നു.



ബോധവത്കരണ ക്ലാസിൽ പങ്കെടുത്ത ചിറ്റൂർ ഗവ. വിക്ടോറിയ ഗേൾസ് ഹയർസെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ



SM
BUILDERS

നിർമ്മാണത്തിന് ഇനി ടെൻഷൻ വേണ്ട !

ചെറുതും, വലുതുമായ എല്ലാവിധ കെട്ടിട സംബന്ധമായ നിർമ്മാണ ജോലികൾ, മെയിന്റനൻസ്, പെയിന്റിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ടൈൽസ് വർക്കുകൾ, കാർപെന്ററി വർക്കുകൾ, റൂഫിംഗ് ഷീറ്റ്, അലുമിനിയം ഫാബ്രിക്കേഷൻ വർക്കുകൾ, ഗ്രിൽ & ഗേറ്റ് ഉൾപ്പെടെ ഉറപ്പോടും, ഉത്തരവാദിത്തത്തോടും കൂടി സമയബന്ധിതമായി ചെയ്തു കൊടുക്കുന്നു.

N.B: പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി കൊടുക്കുന്നു.

SBT Building,New Kalpathy,Palakkad-678003
mobile: +91 9447227999, email: sasimenonday@gmail.com

Vol.8 No.172, KERMAL/2007/39058 Dt 5.10.11, Printed, Published and owned by K.Abdul Azeez from Priya Printo Park, Family Court Building, Olavakkode, Palakkad-678002 Chief Editor: K.Abdul Azeez (*Responsible for selection of news under the PRB Act) Chief Advisor Dr. M.P. Padmanabhan, Ph: 0491-2559522




കുട്ടികളും കുറ്റകൃത്യങ്ങളും എന്ന വിഷയത്തിൽ 'വിശ്വാസ്' പാലക്കാട്ടു നടത്തിയ സെമിനാർ അസിസ്റ്റന്റ് കലക്ടർ ശ്രീധർ ചാമക്കുഴി ഉദ്ഘാടനം ചെയ്യുന്നു

# കുട്ടികൾ കുറ്റവാളികളാകുന്ന സാഹചര്യം: സംയോജിത പ്രതിരോധം അനിവാര്യം

പാലക്കാട് • കുട്ടികൾ കുറ്റകൃത്യങ്ങളിലേർപ്പെടുന്ന കേസുകൾ വർധിക്കുന്ന സാഹചര്യം ഒഴിവാക്കാൻ വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും ആഭിമുഖ്യത്തിൽ പ്രതിരോധ സംവിധാനങ്ങൾ ഒരുക്കേണ്ടത് അനിവാര്യമാണെന്ന് 'വിശ്വാസ്' (വിക്റ്റിംസ് ഇൻഫർമേഷൻ സെൻസിറ്റൈസേഷൻ വെൽഫയർ ആൻഡ് അസിസ്റ്റൻസ് സൊസൈറ്റി) നടത്തിയ ശിൽപശാല വിലയിരുത്തി. കുട്ടികൾ കുറ്റവാളികളാക്കപ്പെടുന്നതിനുള്ള സാമൂഹിക സാഹചര്യം ഗൗരവമായി പരിഗണിക്കേണ്ടതാണ്. ശിക്ഷാ കാലാവധി കഴിഞ്ഞ് ദുർഗുണ പരിഹാര പാഠശാലകളിൽ നിന്നും ജുവനൈൽ ഹോമുകളിൽ നിന്നും പുറത്തിറങ്ങുന്ന കുട്ടികൾക്ക് എന്ത് സംഭവിക്കുന്നുവെന്നതിനെക്കുറിച്ചും ചിന്തിക്കണം. മാതാപിതാക്കൾ, അധ്യാപകർ, സാമൂഹികപ്രവർത്തകർ, സാമൂഹിക നീതി വകുപ്പ്, പൊലീസ്, ശിശു സംരക്ഷണ ഏജൻസികൾ, മറ്റ് നിർവഹണ സ്ഥാപനങ്ങൾ എന്നിവ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നയങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. ഇതു സംബന്ധിച്ച് ദേശീയതലത്തിൽ നടത്തിയ പഠനത്തിൽ കേരളത്തെ ഉൾപ്പെടുത്തിയിരുന്നു.

'കുട്ടികളും കുറ്റകൃത്യങ്ങളും' സെമിനാർ അസിസ്റ്റന്റ് കലക്ടർ ശ്രീധർ ചാമക്കുഴി ഉദ്ഘാടനം ചെയ്തു. ശിശുക്ഷേമ സമിതി മുൻ ചെയർമാൻ വി.പി.കുര്യാക്കോസ്, 'വിശ്വാസ്' വൈസ് പ്രസിഡന്റ് എസ്.ശാന്താദേവി, സെക്രട്ടറി പി.പ്രേംനാഥ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ചൈൽഡ് ലൈൻ, ജില്ലാ ശിശു സംരക്ഷണ ഓഫിസ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ശിശുസംരക്ഷണ മേഖലയിൽ മികച്ച സേവനം ചെയ്ത മലമ്പുഴ ആശ്രമം സ്കൂളിലെ കൗൺസലർ മണികണ്ഠനെ ആദരിച്ചു.

**കുട്ടികൾ കുറ്റകൃത്യങ്ങളിലേർപ്പെടുന്നതിനു കാരണങ്ങൾ:**

- സമൂഹത്തിലും കുടുംബത്തിലും നഷ്ടമാകുന്ന മൂല്യങ്ങൾ
- കൗമാരത്തിൽ ശരീരത്തിലുണ്ടാകുന്ന ഹോർമോൺ വ്യതിയാനങ്ങൾ
- ശാരീരിക അധ്വാന, കായിക പ്രവർത്തനങ്ങളുടെ കുറവ്
- രക്ഷിതാക്കളുടെ മോശമായ പെരുമാറ്റം
- അധ്യാപക- വിദ്യാർഥി ബന്ധത്തിലെ അകലം. സ്കൂളിൽ നിന്നുള്ള ബോധവൽക്കരണക്കുറവ്
- രക്ഷിതാക്കളുടെ ശ്രദ്ധയില്ലായ്മ
- സ്വഭാവ വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള കാലതാമസം

# മൃത്യുഞ്ജയന് യാത്രയയപ്പ്

പാലക്കാട്: റീജിയണൽ ഡയറക്ടറായി ഉദ്യോഗകയറ്റം ലഭിച്ച് തിരുവനന്തപുരത്തേയ്ക്ക് സ്ഥലം മാറിപോകുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസർ ആർ.മൃത്യുഞ്ജയന് വിശ്വാസിന്റേയും, ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയും നേതൃത്വത്തിൽ യാത്രയയപ്പ് നൽകി. ചെയർമാൻ ഡോ. ജോസ് പോൾ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ കെ.രാമചന്ദ്രൻ ഉപഹാരം നൽകി. അഡ്വ. എസ്.ശാന്താ ദേവി, വി.എം.കേശവൻ, പ്രഫുല്ലദാസ്, ആർ.സി.ജയരാജൻ, അഡ്വ.റീന അരുൺരാജ്, എന്നിവർ സംസാരിച്ചു. വിശ്വാസ് സെക്രട്ടറി പി.പ്രേംനാഥ് സ്വാഗതവും ചൈൽഡ് വൈൻ കോ-ഓർഡിനേറ്റർ സുഷമ.എസ് നന്ദിയും പറഞ്ഞു.



റീജിയണൽ ഡയറക്ടറായി ഉദ്യോഗകയറ്റം ലഭിച്ച് തിരുവനന്തപുരത്തേയ്ക്ക് സ്ഥലം മാറിപോകുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസർ ആർ.മൃത്യുഞ്ജയന് വിശ്വാസിന്റേയും, ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയും നേതൃത്വത്തിൽ യാത്രയയപ്പിൽ ജില്ലാ കളക്ടർ കെ.രാമചന്ദ്രൻ ഉപഹാരം നൽകുന്നു

# കുറ്റകൃത്യത്തിൽ പ്രതിയായും വാദിയായും കേസിൽ പെടാതെ നോക്കണം: ഡോ.പി.എം.നായർ

പാലക്കാട് ● കുറ്റകൃത്യങ്ങളുടെ ഭാഗമായി പ്രതിയായും വാദിയായും കോടതികളിൽ എത്തരുതെന്നു വിദ്യാർഥികളോട് ഡോ. പി.എം. നായർ. ക്രിമിനൽകുറ്റകൃത്യങ്ങളിൽ അകപ്പെടാൻ ഒരിക്കലും സാഹചര്യം ഉണ്ടാക്കരുതെന്നും അദ്ദേഹം അഭ്യർഥിച്ചു.

ഏതുവിധത്തിലായാലും കോടതിയിലെത്തിയാൽ നടപടികൾ എന്നുതീരുമെന്ന് പറയാനാവില്ല. വാദിയായാലും പ്രതിയായാലും ഭാവിയെ അതു സാരമായി ബാധിക്കും. പെട്ടന്നുള്ള ആവേശത്തിൽ ആലോചനയില്ലാതെയാണ് ഒരോ സംഭവങ്ങളിൽ ചെന്നുചാടുന്നത്. പിന്നീടുണ്ടാകുന്ന സങ്കീർണമായ പ്രശ്നങ്ങൾ സ്വയമാണ് അനുഭവിക്കേണ്ടത്. കുട്ടികൾ മാത്രമല്ല രക്ഷിതാക്കളും ഇക്കാര്യത്തിൽ അതീവജാഗ്രതപുലർത്തേണ്ടതുണ്ടെന്ന് യുഎൻമനുഷ്യക്കടത്ത് നിരോധനവിഭാഗം മുൻമേധാവികൂടിയായ ഡിജിപി പിഎം. നായർ ആവശ്യപ്പെട്ടു.. ധോണി ലീഡ് കോളജ് ഓഫ് മാനേജ്മെന്റിൽ വിശ്വാസിന്റെ സന്നദ്ധപ്രവർത്തകർക്കായി കുറ്റകൃത്യങ്ങളും വിദ്യാർഥികളും എന്ന വിഷയത്തിൽ ക്ളാസെടുക്കുകയായിരുന്നു അദ്ദേഹം. മനുഷ്യക്കടത്ത്, മായം കലർത്തൽ എന്നീ കുറ്റകൃത്യങ്ങൾക്കു മുൻപിൽ കാഴ്ചക്കാരായി നോക്കിനിൽക്കാതെ



ധോണി ലീഡ്സ് കോളജ് ഓഫ് മാനേജ്മെന്റിൽ നടന്ന വിശ്വാസ് സന്നദ്ധപ്രവർത്തകരുടെ പരിശീലനം മുൻ ഡിജിപി ഡോ. പി.എം.നായർ ഉദ്ഘാടനം ചെയ്യുന്നു

പ്രശ്നങ്ങൾ പൊതുസമൂഹത്തിനുമുൻപിൽ എത്തിക്കണം.

ലീഡ് കോളജ് ഓഫ് മാനേജ്മെന്റ് ചെയർമാൻ ഡോ. കെ. തോമസ് ജോർജ് അധ്യക്ഷനായിരുന്നു. വിശ്വാസ് സെക്രട്ടറി അഡ്വ.പി.പ്രേംനാഥ്, വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു

# Laws Should Keep up with Times: Ex-Maharashtra Guv

**Express News Service**

**Palakkad:** Former Maharashtra Governor K Sankaranarayanan on Tuesday said that laws should be framed in conformity to the present situation and taking the social changes taking place in society into account.

He was speaking after inaugurating the seminar on 'Role of society in crime prevention' organised by the NGO, Viswas, at a function held here.Sankaranarayanan said that it was the duty of the parents to bring up their children as responsible and good citizens.

He also conferred the lifetime achievement award on former IG V K Rajan on the occasion.He said that former Inspector General V K Rajan was fearless and honest in his ways. He had not gone after laurels while in service.



**Former Governor K Sankaranarayanan speaking after inaugurating the seminar organised by Viswas at a function held in Palakkad on Tuesday**

Justice Chettur Shankaran Nair, who presided over the meet, said that imposing harsher and strict punishments for offences alone would not suffice but it should be ensured that the guilty get his due.

Former DGP P M Nair, who delivered the keynote address, said that, while preventing crimes and ensuring justice, the welfare of the victim should be ensured.

District Collector P Marykutty welcomed the gathering. Viswas office bearers P Premnath, Adv Santha Devi, Adv T Reena and Jose Paul offered felicitations.



ചിറ്റൂർ ഗവ. വിക്ടോറിയ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ വിശ്വാസ്, എൻഎസ്എസ് യൂണിറ്റ് എന്നിവയുടെ നേതൃത്വത്തിൽ വേൾഡ് ഹ്യൂമൻ ട്രാഫിക്കിങ് ഡേയുടെ ഭാഗമായി നടന്ന ക്ലാസ് വിശ്വാസ് വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ് ഉദ്ഘാടനം ചെയ്യുന്നു.

# സോഷ്യൽ മീഡിയ സൗഹൃദങ്ങൾ അതിർവരമ്പുകൾ അറിയുന്നില്ല

ചിറ്റൂർ● സോഷ്യൽ മീഡിയകളിലൂടെ സൗഹൃദത്തിലാകുന്ന പെൺകുട്ടികൾ പലപ്പോഴും ആ സൗഹൃദത്തിന്റെ അതിർ വരമ്പുകൾ അറിയാതെ പോകുന്നത് അവരെ പല അപകടങ്ങളിലേക്കും കൊണ്ടെത്തിക്കുന്നുവെന്ന് 'വിശ്വാസ്' വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ്.

ലോക ആന്റി ഹ്യൂമൺ ട്രാഫിക്കിങ് ഡേയുടെ ഭാഗമായി ഗവ. വിക്ടോറിയ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ വിശ്വാസും എൻഎസ്എസ് യൂണിറ്റും സംയുക്തമായി നടത്തിയ ബോധവൽക്കരണ ക്ലാസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ വശീകരിച്ച് തട്ടിക്കൊണ്ടു പോയി പല തെറ്റായ കാര്യങ്ങൾക്കും പ്രേരിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ സ്കൂൾ അധികൃതരെയോ പൊലീസിനെയോ സ്കൂളിലെ കൗൺസിലറെയോ വിവരമറിയിക്കണമെന്നും അവർക്കു വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കാൻ ധാരാളം സംഘടനകൾ നിലവിലുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കുട്ടികൾ വഴിതെറ്റാതിരിക്കാൻ അവരെ ആവശ്യമുള്ള സമയത്ത് നിയന്ത്രിക്കാൻ കുടുംബാംഗങ്ങൾ വഴികാട്ടികളാവണമെന്നും ക്ലാസെടുത്ത പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. പി. പ്രേംനാഥ് പറഞ്ഞു. കേരളത്തിൽ ഇന്നു നിലനിൽക്കുന്ന മനുഷ്യക്കടത്തിൽ 58 ശതമാനവും സ്ത്രീകളാണ്. 27 ശതമാനം കുട്ടികളും. പെൺകുട്ടികളെ ലൈംഗിക അതിക്രമങ്ങൾക്കും ആൺകുട്ടികളെ വിദേശ രാജ്യങ്ങളിലേക്ക് കിഡ്നി പോലുള്ള ശരീരഭാഗങ്ങൾ മുറിച്ചു വിൽക്കാനുമാണ് ഉപയോഗിക്കുന്നതെന്ന് അഡ്വ. പി. പ്രേംനാഥ് പറഞ്ഞു.

പിടിഎ പ്രസിഡന്റ് സി. കാർത്തികേയൻ അധ്യക്ഷനായി. പ്രിൻസിപ്പൽ ഇൻ ചാർജ് എൻ.ആർ. രജിത, സിഐഎ.എം. സിദ്ദീഖ്, ഗോവിന്ദൻകുട്ടി, അഡ്വ. ഗിരീഷ്മേനോൻ പ്രസംഗിച്ചു.

മം പരിഹരിക്കണമെന്നും 12-ാം

ദാസ്(പ്രസി), ലക്ഷ്മി നാരായ

# റാഗിങ് വിചാരണയ്ക്ക് പ്രത്യേക കോടതി വേണം: മനുഷ്യാവകാശ കമ്മിഷൻ

പാലക്കാട് ● റാഗിങ് കേസുകളുടെ വിചാരണ വേഗത്തിലാക്കാൻ സംസ്ഥാനത്ത് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ അധികാരത്തിൽ പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്നു മനുഷ്യാവകാശ കമ്മിഷൻ അംഗം ആർ. നടരാജൻ അഭിപ്രായപ്പെട്ടു. കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന 'വിശ്വാസി'ന്റെ നേതൃത്വത്തിൽ റാഗിങ് നിരോധന നിയമത്തെക്കുറിച്ചു നടത്തിയ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.




പാലക്കാട്ട് വിശ്വാസിന്റെ നേതൃത്വത്തിൽ നടന്ന റാഗിങ് നിരോധന നിയമ ശിൽപശാല മനുഷ്യാവകാശ കമ്മിഷൻ അംഗം ആർ.നടരാജൻ ഉദ്ഘാടനം ചെയ്യുന്നു

റാഗിങ് സംബന്ധിച്ച പരാതിയുണ്ടായാൽ കോളജിന്റെ തലവനു രേഖാമൂലം പരാതി നൽകണമെന്നാണു 98ലെ റാഗിങ് നിരോധന നിയമത്തിലുള്ളത്.

ഈ കാലഘട്ടത്തിൽ ഇ-മെയിൽ, എസ്എംഎസ് തുടങ്ങിയ മാധ്യമങ്ങൾ വഴി ലഭിക്കുന്ന പരാതിപോലും സ്വീകരിക്കാനുള്ള വ്യവസ്ഥകളും നിയമത്തിൽ വേണം. അധ്യാപക-വിദ്യാർഥി ബന്ധങ്ങളുടെയും കുടുംബബന്ധങ്ങളുടെയും ശിഥിലീകരണമാണു പലപ്പോഴും വിദ്യാർഥികളെ അക്രമങ്ങളിലേക്കു നയിക്കുന്നതെന്നും ആർ. നടരാജൻ അഭിപ്രായപ്പെട്ടു. റാഗിങ് പോലുള്ള നിയമവിരുദ്ധ പ്രവൃത്തികളിൽ ഏർപ്പെടില്ലെന്നു പ്രവേശന സമയത്തു വിദ്യാർഥികളിൽനിന്നു സത്യവാങ്മൂലം എഴുതി വാങ്ങണമെന്ന നിർദേശം പല സ്ഥാപനങ്ങളും പാലിക്കുന്നില്ലെന്നു കൊളീജിയറ്റ് എജ്യുക്കേഷൻ ഡപ്യൂട്ടി ഡയറക്ടർ എൻ.പി. ഇസ്ഹാഖ് പറഞ്ഞു. വിശ്വാസ് പ്രസിഡന്റായ കലക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷനായി. അഡ്വ. ടി. റീന ജയ്ജിത്ത്, ശിശുക്ഷേമ സമിതി ചെയർമാൻ ഡോ. ജോസ് പോൾ, അഡ്വ. എസ്. ശാന്താദേവി, ചൈൽഡ് പ്രൊട്ടക്ഷൻ ഓഫിസർ ആർ. പ്രഫുല്ലദാസ്, ബി. ജയരാജൻ, വി.പി. കുര്യാക്കോസ്, അഡ്വ. പി. പ്രേംനാഥ് എന്നിവർ പ്രസംഗിച്ചു.




പാലക്കാട് മേഴ്സി കോളജിൽ വിശ്വാസ് നടത്തിയ സെമിനാറിൽ നൈജീരിയൻ ലോഗോസ് സർവകലാശാലയിലെ സാമൂഹിക ശാസ്ത്രജ്ഞൻ ഡോ. ജോൺസൺ അയോഡെലെ പ്രസംഗിക്കുന്നു.

# മേഴ്സി കോളജിൽ വിശ്വാസ് സെമിനാർ നടത്തി

പാലക്കാട് • സാമൂഹിക ക്ഷേമത്തിലധിഷ്ഠിതമായ വിദ്യാഭ്യാസം വഴി മനുഷ്യസംസ്കാരത്തെ സമ്പുഷ്ടമാക്കാൻ സാധിക്കുമെന്ന് നൈജീരിയൻ ലോഗോസ് സർവകലാശാലയിലെ സാമൂഹികശാസ്ത്രജ്ഞൻ ഡോ. ജോൺസൺ അയോഡെലെ. വിശ്വാസ് മേഴ്സി കോളജ് സാമൂഹിക ശാസ്ത്ര വകുപ്പിന്റെ സഹകരണത്തോടെ നടത്തിയ സെമിനാറിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സാമൂഹിക ക്ഷേമ വിദ്യാർഥികൾക്കായി വിശ്വാസം ആരംഭിച്ച വൊളന്റിയർ ഗ്രൂപ്പ് ജില്ലാ കലക്ടർ പി.മേരിക്കുട്ടി ഉദ്ഘാടനം ചെയ്തു.

വിശ്വാസ് സെക്രട്ടറി അഡ്വ. പി.പ്രേംനാഥ് അധ്യക്ഷത വഹിച്ചു. വി.പി.കുര്യാക്കോസ്, എസ്. ശാന്താദേവി, ഫാ.ഡോ.ജോസ്പോൾ, ടി.പി.കൃഷ്ണകുമാർ, പ്രഫുല്ലദാസ്, അനുപമ, ദീപ, എം.എസ്.സൗമ്യ എന്നിവർ പ്രസംഗിച്ചു. ധോണി ലീഡ് കോളജ് ഓഫ് മാനേജ്മെന്റിൽ നടത്തിയ സെമിനാറിൽ സാമൂഹിക വികസനത്തിൽ മാനേജ്മെന്റ് വിദ്യാർഥികളുടെ പങ്ക് വിഷയത്തിലും ഡോ. ജോൺസൺ അയോഡെലെ ക്ലാസെടുത്തു. കോളജ് ചെയർമാൻ ഡോ.തോമസ് ജോർജ് അധ്യക്ഷത വഹിച്ചു.



പാലക്കാട്ട് വിശ്വാസിന്റെ നേതൃത്വത്തിൽ നടത്തിയ സെമിനാറിൽ ഡോ. സുനിതാ കൃഷ്ണൻ പ്രസംഗിക്കുന്നു

# സ്ത്രീകൾക്കെതിരായ അക്രമങ്ങളിലെ നിസംഗത അപകടം: സുനിത കൃഷ്ണൻ

പാലക്കാട് ● ചെറിയ കാര്യങ്ങൾക്കുപോലും സമരവും പണിമുടക്കും നടത്തുന്ന കേരളം, സ്ത്രീകളും പെൺകുട്ടികളും പീഡിപ്പിക്കപ്പെടുമ്പോൾ നിസംഗത പാലിക്കുന്നതു സ്ത്രീകളോടുള്ള സമൂഹത്തിന്റെ മനോഭാവമാണു കാണിക്കുന്നതെന്നു പ്രമുഖ സാമൂഹിക പ്രവർത്തകയും വനിതാ വുമൺ ഓഫ് ഇയർജേതാവുമായ ഡോ. സുനിത കൃഷ്ണൻ.

ക്രൂരമായ ലൈംഗീക പീഡനത്തിന് ഇരയായി ജിഷ കൊല്ലപ്പെട്ടപ്പോൾ ആരും ബന്ദും പൊതുപണിമുടക്കും നടത്തിയില്ല. സ്ത്രീകളെ അത്രയൊക്കെ പരിഗണിച്ചാൽ മതി എന്ന നിലപാട് അപകടമാണ്. പെലീസും ജുഡീഷ്യറിയും പൊതുസമൂഹവും സംയുക്ത നീക്കങ്ങളിലൂടെ ഇത് ഇല്ലാതാക്കണം. ഇരകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് നടത്തിയ ക്ലാസിൽ പ്രസംഗിക്കുകയായിരുന്നു സുനിത കൃഷ്ണൻ.

കേസ് നടപടികൾക്കു പൊലീസും കോടതിയും ആശുപത്രിയും പരസ്പരം ഒന്നിക്കുന്ന വേദിയാണു വേണ്ടത്. ഇരകൾക്കു പരമാവധി ആത്മവിശ്വാസം നൽകുന്നതു കേസ് നടത്തിപ്പിനെ സഹായിക്കും. സ്ഥാപനങ്ങളിലെ പീഡനങ്ങൾ സംബന്ധിച്ചു പൊലീസിനു റിപ്പോർട്ടുചെയ്തില്ലെങ്കിൽ അധികൃതർക്കെതിരെ കേസെടുക്കാമെന്ന വ്യവസ്ഥ കൃത്യമായി പാലിക്കണം. ശൈശവ വിവാഹം മറച്ചുപിടിക്കുന്ന ശിശുക്ഷേമസമിതി അംഗങ്ങൾക്കെതിരെ ബലാത്സംഗത്തിനു കേസെടുക്കണം. ആൺകുട്ടികൾക്കെതിരെയുള്ള പീഡനങ്ങളും വർധിച്ചുവരുന്നുണ്ടെങ്കിലും അവരെ സംരക്ഷിക്കാൻ പ്രത്യേക ഇടങ്ങളില്ലാത്തതു വലിയ പോരായ്മയാണെന്നും സുനിത അഭിപ്രായപ്പെട്ടു.

വിശ്വാസ് വൈസ് പ്രസിഡന്റ് എം.കെ. കുര്യാക്കോസ് അധ്യക്ഷനായിരുന്നു. സെക്രട്ടറി പി. പ്രേംനാഥ്, വൈസ് പ്രസിഡന്റ് പി. ശാന്തകുമാരി, ജോയിന്റ് സെക്രട്ടറി ടി. റീന, ചൈൽഡ് പ്രൊട്ടക്ഷൻ ഓഫിസർ പ്രഫുല്ലദാസ്, ശിശുക്ഷേമസമിതി ചെയർമാൻ ഡോ. ഫാ. ജോസ് പോൾ, എന്നിവർ പ്രസംഗിച്ചു.

# ലൈംഗികാതിക്രമങ്ങൾ: ഇരകൾക്ക് കൂടുതൽ സുരക്ഷ വേണമെന്ന് ഡോ. സുനിത കൃഷ്ണൻ



ജില്ലാപഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ ഡോ. സുനിത കൃഷ്ണൻ പ്രഭാഷണം നടത്തുന്നു

**പാലക്കാട്:** ലൈംഗിക കുറ്റകൃത്യങ്ങൾക്കിരയായവരെ മൊഴി മാറ്റിപ്പറയിപ്പിച്ച് പ്രതികൾ രക്ഷപ്പെടുന്ന സാഹചര്യമാണ് ഇപ്പോഴുള്ളതെന്ന് സാമൂഹ്യപ്രവർത്തക ഡോ. സുനിത കൃഷ്ണൻ.

'സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങൾ: നൂതനപ്രവണതകൾ' എന്ന വിഷയത്തിൽ ജില്ലാ പഞ്ചായത്ത് ഹ ളിൽ പ്രഭാഷണം നടത്തുകയായിരുന്നു അവർ.

ഇരയുടെ ക്ഷേമത്തിനായി സമൂഹത്തിന്റെ ഇടപെടൽ അന വാര്യമാണ്. രക്ഷിതാക്കളെ ഭീഷണിപ്പെടുത്തിയും സമ്മർദത്ത ലാക്കിയും കേസ് പിൻവലിപ്പിക്കാറുണ്ട്. കേസ് വിളിക്കുന്നതു രെ ഇരയും പ്രതിയും കോടതിവരാന്തയിൽ അടുത്തടുത്തായി ക്കും നിൽക്കുക. പലപ്പോഴും പ്രതിയുടെ ഒരു നോട്ടം മതി, ഇര തറാൻ. ഭീഷണി ഭയന്ന് മൊഴിമാറ്റാൻ നിർബന്ധിതരാകും.

ഈ സാഹചര്യം ഒഴിവാക്കാൻ ഇരകൾക്ക് പ്രത്യേകം വിശ്രമ റി വേണം. വിശ്വാസിന്റെ ആഭിമുഖ്യത്തിൽ നടന്ന പരി പാ യിൽ വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ് അധ്യക്ഷനായ അസി. കളക്ടർ എൻ.എസ്.കെ. ഉമേഷ്, ചൈൽഡ് വെൽഫെ യർ കമ്മിറ്റി ജില്ലാചെയർമാൻ ഫാ. ജോസ് പോൾ, പി. പ്രേംനാ ടി. റീന, ശാന്താദേവി, പ്രഫുല്ലദാസ് തുടങ്ങിയവർ സംസാരിച്ചു.

# താറാവുക്കൂട്ടത്തിൽ നിന്നു കുട്ടികളെ രക്ഷപ്പെടുത്തി



കുട്ടികളെ പൊലീസിനു കൈമാറുന്നു

പത്തിരിപ്പാല ● താറാവുക്കൂട്ടത്തോടൊപ്പം കഴിയുകയായിരുന്ന മൂന്നു കുട്ടികളെ രക്ഷപ്പെടുത്തി ചെൽഡ്‌ലൈൻ പ്രവർത്തകർക്കു കൈമാറി. പേരൂർ പാറപ്പളത്തു നിന്നാണ് ഇന്നലെ മൂന്നു കുട്ടികളെ രക്ഷപ്പെടുത്തിയത്. ആന്ധ്രപ്രദേശിലെ പൽമനാർ ജില്ലയിലെ സ്വദേശികളായ ഗംഗയ്യ(11), പുരുഷോത്തമൻ(10), കുമാർ(14) എന്നീ കുട്ടികളെയാണ് താറാവ് സംഘത്തിൽ നിന്നു രക്ഷിച്ചത്. രക്ഷിതാക്കൾ 15000 രൂപയ്ക്കാണു താറാവ് സംഘത്തിനു കുട്ടികളെ കൈമാറിയതെന്നു രക്ഷപ്പെട്ട കുട്ടികൾ പറഞ്ഞു.

ദിവസങ്ങളായി ഭക്ഷണം പോലും നൽകാതെ ക്രൂരമായ പീഡനമേറ്റിരുന്ന കുട്ടികൾ പ്രദേശവാസികളായ ബിജെപി പ്രവർത്തകരോടു ദുരിതജീവിതം അറിയിക്കുകയായിരുന്നു. വസ്ത്രവും ആവശ്യത്തിനു ഭക്ഷണവും നൽകാതെ ക്രൂരമായി പീഡനം അനുഭവിച്ചു കഴിഞ്ഞിരുന്ന കുട്ടികൾ രാത്രിസമയത്തും താറാവുകൾക്കൊപ്പമാണു കഴിഞ്ഞിരുന്നത്. കുട്ടികളുടെ ശരീരത്തിൽ അടിയേറ്റ പാടുകളും ഉണ്ടായിരുന്നു. ബിജെപി പ്രവർത്തകർ ഒറ്റപ്പാലം പൊലീസിൽ വിവരമറിയിച്ചതിനെ തുടർന്ന് ഗ്രേഡ് എസ്ഐ വേലായുധൻ സ്ഥലത്തെത്തി കുട്ടികളെ ഏറ്റെടുത്തു ചെൽഡ്‌ലൈൻ പ്രവർത്തകർക്കു കൈമാറി. പൊലീസ് സ്ഥലത്തെത്തിയപ്പോൾ താറാവു സംഘത്തിലുണ്ടായിരുന്ന മുതിർന്ന ആൾ സ്ഥലം വിട്ടു. ബിജെപി പ്രവർത്തകരായ പി. വിനോദ്, ലാലുമോഹൻ, കെ. സുനിൽ, പി.മണികണ്ഠൻ, രവിചന്ദ്രൻ, സി.എ. ഹമീദ് എന്നിവരാണു കുട്ടികളെ രക്ഷപ്പെടുത്തിയത്.


24TH OCTOBER
UNITED
NATIONS DAY

# കേസുകളിലെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി നടപ്പായില്ല

സ്വന്തം ലേഖകൻ

**പാലക്കാട്:** ക്രിമിനൽക്കേസുകളിൽ ഇരകളാകുന്നവർക്ക് സർക്കാർഫണ്ടിൽനിന്ന് നഷ്ടപരിഹാരം നൽകുന്ന 'വിക്ടിംസ് കോമ്പൻസേഷൻ സ്കീ'മിന് സർക്കാർ പണം നീക്കിവെച്ചില്ല.

പദ്ധതിക്ക് അംഗീകാരം നൽകിയെന്ന സർക്കാർപ്രഖ്യാപനത്തെത്തുടർന്ന് അപേക്ഷകളുമായി എത്തുന്നവരോട് മറുപടിപറഞ്ഞ് നിയമസേവന അതോറിറ്റി ജീവനക്കാർ മടുത്തു. പദ്ധതിപ്രകാരം സംസ്ഥാനത്ത് ഒരാൾക്കുപോലും നഷ്ടപരിഹാരം കിട്ടിയിട്ടില്ലെന്നാണ് വിവരം. പണം നീക്കിവെക്കണമെന്നതിനുപുറമേ, പദ്ധതിയുടെ നടത്തിപ്പിനുവേണ്ട തുടർനടപടികളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ലെന്നാണ് നിയമവിദഗ്ധരും ജീവനക്കാരും പറയുന്നത്.

ആലപ്പുഴ, പാലക്കാട് തുടങ്ങിയ ജില്ലകളിൽ ഇതിനായി നിരവധിപേർ അപേക്ഷകളുമായി എത്തിയിരുന്നു. എന്നാൽ, ഇവർക്ക് എവിടെനിന്ന് ആര് ഏതു ബില്ലുപ്രകാരം പണം നൽകണമെന്ന് ജീവനക്കാർക്ക് ഒരുപിടിയുമില്ല.

കഴിഞ്ഞ ഫിബ്രവരി 19നാണ് സംസ്ഥാന മന്ത്രിസഭായോഗം പദ്ധതിക്ക് അംഗീകാരം നൽകിയത്. 19തരം കേസുകളിൽപ്പെട്ട ഇരകൾക്കാണ് നഷ്ടപരിഹാരത്തിന് അർഹത. വ്യത്യസ്തകേസുകളിൽ 20,000 രൂപമുതൽ അഞ്ചുലക്ഷംവരെ നൽകും.

ഡൽഹി സംഭവത്തിന്റെ പശ്ചാത്തലത്തിൽ ക്രിമിനൽ പ്രൊസീഡിയർ കോഡ് ഭേദഗതി ചെയ്താണ് ഈ നിർദേശംകൂടി ഉൾപ്പെടുത്തിയത്. 2009 ഡിസംബർ 31ന് നിലവിൽവന്ന നിയമപ്രകാരമുള്ള സ്കീമിനാണ് കഴിഞ്ഞ ഫിബ്രവരിയിൽ സംസ്ഥാനസർക്കാർ അംഗീകാരം നൽകിയത്.

ഇതിനാവശ്യമായ ഫണ്ട് സംസ്ഥാന ലീഗൽ സർവീസ് അതോറിറ്റിയും ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയും കൈകാര്യംചെയ്യാൻ കാബിനറ്റ് തീരുമാനിച്ചു.

മന്ത്രിസഭാതീരുമാനം വന്ന് മാസങ്ങൾ കഴിഞ്ഞിട്ടും ഒരാൾക്കുപോലും സഹായം ലഭിച്ചിട്ടില്ല. ഇരകളെ തിരിച്ചറിയാനുള്ള ഗൈഡ്‌ലൈനുകളോ ഹെഡ് ഓഫ് അക്കൗണ്ടോ നിശ്ചയിച്ചിട്ടില്ല.

# കലക്ടർക്കു മുൻപിൽ വിതുമ്പലോടെ മണിമേഖലയുടെ മാതാപിതാക്കൾ

**മണിമേഖലയുടെ കുടുംബത്തിന്റെ സംരക്ഷണം ഉൾപ്പെടെ എല്ലാ ആവശ്യങ്ങളും ഏറ്റെടുക്കുന്നതായി കലക്ടർ**



കമ്പാലത്തറയിൽ എത്തിയ കലക്ടർ കെ. രാമചന്ദ്രനോടും 'വിശ്വാസ്' പ്രതിനിധികളോടും മണിമേഖലയുടെ മാതാപിതാക്കൾ സംസാരിക്കുന്നു.

വണ്ടിത്താവളം ● മണിമേഖലയുടെ വീട്ടിൽ കലക്ടറെത്തി, മാതാപിതാക്കളുടെ നൊമ്പരംകേട്ടു കലക്ടറുടെ കണ്ണുനിറഞ്ഞു. മകൾ കൊല്ലപ്പെട്ടതിന്റെ ആഘാതം താങ്ങാനാകാതെ മാതാപിതാക്കൾ കലക്ടറോടു മനസ്സു തുറന്നു. മണിമേഖലയുടെ കുടുംബത്തിന്റെ സംരക്ഷണം ഉൾപ്പെടെ എല്ലാ ആവശ്യങ്ങളും ഏറ്റെടുക്കുന്നതായി കലക്ടർ പറഞ്ഞു.

മണിമേഖലയുടെ സഹോദരൻ കാർത്തികേയനെ ഡ്രൈവിങ് പഠിപ്പിക്കാനും കാഷ്വൽ ഒഴിവിലേക്ക് പരിഗണിക്കാനും നടപടി സ്വീകരിക്കും. ഭയാശങ്ക കൂടാതെ ജീവിക്കാനുള്ള സൗകര്യം കുടുംബത്തിന് ഒരുക്കുമെന്നും കലക്ടർ അറിയിച്ചു.

പെരുമാട്ടി പഞ്ചായത്ത് കുട്ടിയുടെ കുടുംബത്തിന് സ്ഥലവും വീടും നൽകുമെന്നു പഞ്ചായത്ത് പ്രസിഡന്റ് കെ. സുരേഷ് പറഞ്ഞു. ഇതിനായി ഇന്നു പെരുമാട്ടി പഞ്ചായത്ത് ഭരണസമിതി യോഗം ചേരും.

ആദിവാസി പെൺകുട്ടികൾക്കായി മീനാക്ഷിപുരത്ത് ഹോസ്റ്റൽ അനുവദിക്കുന്നതിന് സ്ഥലം കണ്ടെത്താൻ കലക്ടർ പഞ്ചായത്തു പ്രസിഡന്റിനു നിർദേശം നൽകി. ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ യോഗം മീനാക്ഷിപുരത്ത് വിളിക്കാനും നിർദേശിച്ചു.

പെൺകുട്ടികളെ സാമൂഹികമായും വിദ്യാഭ്യാസപരമായും മുന്നോട്ടുകൊണ്ടുവരാനും മുഖ്യധാരയിലെത്തിക്കാനും 'വിശ്വാസി'ന്റെ നേതൃത്വത്തിൽ അവബോധം സൃഷ്ടിക്കുമെന്നും കലക്ടർ പറഞ്ഞു.

കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരെ സഹായിക്കാൻ കലക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ച വിശ്വാസിന്റെ നേതൃത്വത്തിൽ അസി. പബ്ലിക് പ്രോസിക്യൂട്ടർ പി. പ്രേംനാഥ്, വൈസ് പ്രസിഡന്റ് കുര്യാക്കോസ്, മാനേജ്മെന്റ് കമ്മിറ്റി അംഗം ഫാ. ജോസ് പോൾ എന്നിവരടങ്ങുന്ന സംഘമാണ് മണിമേഖലയുടെ രക്ഷിതാക്കൾ താമസിക്കുന്ന കമ്പാലത്തറയിലെ വീട്ടിലെത്തിയത്.




വിശ്വാസിന്റെ വാർഷിക ആഘോഷവും വിദ്യാർഥികളുടെ സന്നദ്ധസേനാരൂപീകരണവും സംസ്ഥാന മനുഷ്യാവകാശകമ്മിഷൻ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫിസർ ഐജി.എസ്. ശ്രീജിത്ത് ഉദ്ഘാടനം ചെയ്യുന്നു.

# ഇരകളെ കുറ്റവാളികളുടെ പാളയത്തിൽ എത്തിക്കരുത്: ഐജി ശ്രീജിത്ത്

## വിശ്വാസ് വിദ്യാർഥി സന്നദ്ധസേന രൂപീകരിച്ചു

പാലക്കാട് ● കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ സമൂഹം ഗൗരവമായി കാണുന്നില്ലെന്നു സംസ്ഥാന മനുഷ്യാവകാശകമ്മിഷൻ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫിസർ ഐജി എസ്. ശ്രീജിത്ത്. പ്രതിസ്ഥാനത്തെത്തുന്നവരിലാണു സമൂഹത്തിന്റെ ശ്രദ്ധ മുഴുവൻ. കുറ്റകൃത്യത്തിന് ഇരയാകുന്നവർ സംഭവത്തിനുശേഷം അവഗണിക്കപ്പെടുകയാണ്. ഒറ്റപ്പെടലും നിയമപോരാട്ടത്തിനുള്ള ത്രാണിയില്ലായ്മയും അവരുടെ ജീവിതം ദുരിതമയമാക്കുന്നു. ഇരകൾക്കുവേണ്ടി നിയമങ്ങളുണ്ടെങ്കിലും അതു കാര്യക്ഷമമായി നടപ്പാക്കാൻ സംവിധാനമില്ല. ഈ പീഡിതരുടെ സംരക്ഷണം യുവതലമുറ ഏറ്റെടുക്കണം. കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരെ സഹായിക്കുന്ന വിശ്വാസിന്റെ രണ്ടാംവാർഷികസമ്മേളനവും വിദ്യാർഥികളുടെ സന്നദ്ധസേനാരൂപീകരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇരകളോടുള്ള നമ്മുടെ മനോഭാവം മാറ്റേണ്ടിയിരിക്കുന്നു. നിരന്തരമായ അവഗണന അവരെ കുറ്റവാളികളുടെ പാളയത്തിൽ എത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം. സംരക്ഷണം ആവശ്യപ്പെട്ടു കഴിയുന്നവരായല്ല, ആത്മവിശ്വാസത്തോടെ ജീവിക്കുന്നവരായി പെൺകുട്ടികൾ മാറണം. കായികപരിശീലനം അവരിൽ പ്രതിരോധ മനോഭാവം വളർത്തും.

വിശ്വാസിന്റെ പ്രസിഡന്റുകൂടിയായ ജില്ലാകലക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷനായിരുന്നു. ചൈൽഡ് വെൽഫെയർകമ്മിറ്റി ചെയർമാൻ ഡോ. ജോസ് പോൾ, അഡ്വ. എസ്. ശാന്താദേവി, ആർ.പ്രഫുല്ലദാസ്, ബി. ജയരാജൻ, വിശ്വാസ് സെക്രട്ടറി അഡ്വ. പി. പ്രേംനാഥ്, വൈസ്പ്രസിഡന്റ് വി.പി. കുര്യാക്കോസ്, ട്രഷറർ ഡോ. തോമസ് ജോർജ് എന്നിവർ പ്രസംഗിച്ചു.




വിശ്വാസിന്റെ വാർഷിക ആഘോഷവും വിദ്യാർഥികളുടെ സന്നദ്ധസേനാരൂപീകരണവും സംസ്ഥാന മനുഷ്യാവകാശകമ്മിഷൻ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫിസർ ഐജി എസ്. ശ്രീജിത്ത് ഉദ്ഘാടനം ചെയ്യുന്നു.

# ഇരകളെ കുറ്റവാളികളുടെ പാളയത്തിൽ എത്തിക്കരുത്: ഐജി ശ്രീജിത്ത്

## വിശ്വാസ് വിദ്യാർഥി സന്നദ്ധസേന രൂപീകരിച്ചു

പാലക്കാട് ● കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ സമൂഹം ഗൗരവമായി കാണുന്നില്ലെന്നു സംസ്ഥാന മനുഷ്യാവകാശകമ്മിഷൻ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫിസർ ഐജി എസ്. ശ്രീജിത്ത്.പ്രതിസ്ഥാനത്തെത്തുന്നവരിലാണു സമൂഹത്തിന്റെ ശ്രദ്ധ മുഴുവൻ. കുറ്റകൃത്യത്തിന് ഇരയാകുന്നവർ സംഭവത്തിനുശേഷം അവഗണിക്കപ്പെടുകയാണ്. ഒറ്റപ്പെടലും നിയമപോരാട്ടത്തിനുള്ള ത്രാണിയില്ലായ്മയും അവരുടെ ജീവിതം ദുരിതമയമാക്കുന്നു. ഇരകൾക്കുവേണ്ടി നിയമങ്ങളുണ്ടെങ്കിലും അതു കാര്യക്ഷമമായി നടപ്പാക്കാൻ സംവിധാനമില്ല. ഈ പീഡിതരുടെ സംരക്ഷണം യുവതലമുറ ഏറ്റെടുക്കണം. കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരെ സഹായിക്കുന്ന വിശ്വാസിന്റെ രണ്ടാംവാർഷികസമ്മേളനവും വിദ്യാർഥികളുടെ സന്നദ്ധസേനാരൂപീകരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇരകളോടുള്ള നമ്മുടെ മനോഭാവം മാറ്റേണ്ടിയിരിക്കുന്നു. നിരന്തരമായ അവഗണന അവരെ കുറ്റവാളികളുടെ പാളയത്തിൽ എത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം. സംരക്ഷണം ആവശ്യപ്പെട്ടു കഴിയുന്നവരായല്ല, ആത്മവിശ്വാസത്തോടെ ജീവിക്കുന്നവരായി പെൺകുട്ടികൾ മാറണം. കായികപരിശീലനം അവരിൽ പ്രതിരോധ മനോഭാവം വളർത്തും.

വിശ്വാസിന്റെ പ്രസിഡന്റുകൂടിയായ ജില്ലാകലക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷനായിരുന്നു. ചൈൽഡ് വെൽഫെയർകമ്മിറ്റി ചെയർമാൻ ഡോ. ജോസ് പോൾ, അഡ്വ. എസ്. ശാന്താദേവി, ആർ.പ്രഭുല്ലദാസ്, ബി. ജയരാജൻ, വിശ്വാസ് സെക്രട്ടറി അഡ്വ. പി. പ്രേംനാഥ്, വൈസ്പ്രസിഡന്റ് വി.പി. കുര്യാക്കോസ്, ട്രഷറർ ഡോ. തോമസ് ജോർജ് എന്നിവർ പ്രസംഗിച്ചു.

# ധനലക്ഷ്മിക്കും കുട്ടികൾക്കും സഹായവുമായി വിശ്വാസ്

**പാലക്കാട്:** വീട്ടിലേക്കുള്ള വൈദ്യുതി വിച്ഛേദിക്കപ്പെട്ട മാങ്കാവ് എടയാർ സ്ട്രീറ്റിലെ ധനലക്ഷ്മിക്കും കുട്ടികൾക്കും സഹായവുമായി 'വിശ്വാസ്' എത്തി.

പ്ലസ്ടുവിലും ഏഴാം ക്ലാസിലും പഠിക്കുന്ന കുട്ടികളുടെ കൂടെ ധനലക്ഷ്മി ഭർതൃവീട്ടിലാണ് താമസിച്ചുവന്നിരുന്നത്. ഭർതൃഗൃഹത്തിലെ വഴക്കിന്റെ ഭാഗമായി ഭർതൃമാതാവ് കൊടുത്ത അപേക്ഷ പ്രകാരമാണ് വീട്ടിലേക്കുള്ള വൈദ്യുതിബന്ധം വിച്ഛേദിച്ചത്.

കുട്ടികളുടെ പഠനം തടസ്സപ്പെട്ടതോടെ ഇവർ ജില്ലാ വിമൻ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീലതയെ സമീപിച്ചു. ഗാർഹികപീഡന നിരോധനനിയമപ്രകാരം ധനലക്ഷ്മിക്കും കുട്ടികൾക്കും ഭർതൃവീട്ടിൽ താത്കാലികമായി താമസിക്കാനുള്ള സംരക്ഷണ ഉത്തരവ് പാലക്കാട് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് (2) ആർ. സുനിൽകുമാർ അനുവദിച്ചിരുന്നു.

ഭർതൃമാതാവ് സഹോദരനോടൊപ്പമാണ് താമസം.

ഹർജിക്കാർക്കുവേണ്ടി അഡ്വ. യു. സുരേഷാണ് കോടതി മുമ്പാകെ ഹാജരായത്. കുട്ടികളുടെ പഠനത്തിനും താമസത്തിനും ആവശ്യമായ സോളാർ പാനലുകളും ലൈറ്റുകളും 'വിശ്വാസി'ന്റെയും പ്രോംപ്റ്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെയും സഹകരണത്തോടെ നൂറണിയിലുള്ള 'ബാപ്സ് മൾട്ടി ലിങ്ക്സ്' എന്ന സംരംഭം മുഖേന സ്ഥാപിച്ചു.

'വിശ്വാസ്' വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ്, സെക്രട്ടറി പി. പ്രേംനാഥ്, പാരാലീഗൽ വളണ്ടിയർമാരായ വിക്ടോറിയ, പ്രഭാകരൻ എന്നിവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.



പാലക്കാട്ട് വിശ്വാസ് ജില്ലാ ഓഫിസിന്റെ ഉദ്ഘാടനം ഷാഫി പറമ്പിൽ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

# വിശ്വാസിന്റെ ഓഫിസ് കലക്ടറേറ്റിൽ തുടങ്ങി

പാലക്കാട് ●. കുറ്റകൃത്യങ്ങൾക്ക് ഇരയായവർക്കു നിയമസഹായം ഉൾപ്പെടെ നൽകാൻ ലക്ഷ്യമിട്ടുള്ള വിശ്വാസിന്റെ ഓഫിസ് ഷാഫി പറമ്പിൽ എംഎൽഎ കലക്ടറേറ്റിൽ ഉദ്ഘാടനം ചെയ്തു.

സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് എംഎൽഎ ഫണ്ടിൽ നിന്നു ലക്ഷം രൂപ നൽകുമെന്ന് അദ്ദേഹം അറിയിച്ചു. വിശ്വാസ് പ്രസിഡന്റ് കൂടിയായ കലക്ടർ കെ.രാമചന്ദ്രൻ അധ്യക്ഷനായിരുന്നു. വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ്, സെക്രട്ടറി അഡ്വ.പി. പ്രേംനാഥ്, ജില്ലാ സാമൂഹിക നീതി ഓഫിസർ കെ.മൃത്യുജ്ഞയൻ, ഫാ. ഡോ. ജോസ് പോൾ, മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.എ.ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി പ്രഫുല്ലദാസ്, എഡിഎം കെ.ഗണേഷ് എന്നിവർ പ്രസംഗിച്ചു.

# ആർട്ടിസാൻസ് മഹിളാ സമാജം




വിശ്വാസിന്റെ സന്നദ്ധസേന എലവഞ്ചേരി ലോ കോളജിൽ ജില്ലാ കലക്ടർ കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

# ഇരകളുടെ ക്ഷേമം: വിശ്വാസിന്റെ സന്നദ്ധ സേനയ്ക്ക് തുടക്കമായി

കൊല്ലങ്കോട് • കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനു പ്രവർത്തിക്കുന്ന സംഘടനയായ വിശ്വാസിന്റെ സന്നദ്ധസേനയ്ക്കു തുടക്കമായി. എലവഞ്ചേരി വി.ആർ. കൃഷ്ണനെഴുത്തച്ഛൻ ലോ കോളജിൽ നടന്ന ചടങ്ങിൽ വിശ്വാസിന്റെ ചെയർമാൻ കൂടിയായ കലക്ടർ കെ. രാമചന്ദ്രൻ സേനയുടെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. കുറ്റകൃത്യങ്ങൾക്കും അധികാര ദുർവിനിയോഗത്തിനും അവകാശ നിഷേധത്തിനും ഇരയായവരുടെ ഇടയിൽ നിയമവിദ്യാർഥികൾ പ്രവർത്തിക്കുന്നതു സാധാരണക്കാരനു സുരക്ഷാബോധമുണ്ടാക്കുമെന്നു കലക്ടർ പറഞ്ഞു. ലോ കോളജ് പ്രിൻസിപ്പൽ രാധാ ജി. നായർ അധ്യക്ഷനായിരുന്നു. വിശ്വാസ് സെക്രട്ടറി അഡ്വ. പി. പ്രേംനാഥ് സേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചു വിശദീകരിച്ചു. വൈസ് പ്രസിഡന്റുമാരായ വി.പി. കുര്യാക്കോസ്, ബീനാ ഗോവിന്ദ്, ജോയിന്റ് സെക്രട്ടറി അഡ്വ. പി. ഗിരീഷ് കെ. മേനോൻ, എൻ. അനിൽകുമാർ, പ്രഫ. ടി.എസ്. നിഷ, വിദ്യാർഥി പ്രതിനിധി കെ. കവിത എന്നിവർ പ്രസംഗിച്ചു. ജില്ലയിലെ മുഴുവൻ കോളജ് വിദ്യാർഥികളെയും സേനയിൽ ഉൾപ്പെടുത്തുമെന്നു ഭാരവാഹികൾ അറിയിച്ചു.

# 'Circumstances Force Kids to Crimes'

**Express News Service**

**Palakkad:** It is the circumstances in life which drive a child to commit crimes at an early age. The unpleasant circumstances could arise from their own homes, schools or from society in general and it is the revenge which leads him to do crimes, Justice Chettur Shankaran Nair has said.

He was speaking after inaugurating the seminar on 'Juveniles and Adolescents in Search of Justice', organised as part of the third anniversary of VISWAS, an NGO held at the collectorate conference hall here on Sunday.

One of the main reasons for children taking to crime is his social surroundings and that of the society he is moving with, he said.

**Justice Shankaran Nair said that One of the main reasons for children taking to crime is his social surroundings**

VISWAS vice-president V P Kuriakose presided over the meet. Juvenile Justice Board member Smitha Satheesh who delivered the main speech said the Board needs to be expanded and the mental health of the children who have been branded criminals need to be studied. Viswas secretary P Premnath welcomed the gathering.

# റാഗിങ്: മുഹ്സിന് സഹായവാഗ്ദാനം നൽകി വിശ്വാസ് പ്രവർത്തകർ

ഒറ്റപ്പാലം: എം.ഇ.എസ്. കല്ലടി കോളേജിൽ റാഗിങ്ങിനിരയായ മുഹമ്മദ് മുഹ്സിന് സഹായവാഗ്ദാനവുമായി വിശ്വാസിന്റെ പ്രവർത്തകരെത്തി. കുറ്റകൃത്യങ്ങൾക്കിരയായവരുടെ സഹായത്തിനായി പ്രവർത്തിക്കുന്ന സംഘടനയാണ് വിശ്വാസ്.

ശനിയാഴ്ചയാണ് ചുനങ്ങാട് ചേക്കുമുസ്ലിയാരകത്ത് മുഹമ്മദ് മുഹ്സിനെ വിശ്വാസിന്റെ പ്രവർത്തകർ സന്ദർശിച്ചത്. സർക്കാരിൽനിന്ന് നഷ്ടപരിഹാരം വാങ്ങിനൽകാനാവശ്യമായ നിയമസഹായം പ്രവർത്തകർ വാഗ്ദാനംചെയ്തു.

കോളേജിലെ റാഗിങ്സംഘത്തിനെതിരെ പരാതിനൽകിയതിന്റെ വൈരാഗ്യമാണ് അക്രമത്തിനുപിറകിലെന്ന് മുഹ്സിൻ വിശ്വാസിന്റെ പ്രവർത്തകരോട് പറഞ്ഞു. അധ്യാപകന് പരാതിനൽകിയപ്പോൾ പോലീസിന് പരാതിനൽകാൻ നിർദേശിച്ചതിന്റെ ഭാഗമായാണ് പോലീസിൽ പരാതിനൽകിയത്. പോലീസ് അന്വേഷണത്തിനുവന്നതിന്റെ അടുത്തദിവസമായിരുന്നു ആക്രമണമെന്നും മുഹ്സിൻ പറഞ്ഞതായി വിശ്വാസിന്റെ പ്രവർത്തകനായ പബ്ലിക് പ്രോസിക്യൂട്ടർ പി. പ്രേംനാഥ് പറഞ്ഞു.

അക്രമത്തിന് ഇരയാകുന്നവർക്ക് സർക്കാർസഹായം നൽകണമെന്നാവശ്യപ്പെട്ട് ജില്ലാ ലീഗൽ സർവീസ് അതോറിറ്റിക്ക് പരാതിനൽകുമെന്നും പി. പ്രേംനാഥ് പറഞ്ഞു. 357A വകുപ്പുപ്രകാരം കുറ്റകൃത്യങ്ങൾക്കിരയായവർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാരിന് ഉത്തരവാദിത്വമുണ്ടെന്നും പ്രവർത്തകർ പറയുന്നു. സംഭവത്തിലെ രണ്ടാംപ്രതി ഷാനിലിനെ അറസ്റ്റുചെയ്യണമെന്നും തുടർന്നുള്ള അന്വേഷണത്തിന് കോടതിയുടെ മേൽനോട്ടം വേണമെന്ന് ആവശ്യപ്പെടുമെന്നും ഇവർ പറഞ്ഞു. വിശ്വാസിന്റെ വൈസ്പ്രസിഡന്റ് വി.പി. കുര്യാക്കോസ്, ജോയന്റ് സെക്രട്ടറി ആർ. പ്രഫുല്ലദാസ് എന്നിവരാണ് മുഹ്സിനെ സന്ദർശിച്ചത്.

**ജോലി ഒഴിവ്** (സ്ത്രീകൾ മാത്രം)

**മാർജിൻ ഫ്രീ മാർക്കറ്റ്, പാലക്കാട്**

സ്ത്രീകൾ മാത്രം ജോലി ചെയ്യുന്നതും, 15 വർഷത്തിലേറെ സേവന പാരമ്പര്യമുള്ളതുമായ പാലക്കാട്ടെ പ്രമുഖ സൂപ്പർമാർക്കറ്റിലേക്ക് താമസിച്ചു ജോലി ചെയ്യുവാൻ താൽപര്യമുള്ള പെൺകുട്ടികൾ രക്ഷിതാക്കൾ സഹിതം താഴെ പറയുന്ന മേൽവിലാസത്തിൽ നേരിട്ട് എത്തിച്ചേരേണ്ടതാണ്. ഭക്ഷണവും താമസവും സൗജന്യം.

**മാർജിൻ ഫ്രീ മാർക്കറ്റ്**

മലയാള മനോരമയ്ക്ക് സമീപം, ടി.ബി.റോഡ്, പാലക്കാട്.

ദൂരെയുള്ളവർ മാത്രം വിവരങ്ങൾക്കായി രാവിലെ 8നും ഉച്ചയ്ക്ക് 12നും ഇടയിൽ വിളിക്കുക – 9495987711

# ധനലക്ഷ്മിക്കും മക്കൾക്കും വെളിച്ചമായി വിശ്വാസ്

പാലക്കാട് ● ഭർത്താവിന്റെ വീട്ടിലെ പീഡനത്തെ തുടർന്ന് വൈദ്യുതി വിച്ഛേദിക്കപ്പെട്ട വീട്ടിൽ കഴിഞ്ഞിരുന്ന ധനലക്ഷ്മിക്കും മക്കൾക്കും വെളിച്ചവുമായി വിശ്വാസ് പ്രവർത്തകർ.

മാങ്കാവ് എടയാർസ്ട്രീറ്റിലാണ് അമ്മയും മക്കളും ദുരിതമനുഭവിച്ചിരുന്നത്. പ്ലസ് ടുവിനും ഏഴിലും പഠിക്കുന്ന കുട്ടികൾക്കൊപ്പമാണ് ധനലക്ഷ്മി ഭർത്താവിന്റെവീട്ടിൽ കഴിയുന്നത്. പീഡനത്തെ തുടർന്നുള്ള പരാതിയും നടപടികളും കാരണം ഭർതൃമാതാവിന്റെ അപേക്ഷയനുസരിച്ച് അധികൃതർ വീട്ടിലേക്കുള്ള വൈദ്യുതി വിച്ഛേദിക്കുകയായിരുന്നു. അതോടെ കുട്ടികളുടെപരീക്ഷാപഠനം താറുമാറായി. പ്രശ്നം പരിഹരിച്ചുകിട്ടാൻ അധികൃതരെ പലപ്പോഴായി സമീപിച്ചെങ്കിലും ഫലമുണ്ടായില്ല. കേസിനെ തുടർന്ന് ഭർത്താവ് ഒളിവിലാണെന്നു പൊലീസ് പറഞ്ഞു. ഭർത്താവിന്റെ സഹോദരന്റെ വീട്ടിലാണ് അമ്മ താമസിക്കുന്നത്.

വീട്ടിൽ നിന്നു ധനലക്ഷ്മിയെയും മക്കളെയും ഒഴിവാക്കാനുള്ള സമ്മർദ്ദത്തിന്റെ ഭാഗമായാണ് ഉപദ്രവങ്ങളെന്നു പൊലീസ് സൂചിപ്പിച്ചു.

കുടുംബത്തിന്റെ വിഷമാവസ്ഥ മനസിലാക്കിയ വിശ്വാസ് പ്രവർത്തകർ വീടുസന്ദർശിച്ചു. ജില്ലാ സ്ത്രീപ്രൊട്ടക്ഷൻ ഓഫിസർ ശ്രീലത മുഖേന ഗാർഹിക പീഡന നിരോധന നിയമമനുസരിച്ച് പാലക്കാട് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ നിന്നു ധനലക്ഷ്മിക്കും കുട്ടികൾക്കും വീട്ടിൽ താൽക്കാലികമായി താമസിക്കാനുള്ള ഉത്തരവ് നേടി.

കുടുംബത്തിനു വേണ്ടി അഡ്വ.യു.സുരേഷ്കുമാർ ഹാജരായി. കുട്ടികളുടെ പഠനത്തിനും താമസത്തിനും ആവശ്യമായ സോളർപാനലുകളും ലൈറ്റുകളും വിശ്വാസിന്റെ നേതൃത്വത്തിൽ പ്രോംപ്റ്റ് ചാരിറ്റബിൾ ട്രസ്റ്റാണു നൽകിയത്.

വിശ്വാസ് വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ്, സെക്രട്ടറി പി.പ്രേംനാഥ്, പാരാ ലീഗൽ വൊളന്റിയർമാരായ പിവിക്ടോറിയ, എൻ.പ്രഭാകരൻ എന്നിവർ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.

# വിശ്വാസ് യൂണിറ്റ്

**പാലക്കാട്**: നിയമജ്ഞരും സമൂഹത്തിന് പ്രയോജനപ്പെടണമെന്ന് കളക്ടർ കെ. രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. വിശ്വാസ് സന്നദ്ധ സംഘത്തിന്റെ യൂണിറ്റ് എലവഞ്ചേരി വി.ആർ. കൃഷ്ണനെഴുത്തച്ഛൻ ലോ കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോ കോളേജ് പ്രിൻസിപ്പൽ രാധാ ജി. നായർ അധ്യക്ഷത വഹിച്ചു. വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ് മുഖ്യ പ്രഭാഷണം നടത്തി. വിശ്വാസ് വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ്, കവിത, ബിനാഗോവിന്ദ്, അഡ്വ. ഗിരീഷ് കെ. മേനോൻ, അനിൽകുമാർ എൻ., പ്രൊഫ. ടി.എസ്. നിഷ എന്നിവർ സംസാരിച്ചു.

# VISWAS

**VICTIMS INFORMATION, SENSITISATION, WELFARE & ASSISTANCE SOCIETY**






വിശ്വാസത്തിലെടുക്കാം; നമുക്ക് ഈ വിശ്വാസിനെ (9400933444)

www.facebook.com/viswaspalakkad

# അച്ഛൻ കൈവിട്ടവർക്ക് വിശ്വാസ് തുണയായി

പാലക്കാട് ● അച്ഛൻ വിദ്യാഭ്യാസ ചെലവ് വഹിക്കാൻ തയാറാകാത്തതിനെ തുടർന്ന് ബുദ്ധിമുട്ടിലായ വിദ്യാർഥിക്ക് വിശ്വാസ് തുണയായി.

സ്ത്രീധനപീഡനത്തിനെതിരെ അമ്മ അച്ഛനെതിരെ കോടതിയിൽ പരാതി നൽകിയതിന്റെ വൈരാഗ്യത്തിലാണു മക്കളുടെ പഠനചെലവ്നൽകാൻ അച്ഛൻ വിസമ്മതിച്ചത്. രണ്ടു പെൺകുട്ടികളിൽ ഒരാൾ ബെംഗളൂരുവിൽ ബിഫാമിനും രണ്ടാമത്തെയാൾ പ്ളസ് ടുവിനുമാണു പഠിക്കുന്നത്. വിദ്യാഭ്യാസവായ്പക്ക് ഒപ്പിട്ടു നൽകില്ലെന്നാണു സർക്കാർ ജീവനക്കാരനായ അച്ഛന്റെ തീരുമാനം. ജീവനാംശമായി ലഭിക്കുന്ന ചെറിയ തുകകൊണ്ടാണു കുടുംബം കഴിയുന്നത്. തുടർന്ന് കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് മുൻകൈ എടുത്ത് റോട്ടറി ക്ലബ് ഓഫ് പാലക്കാട് ഈസ്റ്റ്, ചില അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെ വിദ്യാഭ്യാസചെലവ് കണ്ടെത്തുകയായിരുന്നു. ധനസഹായം നൽകൽ ചടങ്ങിൽ വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, റോട്ടറി ക്ലബ് ഓഫ് പാലക്കാട് ഈസ്റ്റ് പ്രസിഡന്റ് പി. ബാലചന്ദ്രൻ, പി. രഘുനന്ദനൻ, പി. ഉണ്ണിക്കൃഷ്ണമേനോൻ, അഡ്വ. പി. ഗോപിനാഥ് എന്നിവർ പ്രസംഗിച്ചു.

# Workshop on Laws against Ragging

**Express News Service**

**Palakkad:** A workshop on laws related to prohibition of ragging will be held under the auspices ofthe Victims Information, Sensitisation, Welfare and Assistance Society (Viswas)at the Public Library hall here on February 24.The workshop aims to create an awareness among teachers and students about the need to check ragging and to report to the authorities.

State Human Rights Commission member R Natarajan will inaugurate the workshop.

# Workshop on laws to curb ragging

**PALAKKAD**: The Palakkad-based Victims Information, Sensitisation, Welfare and Assistance Society (VISWAS) will conduct a workshop on February 24 on laws related to prohibition of ragging.

The workshop ill be held at Public Library Hall. It aims to create awareness among Principals, teachers and student leaders about prevention of ragging.

State Human Rights Commission member R. Natarajan will inaugurate the workshop. District Collector K. Ramachandran and Collegiate Education deputy director M. P. Issahak will address the inaugural session. Assistant public prosecutor P. Premnath and Reena Jaysingh, lwayer, will conduct classes. — Special Correspondent

# റാഗിങ് നിരോധന നിയമം: ശില്പശാല 24ന്

**പാലക്കാട്:** കുറ്റകൃത്യങ്ങൾക്കിരയായവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന 'വിശ്വാസി'ന്റെ ആഭിമുഖ്യത്തിൽ റാഗിങ് നിരോധന നിയമങ്ങളെക്കുറിച്ചുള്ള ശില്പശാല ഫിബ്രവരി 24ന് പാലക്കാട് പബ്ലിക് ലൈബ്രറി ഹാളിൽ നടത്തും. ജില്ലയിലെ പ്രൊഫഷണൽ കോളേജ് അടക്കമുള്ള കോളേജുകളുടെ പ്രിൻസിപ്പൽമാർ, അധ്യാപക പ്രതിനിധികൾ, വിദ്യാർഥിസംഘടനാ പ്രതിനിധികൾ എന്നിവർക്കുവേണ്ടി നടത്തുന്ന ശില്പശാല രാവിലെ പത്തിന് കേരള മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉദ്ഘാടനം ചെയ്യും. കളക്ടറുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ കൊളീജിയറ്റ് ഡെപ്യൂട്ടി ഡയറക്ടർ എം.പി. ഇസ്ഹാക്ക് മുഖ്യ പ്രഭാഷണം നടത്തും.

# സ്ത്രീനിയമ ശിൽപശാല

പാലക്കാട് ● സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങളെ ചെറുക്കുന്ന നിയമങ്ങളെക്കുറിച്ചും അവ നടപ്പിലാക്കേണ്ട രീതിയെക്കുറിച്ചും സാമൂഹിക പ്രവർത്തകർ, പൊലീസ് ഉദ്യോഗസ്ഥർ, നിയമസാക്ഷരതാപ്രവർത്തകർ എന്നിവരെ ബോധവൽക്കരിക്കുന്നതിന് ശിൽപശാല നടത്തും. ജനമൈത്രി പൊലീസ് പാലക്കാട്, വിശ്വാസം, ഹ്യൂമൺ റൈറ്റ്സ് എന്നിവയുടെ നേതൃത്വത്തിലാണ് ശിൽപശാല. 24 ന് ഒൻപതിന് ടൗൺ ഹാൾ അനക്സിൽ നടക്കുന്ന പരിപാടിയിൽ പൊലീസ്, നിയമ, സാമൂഹിക രംഗത്തെ പ്രമുഖർ വിഷയങ്ങൾ അവതരിപ്പിക്കും. താൽപര്യമുള്ളവർക്ക് ബന്ധപ്പെട്ട സംഘടനകൾ മുഖേന പേർ റജിസ്റ്റർ ചെയ്യാം. വനിതാ സെൽ സിഐ-9497987161, വിശ്വാസ്-9400933444, വനിതാസെൽ എസ്ഐ -9446222644, ഹ്യൂമൻ റൈറ്റ്സ് മിഷൻ 8281323001 എന്നീ മൊബൈൽ നമ്പറുകളിലാണ് റജിസ്റ്റർ ചെയ്യേണ്ടത്. സാമൂഹിക നീതിവകുപ്പ്, ജില്ലാ ലീഗൽ സർവീസ് അതോറിറ്റി എന്നിവയുടെ സഹകരണത്തോടെയാണ് ശിൽപശാല സംഘടിപ്പിക്കുന്നത്.

# 'യുവസന്ദേശി'ന് റിപ്പബ്ലിക് ദിനത്തിൽ തുടക്കമാവും

പാലക്കാട്: ജില്ലയിലെ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കിടയിൽ ലഹരിവിരുദ്ധ-സൈബർ-ട്രാഫിക് നിയമങ്ങളിൽ ബോധവത്കരണം നൽകുന്ന 'യുവസന്ദേശ്' പദ്ധതിക്ക് റിപ്പബ്ലിക് ദിനത്തിൽ തുടക്കമാകും. കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന 'വിശ്വാസി'ന്റെയും 'യുവസ്വരാജ്' സോഷ്യൽ വെൽഫെയർ ഫോറത്തിന്റെയും ആഭിമുഖ്യത്തിൽ ജനമൈത്രി പൊലീസ്, എക്സൈസ്, മോട്ടോർ വാഹനവകുപ്പ് എന്നിവരുടെ സഹകരണത്തോടെ ജില്ലയിലെ നൂറോളം സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

യുവസന്ദേശിന്റെ ജില്ലാതല ഉദ്ഘാടനം റിപ്പബ്ലിക് ദിനത്തിൽ രാവിലെ 9.30ന് പണ്ഡിറ്റ് മോത്തിലാൽ മോഡൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ആരോഗ്യ മന്ത്രി വി.എസ്. ശിവകുമാർ നിർവഹിക്കും.

വർത്തമാനം

# യുവസന്ദേശിനു റിപ്പബ്ലിക് ദിനത്തിൽ തുടക്കം

പാലക്കാട് ● ജില്ലയിലെ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കിടയിൽ ലഹരിവിരുദ്ധ-സൈബർ-ട്രാഫിക് നിയമങ്ങളിൽ ബോധവൽക്കരണം നൽകുന്ന യുവസന്ദേശ് പദ്ധതിക്കു റിപ്പബ്ലിക് ദിനത്തിൽ തുടക്കമാകും.

കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിശ്വാസിന്റെയും യുവസ്വരാജ് സോഷ്യൽ വെൽഫെയർ ഫോറത്തിന്റെയും ആഭിമുഖ്യത്തിൽ ജനമൈത്രി പൊലീസ്, എക്സൈസ്, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ജില്ലയിലെ നൂറോളം സ്കൂളുകളിലാണു യുവസന്ദേശ് പദ്ധതി നടപ്പാക്കുന്നത്.

ജില്ലാതല ഉദ്ഘാടനം റിപ്പബ്ലിക് ദിനത്തിൽ രാവിലെ 9.30 നു പിഎംജി ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി വി.എസ്. ശിവകുമാർ നിർവഹിക്കും. ഷാഫി പറമ്പിൽ എംഎൽഎ അധ്യക്ഷത വഹിക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ശാന്തകുമാരി, നഗരസഭാ ചെയർപഴ്സൻ പ്രമീള ശശിധരൻ, ജില്ലാ കലക്ടർ പി. മേരിക്കുട്ടി, ജില്ലാ പൊലീസ് മേധാവി ദീപേഷ്കുമാർ ബെഹ്റ, ഹയർ സെക്കൻഡറി ഉത്തരമേഖലാ ഡപ്യൂട്ടി ഡയറക്ടർ എ. ശിവൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ ഡോ. ജോസ് പോൾ, ആർടിഒ ടി.ജെ. തോമസ്, ഡപ്യൂട്ടി എക്സൈസ് കമ്മിഷണർ കെ.വി. ലാൽകുമാർ, ഡിവൈഎസ്പി മുഹമ്മദ് കാസിം, പിഎംജിഎച്ച്എസ്എസ് പ്രിൻസിപ്പൽ ലീല, വാർഡ് കൗൺസിലർ സഹീദ എന്നിവർ പ്രസംഗിക്കും.

എക്സൈസ് ഇന്റലിജൻസ് ഇൻസ്പെക്ടർ പി.കെ. സതീഷ്, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ കെ. പ്രതാപ് എന്നിവർ ക്ലാസുകൾ നയിക്കുമെന്നു വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, യുവസ്വരാജ് പ്രസിഡന്റ് ഇക്ബാൽ കുനിശ്ശേരി എന്നിവർ അറിയിച്ചു.